
TRICHUR
ARCHDIOCESAN
BULLETIN
ARCHDIOCESE OF TRICHUR
NOVEMBER 2016
82

പാവനസ്മരണയ്ക്ക്



# റവ. ഫാ. ജോർജ്ജ് കണ്ണാത്ത്

(21.11.1929 -11.10.2016)

അതിരൂപതയുടെ

## പ്രാർത്ഥനാഞ്ജലികൾ

TRICHUR
ARCHDIOCESAN
# Bulletin

പുസ്തകം : 83
നവംബർ 2016
ലക്കം : 10

## ഈ ലക്കത്തിൽ


- സർക്കുലർ 5
- കച്ചേരികാര്യം 17
- അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - നവംബർ 21
- സഹായമെത്രാന്റെ പരിപാടികൾ - നവംബർ 23
- ആദരാഞ്ജലികൾ 25
- നാളാഗമം 28
- സാമ്പത്തിക കാര്യാലയം 30
- വൈദികർ 34
- സന്യസ്തർ 37
- സ്ഥാപനങ്ങൾ 42
- സാന്ത്വനം 71
- സംഘടനകൾ 76


*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***
**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

# കരുണയുടെ ജൂബിലി വർഷ പ്രാർത്ഥന

സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ കരുണയുള്ളവരാകുവാൻ ഞങ്ങളെ പഠിപ്പിച്ച ഈശോയെ, എന്നെ കാണുന്നവർ പിതാവിനെ കാണുന്നുവെന്ന് അങ്ങ് അരുളിചെയ്തിട്ടുണ്ടല്ലോ. കർത്താവേ, അങ്ങേ മുഖം ഞങ്ങളെ കാണിക്കണമെ. അങ്ങനെ ഞങ്ങളെല്ലാവരും രക്ഷിക്കപ്പെടട്ടെ. അങ്ങേ കൃപാകടാക്ഷത്താൽ സക്കേവൂസിനേയും മത്തായിയെയും ധനാസക്തിയിൽ നിന്നും പാപിനിയായ സ്ത്രീയേയും മഗ്ദലനാമറിയത്തേയും ലൗകിക മോഹങ്ങളിൽ നിന്നും അങ്ങ് സ്വതന്ത്രരാക്കിയല്ലോ. സ്നേഹം നിറഞ്ഞ അങ്ങേ കടാക്ഷം അങ്ങയെ തള്ളിപ്പറഞ്ഞ പത്രോസിനെ മനം നൊന്തുകരയുവാൻ ഇടയാക്കിയല്ലോ. കരുണാമയനായ ഈശോയെ, പശ്ചാത്തപിച്ച നല്ല കള്ളന് അങ്ങ് പറുദീസ വാഗ്ദാനം ചെയ്തുവല്ലോ. "ദൈവത്തിന്റെ ദാനമെന്തെന്ന് നീ അറിഞ്ഞിരുന്നുവെങ്കിൽ" എന്ന് സമറിയാക്കാരി സ്ത്രീയോടെ അങ്ങ് പറഞ്ഞ വാക്കുകൾ ഇന്ന് ഞങ്ങൾക്ക് മനസ്സിലാക്കിത്തരണമെ. സർവ്വശക്തനെങ്കിലും. എല്ലാവരോടും കരുണയോടെ ക്ഷമിക്കുന്ന പിതാവിനെ, അങ്ങാണല്ലോ ഞങ്ങൾക്ക് കാണിച്ചുതന്നത്. ലോകത്തിൽ മഹിമയോടെ ഉത്ഥാനം ചെയ്ത അങ്ങേ ദൃശ്യമുഖമായി മാറുവാൻ സഭയെ അനുഗ്രഹിക്കണമെ. അജ്ഞതയിലും തെറ്റുകളിലും കഴിയുന്ന മനുഷ്യഹൃദയങ്ങളെ കരുണയോടെ കടാക്ഷിക്കുവാൻ ബലഹീനരായ ശുശ്രൂഷകരെ അങ്ങ് ഒരുക്കിയല്ലോ. അവരെ സമീപിക്കുന്നവരെല്ലാം, ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹവും കരുണയും അനുഭവിച്ചറിയുവാൻ ഇടയാക്കണമെ.

കരുണയുടെ ഈ ജൂബിലി വർഷം കൃപയുടെ വർഷമാകുവാൻ അങ്ങേ പരിശുദ്ധാത്മാവിനെ അയച്ച് ഞങ്ങളേവരേയും അഭിഷേകം ചെയ്യണമെ. അന്ധനുകാഴ്ചയും, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും ദരിദ്രർക്ക് സുവിശേഷവുമായി മാറുവാൻ അങ്ങേ സഭയെ പരിശുദ്ധാത്മ ശക്തിയാൽ ഉജ്ജ്വലിപ്പിക്കണമെ. കരുണയുടെ മാതാവായ മറിയത്തിന്റെ മാദ്ധ്യസ്ഥംവഴി പിതാവിനോടും പരിശുദ്ധ റൂഹായോടുംകൂടെ നിത്യം വാഴുന്ന കർത്താവായ ഈശോയെ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ആമ്മേൻ

**ഫ്രാൻസീസ് മാർപാപ്പ**

2460/2016 C-14
19/10/2016

## സർക്കുലർ

# കരുണയുടെ വിശുദ്ധ ജൂബിലിവത്സര സമാപനം

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, വത്സല മക്കളേ,

ഫ്രാൻസിസ് മാർപ്പാപ്പ പ്രഖ്യാപിച്ച, വിശുദ്ധവത്സരം, കാരുണ്യത്തിന്റെ അസാധാരണ ജൂബിലിവർഷം, 2016 നവംബർ 20ന്, ക്രിസ്തുവിന്റെ രാജത്വതിരുനാൾ ദിനം, കരുണയുടെ വിശുദ്ധ കവാടം അടച്ചുകൊണ്ട് സമാപിക്കുകയാണല്ലോ. രണ്ടാം വത്തിക്കാൻ സൂനഹദോസ് സമാപിച്ചതിന്റെ 50-ാം വാർഷികദിനമായ 2015 ഡിസംബർ 8നാണ് വത്തിക്കാനിൽ വിശുദ്ധവത്സര വാതിൽ 'കരുണയുടെ കവാട' മായി തുറന്നുകൊണ്ട് ഫ്രാൻസിസ് മാർപ്പാപ്പ ജൂബിലി വർഷം ഉദ്ഘാടനം ചെയ്തത്. ഡിസംബർ 13നു നമ്മുടെ അതിരൂപതയിലെ പ്രധാന തീർത്ഥകേന്ദ്രങ്ങളായ തൃശ്ശൂർ പരി. വ്യാകുലമാതാവിന്റെ ബസിലിക്കയിലും പാലയൂരും 'കരുണയുടെ കവാടങ്ങൾ' തുറന്നുകൊണ്ട് ഈ ജൂബിലി വർഷത്തിന് നമ്മുടെ അതിരൂപതയിലും തുടക്കം കുറിച്ചു.

കരുണയുടെ ജൂബിലിവർഷത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപതയിൽ വിവിധ തലങ്ങളിൽ കാരുണ്യ പ്രവർത്തനങ്ങളും മറ്റു പരിപാടികളും സംഘടിപ്പിക്കുന്നതിന് നിങ്ങളേവരും പ്രകടമാക്കിയ താത്പര്യത്തിനും ഉത്സാഹത്തിനും ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. കാരുണ്യവർഷത്തോടനുബന്ധമായുള്ള പ്രവർത്തനങ്ങളുടെ അതിരൂപതാതലത്തിലുള്ള റിപ്പോർട്ട് മാർപ്പാപ്പയുടെ ആവശ്യപ്രകാരം റോമിലേക്ക് അയച്ചുകൊടുക്കുവാനുള്ളതുകൊണ്ട് ഓരോ ഇടവകയും സ്ഥാപനവും സന്യാസഭവനവും നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് എത്രയും വേഗം അതിരൂപതാ കാര്യാലയത്തിൽ സമർപ്പിക്കുമല്ലോ.

കാരുണ്യവർഷത്തിന്റെ സമാപനത്തോടനുബന്ധിച്ച് അതിരൂപതയിൽ നടത്തപ്പെടുന്ന വിവിധ പരിപാടികൾ നിങ്ങളെ അറിയിക്കുന്നതിനും ഇടവക തലത്തിൽ നടത്താവുന്ന ചില കാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ചു മാർഗ്ഗനിർദേശം നല്കുവാനുമാണ് ഞാൻ ഇതെഴുതുന്നത്.

തൃശ്ശൂർ ബസിലിക്കയിൽ 2016 നവംബർ 18ന് വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് ആഘോഷമായ വി. കുർബാനയും കരുണാവർഷത്തോടനുബന്ധിച്ച് ബസിലിക്ക ഇടവക നിർമ്മിച്ചു നൽകുന്ന 7 ഭവനങ്ങളുടെ താക്കോൽദാനവും നടത്തപ്പെടുന്നു.

പാലയൂർ തീർത്ഥകേന്ദ്രത്തിൽ 2016 നവംബർ 13 മുതൽ 19 വരെ കരുണാവാരമായി ആചരിച്ചുകൊണ്ടാണ് കരുണാവർഷം സമാപിക്കുന്നത്. നവംബർ 13ന് തളിയക്കുളത്തിലെ സമൂഹ മാമ്മോദീസയ്ക്കു ശേഷം കരുണയുടെ കർത്താവിന്റെ തിരുസ്വരൂപത്തിനു മുമ്പിൽ കാരുണ്യദീപം കൊളുത്തി കരുണാവാരം ഉദ്ഘാടനം ചെയ്യപ്പെടും. അവിടെ 14-ാം തിയ്യതി അഗതികളെ അതിഥികളായി സ്വീകരിച്ച് യേശുവിന്റെ കരുണയുടെ മുഖം പ്രകാശിതമാക്കും. 15ന് കരുണയുടെ കൺവെൻഷനും ദൈവകരുണയുടെ അനുഭവമായ കുമ്പസാരവും നടത്തപ്പെടുന്നു. 16, 17,18 തിയ്യതികളിൽ ദിവ്യകാരുണ്യനാഥനോടൊപ്പമായിരിക്കുവാൻ 33 മണിക്കൂർ ആരാധന നടത്തുന്നു. 19-ാം തീയതി നാളിതുവരെ തളിയക്കുളത്തിൽ മാമ്മോദീസ സ്വീകരിച്ചവരുടെ സംഗമവും വിശ്വാസപ്രതിജ്ഞയും കരുണാവർഷസമാപനസമ്മേളനവും ഉണ്ടായിരിക്കും. അതോടുകൂടി പാലയൂരിൽ വിശ്വാസകവാടം ആശീർവദിച്ച് തുറക്കുന്നതാണ്.

ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ നവംബർ 20-ാം തിയ്യതി രാവിലെ 7:30ന് ജൂബിലി വർഷ സമാപന ദിവ്യബലി അർപ്പിക്കുന്നു. അതിനു ശേഷം നിർദ്ധനരായ രണ്ട് ഭവനങ്ങൾക്ക് കത്തീഡ്രൽ ഇടവക നിർമ്മിച്ചു നൽകുന്ന രണ്ടു വീടുകളുടെ താക്കോൽദാനവും 10 പാവപ്പെട്ട വീടുകൾ പുനരുദ്ധരിക്കുന്നതിനുള്ള സഹായധന വിതരണവും ക്യാൻസർ രോഗികൾക്ക് കേശദാനവും നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ 4.30 വരെ നടത്തറ എസ്റ്റേറ്റിലെ വി. ജോൺ പോൾ നഗറിൽ ജീസ്സസ് യൂത്തിന്റെയും ലോഫിന്റെയും നേതൃത്വത്തിൽ

യുവജനങ്ങൾക്കു വേണ്ടി ഡിവൈൻ മേഴ്സി കോൺഫറൻസ് നടത്തപ്പെടും. അവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കരുണയുടെ കർത്താവിന്റെ തീർത്ഥാടനകേന്ദ്രത്തിന്റെ ശിലാ വെഞ്ചരിപ്പ് അന്ന് ഉച്ചകഴിഞ്ഞ് 2 മണിക്കും നടത്തുന്നതാണ്.

കാരുണ്യവർഷത്തോടനുബന്ധിച്ച് അതിരൂപതയിലെ വൈദികർ നിർമ്മിച്ചു നൽകുന്ന ഭവനത്തിന്റെ താക്കോൽദാനവും ആശീർവാദവും നവംബർ 20-ാം തിയ്യതി രാവിലെ 11 മണിക്ക് ഒല്ലൂർ ഇടവകയിലും വൈകിട്ട് 4 മണിക്ക് കാരുണ്യവർഷത്തിലെ പ്രധാന സംരഭമായ പാലിയേറ്റീവ് കെയറിനുവേണ്ടിയുള്ള ആശുപത്രിയുടെ ആശീർവാദകർമ്മം പല്ലിശ്ശേരി ഇടവകയിലും നടത്തുന്നു.

കരുണാവർഷ സമാപനത്തോടനുബന്ധമായി ഇടവകകളിലും സ്ഥാപനങ്ങളിലും താഴെപ്പറയുന്ന കർമ്മപരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്:

1. കരുണാവർഷ സമാപനത്തോടനുബന്ധമായി പ്രത്യേക പ്രാർത്ഥനകൾ, വചനപ്രഘോഷണം എന്നിവ സംഘടിപ്പിക്കുക.
2. കരുണക്കൊന്ത ചൊല്ലുക
3. പാവപ്പെട്ടവർക്ക് മരുന്ന്, വസ്ത്രം മുതലായവ വിതരണം ചെയ്യുക
4. സാധിക്കുന്ന ഏതെങ്കിലും ആതുരാലയം സന്ദർശിക്കുക
5. നവംബർ 13 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ കരുണയുടെ കവാടങ്ങളിലേക്ക് (ബസിലിക്ക, പാലയൂർ) തീർത്ഥാടനം നടത്തുക.
6. പാവപ്പെട്ട കുടുംബങ്ങളെ ദത്തെടുക്കുന്ന പദ്ധതിയുടെ (ഗോഡ്സ് ഓൺ ഫാമിലി) വാഗ്ദത്തപത്രം വികാരി വഴി സാന്ത്വനത്തിൽ ഏല്പിക്കുക
7. ഓരോ ഇടവകയിലും സാന്ത്വനപരിരക്ഷ (പാലിയേറ്റീവ് കെയർ) യൂണിറ്റ് സ്ഥാപിക്കുക.

"പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" എന്ന അവിടുത്തെ വചനമനുസരിച്ച് നമുക്ക് തുടർന്നും കാരുണ്യപ്രവർത്തികളിൽ പങ്കാളികളാകാം. മതപീഡനങ്ങളുടെയും ഭീകരവാദങ്ങളുടെയും യുദ്ധഭീഷണിയുടെയും മദ്യം, മയക്കുമരു്, ഭ്രൂണഹത്യ എന്നിങ്ങനെ വർദ്ധിച്ചു വരുന്ന തിന്മകളുടെയും പശ്ചാത്തലത്തിൽ കരുണക്കൊന്ത ചൊല്ലിക്കൊണ്ട് ദിവ്യകാരുണ്യ നാഥനോട് കരുണയ്ക്കായി പ്രാർത്ഥിക്കാം. കരുണയുടെ വിശുദ്ധ ജൂബിലി വർഷത്തിന്റെ എല്ലാവിധ അനുഗ്രഹങ്ങളും സർവ്വശക്തനായ ദൈവം നിങ്ങളിൽ സമൃദ്ധമായി ചൊരിയട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: 1. ഈ സർക്കുലർ 2016 നവംബർ 6ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

2. അതിരൂപതാ അസംബ്ലിയുടെ ഭാഗമായുള്ള അജപാലന സർവ്വേയ്ക്ക് ഒരുക്കമായി നടത്തിയ പഠനസമ്മേളനങ്ങളുടെ റിപ്പോർട്ടുകൾ എത്രയും വേഗം അതിരൂപതാകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

Ref: 2992/K-5/KCBC/OL/DS

19.10. 2016

# 2016 ഡിസംബർ 18 ബൈബിൾ ഞായർ
## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന

## സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഡിസംബർ 18 ഞായറാഴ്ച കേരളസഭ 'ബൈബിൾ ഞായറാ'യും ഡിസംബർ 'ബൈബിൾ പാരായണമാസ'മായും ആഘോഷിക്കുകയാണ്. *സ്നേഹത്തിന്റെ സന്തോഷം* എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പാ കുടുംബങ്ങൾ ശാക്തീകരിക്കുവാൻ സഭയെമുഴുവൻ ആഹ്വാനംചെയ്യുന്ന പശ്ചാത്തലത്തിൽ 'കുടുംബവും ദൈവവചനവും' എന്ന വിഷയം പരിചിന്തനം ചെയ്യുന്നത് ഉചിതമായിരിക്കും. ക്രൈസ്തവകുടുംബങ്ങളെ പടുത്തുയർത്തുന്നതിൽ ദൈവവചനത്തിനു നിർണായക പങ്കുണ്ടെന്നത് നിസ്തർക്കമാണ്.

**കുടുംബങ്ങളും ബൈബിളിലെ രക്ഷാകരചരിത്രവും**

ക്രൈസ്തവ കാഴ്ചപ്പാടിൽ ദൈവം ഏകാന്തതയല്ല, സംസർഗമാണെന്ന് പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ *സ്നേഹത്തിന്റെ സന്തോഷ*ത്തിൽ നമ്മെ ഓർമിപ്പിക്കുന്നുണ്ട്: 'നമ്മുടെ ദൈവം അവിടത്തെ അഗാധതരമായ രഹസ്യത്തിൽ ഏകാന്തതയല്ല, പിന്നെയോ കുടുംബമാണ്' (AL 13). പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കപ്പെടുന്ന മനുഷ്യൻ (ഉത്പ 1,27) കുടുംബമെന്ന ദൈവത്തിന്റെ പ്രതിച്ഛായയിൽ പങ്കുചേരുന്നു. കുടുംബം ദൈവമെന്ന അപരിമേയരഹസ്യത്തിൽ അടിസ്ഥാനമിട്ടിരിക്കുന്നുവെന്നു മാത്രമല്ല, അത് ദൈവികവെളിപ്പെടുത്തലിന്റെ പശ്ചാത്തലവുമാണ്.

കുടുംബകഥകളിലൂടെ വെളിപ്പെടുന്ന രക്ഷാകരചരിത്രമാണ് ബൈബിളിന്റെ ഉള്ളടക്കം എന്നു പറയാം. ആദിമാതാപിതാക്കൾക്കു മാർഗനിർദേശങ്ങൾ നല്കുന്ന ദൈവം (ഉത്പ 2,16-17), നീതിമാനായ

നോഹയ്ക്കും കുടുംബത്തിനും സംരക്ഷണപേടകമൊരുക്കുന്നവൻ (ഉത്പ 7,1), സന്താനങ്ങളില്ലാത്ത വൃദ്ധദമ്പതികളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ജനത്തിനു രൂപംകൊടുക്കുന്നവൻ (ഉത്പ 12,1-3) തുടങ്ങി കുടുംബങ്ങളെ പരിപാലിക്കുകയും നയിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ മിഴിവാർന്ന ചിത്രങ്ങളാൽ ബൈബിളിലെ ആദ്യഭാഗംതന്നെ സമ്പന്നമായിരിക്കുന്നു. അബ്രാഹത്തിന്റെയും യാക്കോബിന്റെയും കുടുംബങ്ങൾ, രക്ഷിക്കുന്ന ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന്റെ പശ്ചാത്തലമാകുന്നത് ഉത്പത്തിഗ്രന്ഥം വിവരിക്കുന്നു. ഇസ്രായേൽ എന്ന കുടുംബത്തിന്റെ പിതാവായി കർത്താവായ ദൈവത്തെ മോശയുടെ ഗീതം ചിത്രീകരിക്കുന്നുണ്ട് (നിയ 32,6). ദൈവവും ഇസ്രായേലുംതമ്മിലുള്ള ബന്ധം വിവരിക്കാൻ പിതാവ്-മകൻ, മാതാവ്-ശിശു, ഭർത്താവ് -ഭാര്യ തുടങ്ങിയ കുടുംബപ്രതീകങ്ങൾ പ്രവാചകർ സമൃദ്ധമായി ഉപയോഗിക്കുന്നു (ഏശ 46,3-4; 66,12-14; ജറെ 2,2). മാതാവിന്റെ മടിയിൽ കിടക്കുന്ന ശിശുവും (സങ്കീ 131,2) ഇസ്രായേൽ ശിശുവായിരുന്നപ്പോൾ ദൈവം ചൊരിഞ്ഞ സ്നേഹവും (ഹോസി 11,1) ബൈബിളിലെ മനോജ്ഞങ്ങളായ കുടുംബക്കാഴ്ചകളാണ്.

മനുഷ്യകുടുംബങ്ങളിലെ സുന്ദരനിമിഷങ്ങൾ മാത്രമല്ല, സംഘർഷങ്ങളും കയ്പുനിറഞ്ഞ അനുഭവങ്ങളും ബൈബിളിൽ വിഷയമാകുന്നു. കായേൻ ആബേലിനെ വധിക്കുന്നിടത്തു തുടങ്ങുന്നതാണ് കുടുംബങ്ങളിലെ അക്രമവും സംഘർഷങ്ങളും. പൂർവപിതാക്കന്മാരായ അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെ കുടുംബങ്ങളിൽനിന്നുപോലും അസ്വസ്ഥതകൾ ഒഴിയുന്നില്ല. ദാവീദിന്റെ കുടുംബത്തെ ചൂഴ്ന്നുനില്ക്കുന്ന പ്രശ്നങ്ങൾ (2 സാമു 15,30-31), തോബിത്തിന്റെ കുടുംബത്തിലെ ദൈന്യതകൾ (തോബിത് 1-2), ജോബിന്റെ ജീവിതത്തിലെ കയ്പേറിയ പരാതികൾ (ജോബ് 19,13-17) തുടങ്ങിയവ സാധാരണങ്ങളായ കുടുംബാനുഭവങ്ങൾക്ക് ബൈബിളിൽ എന്തുമാത്രം പ്രാധാന്യമുണ്ടെന്ന് വ്യക്തമാക്കുന്നു. ഈജിപ്തിലേക്ക് പലായനംചെയ്യേണ്ടിവരുന്ന യേശുവും മാതാപിതാക്കളും (മത്താ 2,13-23) എല്ലാക്കാലങ്ങളിലുമുള്ള അഭയാർഥികുടുംബങ്ങളുടെ നൊമ്പരത്തിലാണ് പങ്കുചേരുന്നത്.

കുടുംബങ്ങൾ ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലിന്റെ വേദികളാകുന്നതും കുടുംബപ്രശ്നങ്ങൾ രമ്യമായി പരിഹരിക്കപ്പെടുന്നതും ബൈബിളിൽ നിരവധി തവണ നാം വായിക്കുന്നുണ്ട്. ഇടയന്മാർ തമ്മിലുള്ള കലഹം ലോത്തും അബ്രാഹവും വേർപിരിയാൻ ഇടയാക്കിയെങ്കിലും (ഉത്പ 13,5-12) ഉദാരമതിയായ അബ്രാഹം ലോത്തിനും കൂട്ടർക്കും അവർക്കിഷ്ടപ്പെട്ട ഫലഭൂയിഷ്ഠമായ ഭൂമി തന്നെ നല്കി. പക്ഷേ, ദൈവം അബ്രാഹത്തെയും കുടുംബത്തെയും പതിന്മടങ്ങ് അനുഗ്രഹിക്കുന്നു. ഭിന്നതകൾ മറന്ന് ഏസാവും യാക്കോബും അനുരഞ്ജനപ്പെടുന്നു (ഉത്പ 33,1-11). തന്നെ ദ്രോഹിച്ച സഹോദരങ്ങളോട് ജോസഫ് കാണിക്കുന്ന അനുകമ്പ സഹോദരങ്ങൾക്കുപോലും വിശ്വസിക്കാനാവുന്നില്ല (ഉത്പ 45,1-8; 50,15-31). കുടുബങ്ങൾക്ക് രൂപംനല്കുകയും അവയെ പരിപാലിക്കുകയും നേർവഴിക്കു നയിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ഇതുപോലുള്ള രക്ഷാകരമായ ഇടപെടലുകൾ കുടുംബങ്ങൾക്ക് പ്രചോദനമേകുന്ന ബൈബിൾ ദൃശ്യങ്ങളാണ്.

**വചനം കുടുംബത്തിന്റെ ജീവസ്രോതസ്സ്**

കുടുംബം സ്വയം മനസ്സിലാക്കുന്നതും അതിന്റെ ആരംഭവും ലക്ഷ്യവും തിരിച്ചറിയുന്നതും അർത്ഥം കണ്ടെത്തുന്നതും ദൈവവചനത്തിലാണ്. ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ *കർത്താവിന്റെ വചനം* (വെർബും ദോമിനി) എന്ന അപ്പസ്തോലികാഹ്വാനം നമ്മെ ഓർമപ്പെടുത്തുന്നുതുപോലെ, ദൈവവചനം നാം ആരെന്നും നമ്മുടെ മനുഷ്യാവസ്ഥയും ജീവിതസായൂജ്യവും പൂർണമായും വെളിപ്പെടുത്തുന്നു (VD 6). വചനം നമ്മെ യഥാർത്ഥജീവനിലേക്കു നയിക്കുന്നു. യേശുവാണ് ജീവൻ നല്കുന്ന വചനം. ജീവന്റെ വചനം ശ്രവിക്കുകയും കാണുകയും സ്പർശിക്കുകയും സൂക്ഷിച്ചു വീക്ഷിക്കുകയും ചെയ്തുവെന്ന് യോഹന്നാൻശ്ലീഹ അവകാശപ്പെടുമ്പോൾ (1 യോഹ 1,1) ജീവന്റെ ഉറവിടമായ യേശുവിനെത്തന്നെയാണ് ഉദ്ദേശിക്കുന്നത്. പത്രോസ്ശ്ലീഹ പറയുന്നതുപോലെ, നിത്യജീവന്റെ വചനങ്ങൾ യേശുവിന്റെ പക്കലാണുള്ളത് (യോഹ 6,68). ജീവൻ സമൃദ്ധിയായി ഉണ്ടാകാൻ കുടുംബങ്ങൾ യേശുവിൽ എത്തിച്ചേരണം.

കുടുംബങ്ങളോടുള്ള യേശുവിന്റെ പ്രത്യേക കരുതലും സ്നേഹവും സുവിശേഷങ്ങളിൽ ഉടനീളം പ്രകടമാണ്. ലാസറിന്റെയും മർത്തായുടെയും മറിയത്തിന്റെയും ഭവനം യേശുവിന്റെ സവിശേഷമായ സ്നേഹത്തിനു സാക്ഷ്യംവഹിച്ചു (ലൂക്ക 10,38-42; യോഹ 11,5) . പത്രോസിന്റെ ഭവനത്തിലും (മത്താ 8,14-15) ജായ്റോസിന്റെ ഭവനത്തിലും (മർക്കോ 5,21-24.35-43) രോഗികളെ യേശു സൗഖ്യപ്പെടുത്തി. സക്കേവൂസിന്റെ ഭവനത്തിന് അവിടന്ന് രക്ഷയേകി (ലൂക്ക 19,1-10). മത്തായിയുടെ വീട്ടിലാകട്ടെ, സമൂഹത്തിൽനിന്ന് തിരസ്ക്കകരിക്കപ്പെട്ട പാപികളോടൊത്ത് യേശു പന്തിഭോജനത്തിൽ പങ്കുചേർന്നു (മത്താ 9,9-13). വചനം മാംസംധരിച്ച യേശുവിന്റെ ഭവനസന്ദർശനങ്ങൾ കുടുംബങ്ങൾക്ക് ജീവന്റെ അനുഭവമായി മാറി.

'കർത്താവായ യേശുവിൽ വിശ്വസിക്കുക നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും' എന്ന പൗലോസിന്റെ വാക്കുകൾ (അപ്പ 16,31) കുടുംബങ്ങൾ സ്വീകരിക്കേണ്ട മാർഗം വ്യക്തമാക്കുന്നു. ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനം യേശുവിനെ കണ്ടെത്തുകയാണ്. വിശുദ്ധഗ്രന്ഥമാണ് യേശുവിലേക്കുള്ള സുനിശ്ചിതമായ മാർഗം. 'വിശുദ്ധ ഗ്രന്ഥം സംബന്ധിച്ച അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്' എന്ന വി.ജെറോമിന്റെ വാക്കുകൾ ഇവിടെ പ്രസ്താവ്യമാണ്. ദൈവവചനത്തിലൂടെ ഇന്ന് നമുക്ക് യേശുവിനെ നമ്മുടെ ഭവനങ്ങളിലേക്ക് ആനയിക്കുവാൻ കഴിയും.

വിശുദ്ധഗ്രന്ഥം വായിക്കുന്ന ഏതൊരു വിശ്വാസിയും യേശുവിനെ കണ്ടെത്തുന്നതോടൊപ്പം തന്റെ കുടുംബസാഹചര്യങ്ങളും അതിൽ കണ്ടെത്തും. കുടുംബങ്ങളിലെ സ്വപ്നങ്ങളും പ്രതീക്ഷകളും, സന്തോഷവും സന്താപവും, ഉയർച്ചയും താഴ്ചയും അതിൽ വിവരിക്കപ്പെടുന്നുണ്ട്. ഓരോരോ കാലഘട്ടങ്ങളിലും സംസ്കാരങ്ങളിലും സാഹചര്യങ്ങളിലും അവയുടെ രൂപഭാവങ്ങൾ മാറുന്നുവെന്നുമാത്രം. തന്റെ ജനത്തെ ദൈവം ജീവന്റെ വഴിയിലൂടെ നടത്തിയതുപോലെ ഇന്നും നമ്മുടെ കുടുംബങ്ങളെ നയിക്കുമെന്നും യേശുവിന്റെ സന്ദർശനത്താൽ അവരെ ധന്യരാക്കിയതുപോലെ നമ്മുടെ കുടുംബങ്ങളെ ധന്യ

മാക്കുമെന്നുമുള്ള വിശ്വാസത്തിലേക്ക് ബൈബിൾവായന നമ്മെ നയിക്കും.

**കുടുംബവും ബൈബിളും**

രക്ഷാകരചരിത്രം ഉൾക്കൊള്ളുന്ന ദൈവവചനം സ്വീകരിക്കുകയും കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് പകർന്നുനല്കുകയും ചെയ്തത് കുടുംബങ്ങളായിരുന്നു. ദൈവം തന്റെ ജനത്തിനായി ചെയ്ത മഹനീയകൃത്യങ്ങൾ കുടുംബങ്ങളിൽ അനുസ്മരിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്തിരുന്നു. ദൈവമായ കർത്താവിന്റെ ചട്ടങ്ങളും പ്രമാണങ്ങളും അനുസരിച്ച് ജീവിതകാലംമുഴുവൻ അവിടത്തെ ഭയപ്പെടുന്നതിനും ദീർഘായുസ്സ് ഉണ്ടാകുന്നതിനുംവേണ്ടി ഇവയുടെ അർത്ഥം മക്കളെ പഠിപ്പിക്കുവാൻ മോശ ഇസ്രായേൽജനത്തെ ഉദ്ബോധിപ്പിക്കുന്നത് നാം നിയമാവർത്തനപുസ്തകത്തിൽ വായിക്കുന്നു (നിയ 6,2-23). ഇസ്രായേൽജനം വിശ്വാസം തലമുറകളിലേക്ക് കൈമാറിയത് കുടുംബങ്ങളിലായിരുന്നു. യേശുവിലുള്ള വിശ്വാസം ആഴപ്പെടുത്താൻ കുടുംബങ്ങളിലെ പ്രാർത്ഥനാപൂർവകവും വിശ്വാസപൂർണവുമായ ബൈബിൾ പാരായണത്തിനു സാധിക്കും.

വചനം വായിക്കുക മാത്രമല്ല, വചനം പഠിക്കുകയും വേണം. ദൈവം തന്റെ സഭയ്ക്കു പ്രദാനംചെയ്ത വചനം ആഴത്തിൽ ഗ്രഹിക്കാനുള്ള പരിശ്രമം സാധാരണ ക്രൈസ്തവജീവിതത്തിന്റെ ഉയർന്ന മാനദണ്ഡം ലക്ഷ്യമാക്കുന്നുവെന്ന് *കർത്താവിന്റെ വചനം* എന്ന അപ്പസ്തോലികാഹ്വാനം (VD 72) പ്രസ്താവിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർ *ദൈവവചനം* (ദേയീ വെർബും) എന്ന പ്രാമാണികരേഖയിലൂടെ ബൈബിൾപഠനം അനന്യമാംവിധം പ്രോത്സാഹിപ്പിക്കുന്നുണ്ട്. എമ്മാവൂസിലേക്കു പോയ ശിഷ്യർക്ക് യേശു വചനം വ്യാഖ്യാനിച്ചുകൊടുത്തപ്പോൾ അവരുടെ ഹൃദയം ജ്വലിച്ചുവെന്ന (ലൂക്ക 24,32) പ്രസ്താവന ബൈബിൾപഠനത്തിന് നമുക്കു പ്രചോദനമേകണം.

**ബൈബിൾ കമ്മീഷൻ കുടുംബശാക്തീകരണത്തിന്**

കുടുംബത്തിലെ മുതിർന്നവരും കുട്ടികളും ഒന്നിച്ചിരുന്നു

ബൈബിൾ വായിക്കുകയും പഠിക്കുകയും ചെയ്യുന്ന സംസ്കാരം നാം വളർത്തിയെടുക്കണം. ഒന്നുചേർന്നുള്ള വചനപഠനം പ്രോത്സാഹിപ്പിക്കുവാനായി ഈ വർഷംമുതൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ കീഴിലുള്ള കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ കുടുംബക്വിസും (ലോഗോസ് ഫമീലിയ ക്വിസ്) ആരംഭിച്ചിരിക്കുന്നു. ഒരുമിച്ചുള്ള ബൈബിൾ പഠനം കുടുംബബന്ധങ്ങൾക്ക് ജീവനേകട്ടെ.

ലോഗോസ്പരീക്ഷയിൽ ഇത്തവണ രൂപതാതലത്തിൽ 36 രൂപതകളിൽ നിന്ന് ആറുലക്ഷത്തോളംപേർ പങ്കെടുത്തു. രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരും അവരുടെ കൂടെ പ്രവർത്തിച്ചവരും പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ലോഗോസ്പരീക്ഷയിൽ പങ്കെടുക്കുന്നത് വചനം പഠിക്കുവാനുള്ള പ്രാരംഭഘട്ടമായി ഏവരും കണക്കാക്കണം.

ബൈബിൾ പഠിക്കുവാൻ കേരളത്തിനകത്തും പുറത്തും അനേകായിരങ്ങൾ പങ്കെടുക്കുന്ന പഠനപദ്ധതിയാണ് ബൈബിൾകമ്മീഷൻ നടത്തുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്. കുടുംബങ്ങൾ ഇതിൽ പങ്കുചേർന്നു പഠിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടണം. ബൈബിൾ കമ്മീഷൻ തയ്യാറാക്കുന്ന പഠനബൈബിളും ദൈവവചനം ആഴത്തിൽ പഠിക്കുവാൻ സഹായകമാണ്. ഈയവസരത്തിൽ പി.ഒ.സി ബൈബിൾ പരിഷ്കരണത്തിലും പഠനബൈബിൾ തയ്യാറാക്കലിലും ഏർപ്പെട്ടിരിക്കുന്ന ബൈബിൾപഠിതാക്കളെ കെ.സി.ബി.സി. നന്ദിയോടെ അനുസ്മരിക്കുന്നു. മൂലഗ്രന്ഥത്തോടും അർത്ഥത്തോടും ഏറ്റവും വിശ്വസ്തത പുലർത്തി ബൈബിൾ ദൈവജനത്തിന്റെപക്കൽ എത്തിക്കുന്ന മഹനീയ ദൗത്യത്തിലാണ് അവർ ഏർപ്പെട്ടിരിക്കുന്നത്.

ഓരോ കുടുബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഏറെക്കുറെ സാധ്യമായിട്ടുണ്ട്. ഓരോരുത്തർക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യംവയ്ക്കേണ്ടത്. ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള ബൈബിൾവ്യാപനംവഴി പലർക്കും സ്വന്തമായി ബൈബിൾ കൂടെ കൊണ്ടുനടക്കുവാൻ സാധിക്കുന്നുണ്ട്.

ബൈബിൾ കമ്മീഷൻ ഇറക്കിയിരിക്കുന്ന മൊബൈൽ ബൈബിൾ, ശ്രാവ്യ ബൈബിൾ എന്നിവ ഇതിന് സഹായിക്കുന്നു. കൂടാതെ, ബൈബിൾ കമ്മീഷൻ ഭിന്നശേഷിയുള്ളവർക്കായും പ്രത്യേക ബൈബിളുകൾ തയ്യാറാക്കിയിട്ടുണ്ട്.

വചനം മാംസംധരിച്ചവന്റെ വരവിനായി ഒരുങ്ങുന്ന ഡിസംബർമാസം *ബൈബിൾപാരായണമാസ*മായി ആചരിക്കുന്നത് എന്തുകൊണ്ടും ഉചിതമാണ്. കുടുംബപ്രാർത്ഥനയുടെ അവസാനം ബൈബിൾ ഭാഗം വായിക്കുക, രാവിലെ ഒരുവചനം ഹൃദിസ്ഥമാക്കുക, ആ വചനം ദിവസംമുഴുവൻ ഉരുവിടുക എന്നിവ ഇന്ന് സാധാരണമായിരിക്കുന്നു. യാത്രയിൽ ഓഡിയോബൈബിൾ ശ്രവിക്കുന്നവരുടെ എണ്ണവും കൂടിവരുന്നു. കേരളക്രൈസ്തവകുടുംബങ്ങളിൽ വചനപാരായണ സംസ്കാരം വളർന്നുവരുന്നു എന്നത് അഭിമാനാർഹമാണ്.

ബൈബിൾപാരായണമാസമായ ഡിസംബറിൽ ദേവാലയത്തിലും ഓരോ ഭവനത്തിലും വിശുദ്ധഗ്രന്ഥം അലങ്കരിച്ചു പ്രതിഷ്ഠിക്കുവാൻ ശ്രദ്ധിക്കണം. ഇടവകകളിൽ സംപൂർണ ബൈബിൾപാരായണം സംഘടിപ്പിക്കുവാൻ പരിശ്രമിക്കുക. കുടുംബാംഗങ്ങൾ ഒന്നുചേർന്ന് ഒരു സുവിശേഷമെങ്കിലും ഈ മാസം മുഴുവൻ വായിച്ചുകേൾക്കുന്നത് മംഗളവാർത്തയുടെ ചൈതന്യത്തിൽ വളരാൻ നമ്മുടെ കുടുംബങ്ങളെ സഹായിക്കും. പഴയ ബൈബിൾ ശേഖരിക്കുവാനും നിർധനർക്ക് സൗജന്യമായി ബൈബിൾ കൊടുക്കുവാനും ബൈബിൾ സൊസൈറ്റി നടത്തുന്ന യജ്ഞത്തിൽ നിർലോഭ സഹകരണം നല്കണമെന്ന് ഓർമിപ്പിക്കട്ടെ. ബൈബിൾ സൊസൈറ്റിയിൽ അംഗത്വമെടുത്ത് കേരളസഭയുടെ വചനപ്രേഷിതത്വത്തിൽ പങ്കാളികളാകാനും ഏവരും താത്പര്യമെടുക്കണം. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിനുംവേണ്ടി ഡിസംബർ 18-ാം തീയതിയിലെ ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലിമധ്യേയുള്ള പിരിവ് രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ദൈവവചനത്തിന്റെ അവതാരത്തിരുനാളിന് ഒരുങ്ങുന്ന വേളയിൽ, വചനബദ്ധമായ ജീവിതംവഴി കുടുംബങ്ങൾ ശക്തിപ്പെടുത്താം.

വചനം കണ്ണുകളിൽനിന്ന് അധരങ്ങളിലേക്കും അധരങ്ങളിൽനിന്ന് കാതുകളിലേക്കും കാതുകളിൽനിന്ന് ഹൃദയത്തിലേക്കും ഹൃദയത്തിൽനിന്ന് കരങ്ങളിലേക്കും പ്രവഹിക്കട്ടെ. ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

സ്നേഹത്തോടെ,

**ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

NB: 2016 നവംബർ 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| നവംബർ | 1 : | സകല വിശുദ്ധരുടെ തിരുനാൾ |
| | 2 : | സകല മരിച്ചവരുടെയും ഓർമ്മ |
| | 4 : | ആദ്യവെള്ളി |
| | 5 : | വി. സഖറിയായും വി. ഏലീശ്വായും |
| | 6 : | **പള്ളിക്കുദാശ രണ്ടാം ഞായർ** |
| | 13 : | **പള്ളിക്കുദാശ മൂന്നാം ഞായർ** സമ്പർക്കമാധ്യമദിനം |
| | 20 : | **പള്ളിക്കുദാശ നാലാം ഞായർ** മിശിഹായുടെ രാജത്വ തിരുനാൾ |
| | 27 : | **മംഗളവാർത്ത ഒന്നാം ഞായർ** |
| | 30 : | വി. അന്ത്രയോസ് ശ്ലീഹാ |

**2. നവംബർ മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 05 | 02:30 pm | സംഘടന ഏകോപനസമിതി യോഗം |
| | | മൈനർ സെമിനാരി ഹോം ഡേ |
| 06 | | മതാധ്യാപകദിനം |
| 08 | 07.30 pm | സാമ്പത്തികസമിതിയോഗം |
| 12 | 02:00 pm | പാസ്റ്ററൽ കൗൺസിൽ അവാർഡ് ദിനം |
| 14 | 10:00 am | ഫൊറോനവികാരിമാരുടെ യോഗം |
| | | ഡീക്കന്മാർക്കുള്ള ക്ലാസ്സ് |
| 15 | | ഡീക്കന്മാർക്കുള്ള ക്ലാസ്സ് |
| 16 | | ഡീക്കന്മാർക്കുള്ള ക്ലാസ്സ് |
| 21 | | ലിവ് & ലേൺ |
| 22 | | ലിവ് & ലേൺ |
| 24 | 10:00 am | ആലോചനസമിതിയോഗം |
| 26 | 10:00 am | സന്യസ്തജൂബിലി |
| 30 | 10:00 am | വൈദികമാസധ്യാനം |
| | | മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുകതിരുനാൾ |

**3. മംഗളവാർത്ത-പിറവിക്കാലങ്ങൾ:**

സീറോ മലബാർ സഭയുടെ ആരാധനാവത്സരം ആരംഭിക്കുന്നത്. മനുഷ്യാവതാരരഹസ്യത്തെ അനുസ്മരിക്കുന്ന മംഗളവാർത്തക്കാല ത്തോടു കൂടിയാണ്. ഡിസംബർ 25ന് ആഘോഷിക്കപ്പെടുന്ന ഈശോ യുടെ തിരുപ്പിറവിയെ കേന്ദ്രമാക്കിയുള്ളതാണ് ഈ കാലങ്ങൾ. തിരു പ്പിറവിക്കു മുമ്പ് നാലും തിരുപ്പിറവിക്കുശേഷം രണ്ടും ആഴ്ചകളാണ് ഈ കാലങ്ങളിലുള്ളത്. തിരുപ്പിറവിക്ക് ഒരുക്കമായി ജിസംബർ 1 മുതൽ 25 വരെ മാർത്തോമ്മ ക്രിസ്ത്യാനികൾ ഇരുപത്തിയഞ്ച് നോമ്പ് ആരം ഭിക്കുന്നു.

ഈശോയിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകരപ്രവൃത്തികൾ ആരംഭി ക്കുന്നത് അവിടുത്തെ ജനനത്തോടുകൂടിയാണല്ലോ. സുറിയാനി ഭാഷ യിൽ 'സുബാറ' എന്നാണ് മംഗളവാർത്തക്കാലത്തിന്റെ പേര്. 'പ്രഖ്യാ പനം', 'അറിയിപ്പ്' എന്നൊക്കെയാണ് 'സുബാറ' എന്ന പദത്തിന്റെ അർത്ഥം. സുറിയാനി ഭാഷയിൽ 'യൽദാ' എന്നാണ് പിറവിക്കാല ത്തിന്റെ പേര്. രക്ഷകനെ പ്രതീക്ഷിച്ചിരുന്ന മാനവവംശത്തെ സംബ ന്ധിച്ചിടത്തോളം ഏറ്റവും മംഗളകരമായ വാർത്തയായിരുന്നല്ലോ ഗബ്രി യേൽ ദൂതൻ പരിശുദ്ധ കന്യകാമറിയത്തെ അറിയിച്ചത്. അങ്ങനെ സമ യത്തിന്റെ തികവിൽ പൂർത്തിയായ ഈശോയുടെ മനുഷ്യാവതാര രഹ സ്യത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കാലങ്ങൾ രൂപപ്പെടുത്തിയിരി ക്കുന്നത്. അവിടുത്തെ മുന്നോടിയായ യോഹന്നാൻ മാംദ്ദാനയുടെ ജന നത്തെ കുറിച്ചുള്ള മുന്നറിയപ്പും അദ്ദേഹത്തിന്റെ ജനനവും അടങ്ങുന്ന മംഗളസംഭവവും ഈ ദിവസങ്ങളിൽ സഭ അനുസ്മരിക്കുന്നു.

ഈശോയുടെ മനുഷ്യാവതാരരഹസ്യം കൊണ്ടാടുന്നതിന് ഒരുക്ക മായി മനുഷ്യസൃഷ്ടി, ആദിമാതാപിതാക്കളുടെ അനുസരണക്കേട്, അതിന്റെ അനന്തരഫലങ്ങൾ, അധഃപതിച്ച മനുഷ്യവംശത്തിന്റെ പരി താപകരമായ അവസ്ഥ, ദൈവം നൽകിയ രക്ഷയുടെ വാഗ്ദാനം, മാന വവംശവുമായി അവിടുന്ന് ചെയ്ത ഉടമ്പടി, രക്ഷകനെ കുറിച്ചുള്ള പ്രവ ചനങ്ങൾ എന്നിവ മംഗളവാർത്താക്കാലത്തിൽ അനുസ്മരിക്കുന്നുണ്ട്. പരിശുദ്ധ ദൈവമാതാവിനു രക്ഷാകര ചരിത്രത്തിലുള്ള വലിയ പങ്ക് ഈ കാലത്തിൽ നാം ചിന്താവിഷയമാക്കുന്നു. രക്ഷകന്റെ അമ്മയായ മറിയത്തിന് ഏറ്റവുമധികം പ്രാധാന്യം നൽകുന്നത് ഈ കാലത്തിലാണ്.

ഈശോയുടെ തിരുപ്പിറവിയും ജ്ഞാനികളുടെ സന്ദർശനവും ഈജി പ്തിലേക്കുള്ള പലായനവും ഈശോയെ ദൈവാലയത്തിൽ സമർപ്പി

ക്കുന്ന സംഭവവും ബാല്യകാലവുമാണ് പിറവിക്കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ. പാപത്തിനു മരിച്ച്, മിശിഹായെ സ്വന്തമാക്കി, സമാധാനവും പ്രത്യാശയും ഉൾക്കൊള്ളാൻ പിറവിക്കാലത്തിലെ വായനകൾ അനുസ്മരിപ്പിക്കുന്നു. സ്വന്തം ദയനീയാവസ്ഥയെക്കുറിച്ചു ബോധവാന്മാരായി രക്ഷകനുവേണ്ടി ദാഹിച്ച പഴയനിയമ ജനതയെപ്പോലെ, പുതിയനിയമത്തിലെ ജനത തങ്ങളുടെ നിസ്സഹായാവസ്ഥയും പാപസാഹചര്യങ്ങളും മനസ്സിലാക്കി മിശിഹായിലേക്കു നടന്നടുക്കണമെന്നും മിശിഹായ്ക്കു പിറക്കുവാൻ തങ്ങളുടെ ഹൃദയങ്ങളിൽ ഇടം നൽകണമെന്നും മംഗളവാർത്ത-പിറവിക്കാലങ്ങളിലെ വി. ഗ്രന്ഥവായനകളും പ്രാർത്ഥനകളും ഗീതങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നു.

**4. നാമഹേതുക തിരുനാൾ :**

നവംബർ 30നു നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മധ്യേ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

**5. 25 നോമ്പ്:**

നവംബർ 30 പാതിരാമുതൽ 25 നോമ്പാരംഭിക്കുന്നു. നോമ്പിലൂടെ ആത്മശുദ്ധി നേടി പ്രാർത്ഥനാപൂർവ്വം ഈശോയുടെ പിറവിക്കായി നമുക്ക് ഒരുങ്ങാം. ഡിസംബർ 1 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന വിവരം ബഹു. അച്ചന്മാർ ജനങ്ങളെ ഓർമ്മപ്പെടുത്തുമല്ലോ.

**6. പാസ്റ്ററൽ കൗൺസിൽ** :

16-ാം പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി ഈ വർഷം കഴിയുന്നു. പുതിയ പാസ്റ്ററൽ കൗൺസിലിലേക്ക് ഇടവകയിൽ നിന്നും പ്രതിനിധിയെ തെരഞ്ഞെടുക്കുമ്പോൾ അതിരൂപതാകേന്ദ്രത്തിൽ നിന്നു നിർദ്ദേശിക്കുന്ന റൊട്ടേഷൻ ക്രമം പാലിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഇടവകപ്രതിനിധിയുടെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ, ഫോട്ടോ എന്നിവ **നവംബർ 30ന് മുമ്പ്** അതിരൂപത കാര്യാലയത്തിൽ നൽകേണ്ടതാണ്. റൊട്ടേഷൻ ക്രമം (അതിരൂപതാബുള്ളറ്റിൻ, 2016 സെപ്തംബർ) പാലിക്കാൻ ശ്രദ്ധിക്കുമല്ലോ.

**7. പാസ്റ്ററൽ കൗൺസിൽ അവാർഡ് ദിനം :**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2016 നവംബർ 12-ാം തീയതി ശനിയാഴ്ച **സെന്റ് തോമസ് കോളേജിൽ** വച്ച് നടത്തുന്നു.

**8. വൈദിക മാസധ്യാനം:**

വൈദികരുടെ മാസധ്യാനം നവംബർ 30 ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെ ഡി. ബി. സി. എൽ. സി. യിൽ നടത്തുന്നു.

**9. ഓഫീസ് അവധി :**

2016 ഡിസംബർ 20 മുതൽ 2017 ജനുവരി 6 വരെ അതിരൂപതാ കാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തി രഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**10. Live and Learn Programme :**

അതിരൂപതാ വൈദികർക്കുള്ള ഈ വർഷത്തെ **Live and Learn Programme** 2016 നവംബർ **21, 21 തിയതികളിൽ DBCLC** യിൽ സംഘ ടിപ്പിക്കുന്നു. എല്ലാ ബഹു. വൈദികരും പങ്കെടുക്കുവാൻ പ്രത്യേകം താത്പര്യപ്പെടുന്നു.

**11. വൈദികനിയമനം :**

1. ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ – പ്രോജക്ട് ഓഫീസർ കൂടി, അതിരൂപത പ്രസ്സ്; സാധുത 2016 സെപ്തംബർ 19 മുതൽ.
2. ഫാ. ഡൊമിനി ചാഴൂർ – സഹായി ആബ്ബാ റിന്യൂവൽ സെന്റർ; സാധുത 2016 സെപ്തംബർ 25 മുതൽ.
3. ഫാ. നൈസൻ ഏലന്താനത്ത് – ഡയറക്ടർ സാവിയോ ഹോം മനക്കൊടി; സാധുത 2016 ഒക്ടോബർ 12 മുതൽ.

**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്



# മെത്രാപ്പോലീത്തായുടെ പരിപാടികൾ

## Nov. 2016

| Date | Day | Time | Programme |
|---|---|---|---|
| 01 | Tue | | Rome |
| 02 | Wed | | Rome |
| 03 | Thu | Afternoon | Catholicasabha core meeting |
| | | Evening | Baptism at Mundur |
| 04 | Fri | | Engaged |
| 05 | Sat | | Minor seminary and major seminary home day<br>Associations Ekopansamithi meeting |
| 06 | Sun | Morning | ACC Convocation |
| | | Afternoon | Merit Day |
| | | Evening | Holy Mass at Cheumkuzhy |
| 07 | Mon | | Batch gathering |
| 08 | Tue | Evening | Ambakad trustees meeting, Finance council |
| 09 | Wed | Afternoon | General Synod of Nirmaladasi sisters |
| 10 | Thu | | For the People |
| 11 | Fri | Morning | Holy Mass at Alagappa Nagar, JCMR Advisory Board. |
| | | Evening | JMMC Trust meeting |
| 12 | Sat | Morning | PAROC at Velur , Holy mass at Baslica, Meeting at Peechi & Machad |

| | | | |
|---|---|---|---|
| | | Afternoon | Pastoral Council Award Day |
| | | Evening | Holy Mass sat Marathamkod |
| 13 | Sun | Morning | Feast at Lourde Cathedral |
| | | Evening | Meeting at Ambakkad |
| 14 | Mon | Morning | Forane Vicar's meeting |
| 15 | Tue | Morning | Holy mass with Deacon's parents |
| | | Evening | Class for Deacons |
| 16 | Wed | Morning | Inaguration and holy mass of Daivasabdam |
| 17 | Thu | Morning | Holy mass at Peringadoor |
| | | Afternoon | Holy mass and Home day celebration at Christ Villa |
| 18 | Fri | Evening | Basilica health care society building blessing |
| 19 | Sat | Morning | Church blessing at Pudukkad |
| | | Afternoon | Pattikkad Forane matrusangam meeting inauguration |
| | | Evening | At Palayur |
| 20 | Sun | | YEAR OF MERCY CONCLUDING, |
| | | | Pallissery hospital blessing |
| 21 | Mon | | LIVE AND LEARN |
| 22 | Tue | | LIVE AND LEARN |
| 23 | Wed | Afternoon | Ordination at Vellakkarithadam |
| 24 | Thu | Morning | Alochanasamithi |
| | | Evening | Kodannur Hall Blessing |
| 25 | Fri | Evening | Ammadam bible convention |
| 26 | Sat | Morning | Jubilee of Religious - Holy Mass & Meeting |
| | | | Jubilee celebration of SD sisters at Palakkal |
| 27 | Sun | | Feast at Basilica |
| 28-30 | | | Out of Station |




| Date | Day | Time | Programme |
|---|---|---|---|
| 01 | Tue | | Engaged |
| 02 | Wed | | Holy Mass at Baslica |
| 03 | Thu | Evening | At Kunnamkulam Old age home |
| 04 | Fri | | Engaged |
| 05 | Sat | Morning | Silver Jubilee Celebration at Mannuthy, Minor Seminary Home Day |
| | | Afternoon | Final profession of School Sisters, |
| | | Evening | Marymatha Home day, Family meet at St Thomas College |
| 06 | Sun | Morning | Holy mass at Palakkal |
| | | Evening | Holy Mass at SND Generalate Mulayam |
| 07 | Mon | | Out of Station |
| 08 | Tue | | Out of Station |
| 09 | Wed | | Out of Station |
| 10 | Thu | Morning | Holy Mass at Marymatha seminary |
| 11 | Fri | | Engaged |
| 12 | Sat | Morning | Jubilee Meeting at Peechi & Machad |
| | | Afternoon | Pastoral Council Award Day |
| | | Evening | Holy Mass at Olarikkara |
| 13 | Sun | Morning | Holy Mass at Vendore |
| | | Evening | Holy mass at Cherumkuzhy, Jubilee Meeting at Ambakkad |

| | | | |
|---|---|---|---|
| 14 | Mon | Morning | Retreat Center Director's meeting |
| 15 | Tue | Morning | Deacon's parents Meet |
| 16 | Wed | | KST Assembly meeting |
| 17 | Thu | | Synod meeting at Kakkanad. |
| 18 | Fri | Evening | Thirunnal kodikayattam at Basilica |
| 19 | Sat | Morning | Engaged |
| 20 | Sun | | YEAR OF MERCY CONCLUDING at Basilica, Holy Communion at Pudukkad, Daivasabdam Concluding Mass. |
| 21-30 | | | ROME |

## ആദരാഞ്ജലികൾ

# റവ. ഫാ. ജോർജ്ജ് കണ്ണാത്ത്

(21.11.1929 –11.10.2016)



ജാതിമതഭേദമെന്യേ എല്ലാവരുടെയും സുഹൃത്ത്, കർമ്മനിരതനായ വികാരി എന്നിങ്ങനെ സേവനമേഖലയിൽ പ്രശോഭിച്ച തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ റവ. ഫാ. ജോർജ്ജ് കണ്ണാത്ത് (87) 2016 ഒക്ടോബർ 11ന് ചൊവ്വ പുലർച്ച 2 മണിക്ക് അന്തരിച്ചു.

കാരമുക്ക് ഇടവകയിലെ കണ്ണാത്ത് ലോന + റോസ ദമ്പതികളുടെ മകനായി 1929 നവംബർ 21 ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1960 മാർച്ച് 13ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

പാവങ്ങളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുവാനുള്ള ഉൾവിളിയുമായി തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ സഹവികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ച അദ്ദേഹം നെടുപുഴ, നിർമ്മലപുരം, മുപ്ലിയം, ലൂർദ്ദ്പുരം (ഇഞ്ചക്കുണ്ട്), വരന്തരപ്പിള്ളി പള്ളിക്കുന്ന്, വേലൂപ്പാടം, നന്തിപുലം നോർത്ത്, ഒരുമനയൂർ, മണലാടി, പഴയന്നൂർ, തിരുവില്ല്വാമല, മായന്നൂർ, എളനാട്, പരക്കാട്, കിള്ളിമംഗലം, പങ്ങാരപ്പിള്ളി, പൊന്നൂക്കര, തൃക്കൂർ, വടൂക്കര എന്നീ പള്ളികളിൽ വികാരിയായും പാലയൂർ, ചേലക്കര എന്നിവിടങ്ങളിൽ ഫൊറോനവികാരിയായും സേവനം ചെയ്തിട്ടുണ്ട്.

ബഹു. അച്ചൻ പണികഴിപ്പിച്ച ഇരുപത്തിയഞ്ചിലേറെ പള്ളികൾ, കപ്പേളകൾ, പത്തോളം സെമിത്തേരികൾ, വൈദികമന്ദിരങ്ങൾ, സന്യാസമഠങ്ങൾ, രണ്ട് സ്കൂളുകൾ എന്നിവ അച്ചന്റെ തീഷ്ണതയ്ക്ക്

തിലകക്കുറികളായി ഇന്നും നിലകൊള്ളുന്നു. അവയിൽ നിർമ്മലപുരം, പൂങ്കുന്നം, തിരുവില്ല്വാമല, കിള്ളിമംഗലം, പരക്കാട്, വടൂക്കര, തോണൂർക്കര, എച്ചിപ്പാറ, വരാക്കര, പനമുക്ക്, മണലാടി, പഴയന്നൂർ, പങ്ങാരപ്പിള്ളി, ഇഞ്ചക്കുണ്ട്, മുപ്ലിയം, എളനാട്, തൃക്കൂർ, വേലൂപ്പാടം എന്നിവിടങ്ങളിൽ ദൈവാലയനിർമ്മാണപ്രവർത്തനങ്ങൾക്ക് ബഹു. അച്ചൻ നൽകിയ സംഭാവനകൾ എടുത്തുപറയത്തക്കതാണ്. വടൂക്കരയിലും പൊന്നൂക്കരയിലും പള്ളികൾ പുതുക്കി പണിതതും അദ്ദേഹത്തിന്റെ സേവനങ്ങളിൽ ഉൾപ്പെടുന്നു. മണലാടി, പഴയന്നൂർ, പങ്ങാരപ്പിള്ളി, ഇഞ്ചക്കുണ്ട്, മുപ്ലിയം, എളനാട്, പൊന്നൂക്കര, വേലൂപ്പാടം എന്നിവിടങ്ങളിൽ വൈദികമന്ദിരങ്ങളും എളനാട്, പൊന്നൂക്കര, തൃക്കൂർ എന്നിവിടങ്ങളിൽ പാരിഷ് ഹാളുകളും ഇഞ്ചക്കുണ്ട് സർക്കാർ സ്കൂളും, വേലൂപ്പാടം സെന്റ് ജോസഫ്സ് ആശുപത്രിയും അദ്ദേഹത്തിന്റെ നിർമ്മാണനേതൃപാടവത്തിന്റെ വിലപ്പെട്ട സംഭാവനകളാണ്. പാലയൂരിൽ മ്യൂസിയം ആരംഭിച്ചതും അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്.

റൂബി ജൂബിലിയോടനുബന്ധിച്ച് 2005ൽ തൃശ്ശൂർ അതിരൂപത സോഷ്യൽ ആക്ഷന്റെ അവാർഡും 2013ൽ തൃശ്ശൂർ അതിരൂപതാ പുരസ്കാരവും അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. *ദൈവവിളിയുടെ വഴിത്താരയിൽ* എന്ന പുസ്തകവും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2014 മുതൽ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

മൃതദേഹം 2016 ഒക്ടോബർ 11 ചൊവ്വ ഉച്ചകഴിഞ്ഞ് 2 മണിക്ക് സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിലെ ഡയറക്ടറച്ചൻ ഫാ. പോൾ പേരാമംഗലത്തിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള വി. ബലിയ്ക്കും ഒപ്പീസിനും ശേഷം ചേലക്കര സെന്റ് മേരീസ് ഫൊറോന പള്ളിയിലേക്ക് മൃതദേഹം സംവഹിക്കപ്പെടുകയും തുടർന്ന് വൈകിട്ട് 5 മണിക്ക് അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ കാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. ശേഷം കാരമുക്കിലെ സഹോദരവസതിയിലേക്ക് കൊണ്ടുപോയി.

2016 ഒക്ടോബർ 12 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 1:30ന് മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം സഹോദരവസതിയിൽ മാർ ജോയ് ആലപ്പാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആരംഭിക്കുകയും തുടർന്ന് വിലാപയാത്രയായി മൃതദേഹം കാരമുക്ക് പള്ളിയിലേക്ക്

കൊണ്ടു പോകുകയും ചെയ്തു. മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് ദൈവാലയത്തിൽ മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ പിതാവ് കാർമ്മികത്വം വഹിച്ചു. മൃതസംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗമായ വി. ബലിയും തുടർന്നുള്ള ശുശ്രൂഷകളും അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. വി. ബലിയ്ക്കു മധ്യേ മാർ പോൾ ആലപ്പാട്ട് പിതാവ് അനുസ്മരണ സന്ദേശം നൽകുകയും ചെയ്തു.

'ശുശ്രൂഷിക്കപ്പെടാനല്ല, മറ്റുള്ളവർക്ക് ശുശ്രൂഷ നൽകുക' എന്ന ആപ്തവാക്യത്തിൽ ഉറച്ച് വിശ്വസിക്കുകയും അതിനായി തന്റെ ജീവിതത്തെ സമർപ്പിക്കുകയും ചെയ്ത് കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ അഹോരാത്രം അധ്വാനിച്ച് സ്വർഗ്ഗസമ്മാനത്തിനായി വിളിക്കപ്പെട്ട കണ്ണാത്ത് ബഹു. ജോർജ്ജച്ചന് അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ....

തൃശ്ശൂർ അതിരൂപതാ വൈദികക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള എല്ലാ ബഹു. അച്ചന്മാരും ബഹു. ജോർജ്ജ് കണ്ണാത്ത് അച്ചന്റെ ആത്മാനുകൂലാർത്ഥം ഒരു ദിവ്യബലി അർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.



**മോൺ. ജോർജ്ജ് കോമ്പാറ**

പ്രസിഡന്റ്, അതിരൂപതാ വൈദികക്ഷേമസമിതി

# നാളാഗമം

## സെപ്തംബർ 2016

4. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ കാഞ്ഞാണിയിലും കുരിയച്ചിറയിലും ദിവ്യബലിയർപ്പിച്ചു. വൈകിട്ട് പാലാഴി ഇടവകയിൽ ഗ്രോട്ടോയുടെ ആശീർവാദകർമ്മം നടത്തി. തുടർന്ന് ലൂർദ്ദ് പള്ളിയിൽ ദിവ്യബലിയർപ്പിച്ചു.
5. അഭിവന്ദ്യ തട്ടിൽ പിതാവ് ചെന്നായ്പ്പാറ മദർ തെരേസ അനുസ്മരണത്തിൽ പങ്കെടുത്തു.
6. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ഒളരിക്കരയിൽ ദിവ്യബലിയർപ്പിച്ചു. വൈകിട്ട് തളിക്കുളത്ത് ദിവ്യബലിയർപ്പിച്ചു ഹാൾ വെഞ്ചരിപ്പു നടത്തി.
9. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ യുവതീയുവാക്കൾക്കുള്ള വിവാഹഒരുക്ക ക്ലാസ്സിൽ അഭിവ്യബലിയർപ്പിച്ചു.
11. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ നെല്ലിക്കുന്ന് പള്ളിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് വെണ്ടോർ പള്ളിയിൽ വാർഷികയോഗത്തിൽ പങ്കെടുത്തു.
12. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മേരിമാതയിൽ ദിവ്യബലി അർപ്പിച്ചു. വൈകിട്ട് രാമനാഥപുരം രൂപതയിലെ വൈദികരെ ധ്യാനിപ്പിക്കാൻ പോയി.
15. അഭിവന്ദ്യ താഴത്ത് പിതാവ് എൽത്തുരുത്ത് ഇടവകയിൽ ഇടവകക്കാർ നിർമ്മിച്ചു നൽകിയ ഭവനം വെഞ്ചരിച്ചു. ഉച്ചക്ക് ചൂണ്ടൽ സി. എം. സി. മഠത്തിലെ സിസ്റ്ററുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.
16. അഭിവന്ദ്യ താഴത്ത് പിതാവ് വിവാഹ ഒരുക്ക ക്ലാസ്സിലെ യുവതീയുവാക്കൾക്കായി ദിവ്യബലിയർപ്പിച്ചു. അതിനുശേഷം കുരിയച്ചിറ സെന്റ് പോൾ സി. എം. സി. മഠത്തിലെ സിസ്റ്ററുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. ഉച്ചക്ക് സാന്ത്വനത്തിന്റെ ആശാകിരണം പരിപാടി ഉദ്ഘാടനം ചെയ്തു.
17. അഭിവന്ദ്യ താഴത്ത് പിതാവ് മണലാടി പള്ളിയിൽ ഇടയസന്ദർശനം നടത്തി.

18. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ കോട്ടപ്പടി, ആർത്താറ്റ് ഇടവകകളിൽ വി. ബലിയർപ്പിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് വൈദികരുടെ വാർഷികധ്യാനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് വലപ്പാട് കാർമ്മൽ സ്കൂൾ കെട്ടിടം വെഞ്ചരിച്ചു.

20. അഭിവന്ദ്യ തട്ടിൽ പിതാവ് പടവരാട് ആരാധനമഠത്തിലെ സി. മേരിയുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

23. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സെന്റ് തോമസ് കോളേജിലേജിൽ വിദ്യാഭ്യാസ മന്ത്രിക്ക് നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തൃശ്ശൂർ ബസിലിക്കയിൽ വി. ബലിയർപ്പിച്ചു.

24. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചക്ക് പഴുവിൽ ഇടവകയിൽ സ്കൂൾ വെഞ്ചരിപ്പ് കർമ്മം നടത്തി. അതിനുശേഷം ബൊൻ നത്താലെയുടെ പാഠാവലി സമ്മേളനത്തിൽ പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് പതിയാരം ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ വരന്തരപ്പിള്ളി പള്ളിക്കുന്ന് ഇടവകയിൽ വി. ബലിയർപ്പിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് വൈദികരുടെ വാർഷികധ്യാനത്തിൽ പങ്കെടുത്തു. രാവിലെ വരന്തരപ്പിള്ളി പള്ളിക്കുന്ന് ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

28. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

30. അഭിവന്ദ്യ പിതാക്കന്മാർ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് കല്ലൂർ കിഴക്ക് ഇടവകയിൽ അൽത്താര പുനഃപ്രതിഷ്ഠയും കുരിശടി വെഞ്ചരിപ്പും നടത്തി.

# സാമ്പത്തിക കാര്യാലയം

**സമ്മാനദാനം**

2015 വർഷത്തെ മിഷൻ ഞായർ 2015–2016 വർഷങ്ങളിലെ ദുഃഖവെള്ളി പിരിവുകൾക്ക് സമ്മാനർഹമായ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും അഭിനന്ദനങ്ങൾ 2016 നവംബർ 12ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2pm ന് DBCLC യിൽ കൂടുന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിലാണ് ട്രോഫികൾ വിതരണം ചെയ്യുന്നത്. വീടുകളുടെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ സംഖ്യ പിരിച്ചെടുത്ത ഇടവകകളും സ്ഥാപനങ്ങളുമാണ് ട്രോഫികൾ നേടിയിട്ടുള്ളത്. ത്യാഗപൂർവ്വം സംഭാവന നൽകുന്നതിൽ ഉദാരമനസ്ക്കരായ ഏവരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. ഇതിനു നേതൃത്വം നൽകിയ ബ. വൈദികർക്കും കൈക്കാരന്മാർക്കും കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കും ഇടവകാംഗങ്ങൾക്കും സമ്മാനർഹമായ സ്ഥാപനങ്ങളുടെ അധികാരികൾക്കും സ്റ്റാഫ് അംഗങ്ങൾക്കും സഹകരിച്ച എല്ലാവർക്കും പ്രത്യേകം അഭിനന്ദങ്ങൾ. ട്രോഫികൾ ഏറ്റുവാങ്ങാൻ നവംബർ 12ലെ മീറ്റിംഗിലേക്ക് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**സമ്മാനർഹമായ ഇടവകകൾ/സ്ഥാപനങ്ങൾ**

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | മൊത്തം സഖ്യ | ശരാശരി സംഖ്യ |
|---|---|---|---|---|---|
| മിഷൻ ഞായർ 2015 | Ist | പാലയൂർ | 500 | 3,40,000 | 680 |
| | IInd | പാവറട്ടി | 2171 | 7,02,540 | 323.60 |
| | IIIrd | കണ്ണംകുളങ്ങര | 143 | 40600 | 283.91 |

| ഇനം | സ്ഥാനം | ഇടവക | സംഖ്യ |
|---|---|---|---|
| മിഷൻ ഞായർ 2015 | Ist | പാവറട്ടി | 7,02,540 |
| | IInd | ഒല്ലൂർ | 5,36,812 |
| | IIIrd | പാലയൂർ | 3,40,000 |

| ഇനം | സ്ഥാനം | സ്ഥാപനം | സംഖ്യ |
|---|---|---|---|
| മിഷൻ ഞായർ 2015 | Ist | ജൂബിലി മിഷൻ ഹോസ്പിറ്റൽ, തൃശ്ശൂർ | 1,60,000 |
| | IInd | സെന്റ് മേരീസ് മൈനർ സെമിനാരി, മഡോണ നഗർ | 1,50,000 |
| | IIIrd | മേരിമാതാ മേജർ സെമിനാരി, മുളയം | 1,06,834 |

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | മൊത്തം സഖ്യ | ശരാശരി സംഖ്യ |
|---|---|---|---|---|---|
| ദുഃഖവെള്ളി 2015 | Ist | ചേലക്കര | 252 | 19521 | 77.46 |
| | IInd | കണ്ണംകുളങ്ങര | 143 | 9960 | 69.65 |
| | IIIrd | പാലയൂർ | 500 | 34466 | 68.93 |

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | മൊത്തം സഖ്യ | ശരാശരി സംഖ്യ |
|---|---|---|---|---|---|
| ദുഃഖവെള്ളി 2016 | Ist | ബസിലിക്ക | 519 | 108380 | 208.82 |
| | IInd | മണലാടി | 106 | 6738 | 63.56 |
| | IIIrd | വെള്ളറക്കാട് | 168 | 8126 | 48.36 |

## വരവ്– ചെലവ് കണക്കുകൾ സെപ്തംബർ 30 ,2016

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|---|
| | | | | |
| 1. | ആമ്പക്കാട് | 4680 | 11431 | 5640 |
| 2. | അത്താണി | 21900 | 4120 | |
| 3. | ബ്രഹ്മകുളം | 3210 | 8220 | 16565 |
| 4. | ചേലക്കര | 8520 | | |
| 5. | ചിറനെല്ലൂർ | 4453 | 3026 | 16654 |
| 6 | ചോറ്റുപാറ | 300 | 3000 | |
| 7. | എളനാട് | 2000 | 2500 | 2500 |
| 8. | കല്ലൂർ വെസ്റ്റ് | 26291 | 38327 | 26380 |
| 9. | കാഞ്ഞിരക്കോട് | 2680 | 8905 | 7145 |
| 10. | കുണ്ടന്നൂർ | 22913 | 23780 | |
| 11. | മച്ചാട് | 18393 | | |
| 12. | മുണ്ടത്തിക്കോട് | 17050 | 13330 | 8110 |
| 13. | ഒരുമനയൂർ | 3325 | 16330 | 37231 |
| 14. | പറക്കാട് | 1521 | 2640 | 2870 |
| 15. | പാറന്നൂർ | 12080 | 2598 | 25446 |
| 16. | പതിയാരം | 9945 | 7161 | 8035 |
| 17. | പാവറട്ടി | 64570 | 351604 | |
| 18. | പുതുക്കാട് | 7410 | 79322 | 75000 |
| 19. | പുല്ലഴി | 9685 | 7680 | 10252 |

| | | | | |
|---|---|---|---|---|
| 20. | പുത്തൻപീടിക | 31385 | 118353 | 76535 |
| 21. | സരിതപുരം | 5796 | | |
| 22. | തങ്ങാലൂർ | 4325 | | |
| 22. | തങ്ങാലൂർ നോർത്ത് | 1730 | 6730 | 4180 |
| 23. | തയ്യൂർ | 9651 | 8350 | |
| 24. | വലപ്പാട് | 15433 | | |
| 26 | പള്ളിക്കുന്ന് | 17825 | | |
| 27 | വെള്ളക്കാരിത്തടം | 5333 | 4125 | 2340 |
| 28. | വെള്ളാറ്റഞ്ഞൂർ | 13188 | | |
| 29. | വടക്കാഞ്ചേരി | 12587 | 48000 | 39000 |

| നമ്പർ | പേര് | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ ഞായർ |
|---|---|---|---|---|
| 1 | ആമ്പക്കാട് | 3360 | 4675 | 6300 |
| 2. | അത്താണി | 4500 | 5830 | 10600 |
| 3. | ബ്രഹ്മകുളം | 4960 | 6270 | 8550 |
| 4. | ചേലക്കര | 1960 | 2772 | 2268 |
| 5. | ചേറ്റുപുഴ | 2360 | 3465 | 2835 |
| 6. | ചിറനെല്ലൂർ | 710 | 990 | 720 |
| 7. | ചോറ്റുപാറ | 1500 | 1155 | 840 |
| 8. | എളനാട് | 1134 | 1430 | 1040 |
| 9. | കല്ലൂർ വെസ്റ്റ് | 6350 | 6985 | 9525 |
| 10. | കാഞ്ഞിരക്കോട് | 800 | 1100 | 800 |
| 11. | കുണ്ടന്നൂർ | 4536 | 5654 | 12850 |
| 12. | മച്ചാട് | 4896 | 6534 | 8910 |
| 13. | മുണ്ടത്തിക്കോട് | 2840 | 3806 | 3114 |
| 14. | മുറ്റിച്ചൂർ | 1144 | 1562 | 1136 |
| 15. | ഒരുമനയൂർ | 1120 | 1320 | 1080 |
| 16. | പാലയൂർ | 3500 | 5500 | 12500 |
| 17. | പാലാഴി | 1128 | 1254 | 1026 |
| 18. | പറക്കാട് | 500 | 583 | 424 |
| 19. | പാറന്നൂർ | 1710 | 2145 | 1755 |
| 20. | പതിയാരം | 1580 | 2277 | 2484 |
| 21. | പാവറട്ടി | 20412 | 23881 | 108550 |

| | | | | |
|---|---|---|---|---|
| 22. | പുതുക്കാട് | 17230 | 18513 | 67320 |
| 23. | പുല്ലഴി | 2952 | 3608 | 3936 |
| 24. | പുത്തൻപീടിക | 8508 | 8272 | 22560 |
| 25. | സരിതപുരം | 860 | 1078 | 882 |
| 26. | തലക്കോട്ടുകര | 3630 | 4367 | 5955 |
| 27. | തങ്ങാലൂർ | 1360 | 1540 | 1680 |
| 28 | തങ്ങാലൂർ നോർത്ത് | 380 | 528 | 384 |
| 29. | തയ്യൂർ | 1700 | 1936 | 2640 |
| 30. | വലപ്പാട് | 3740 | 5060 | 5520 |
| 31. | പള്ളിക്കുന്ന് | 13000 | 14025 | 15300 |
| 32. | വെള്ളക്കാരിത്തടം | 1100 | 1386 | 1134 |
| 33. | വെള്ളാറ്റഞ്ഞൂർ | 3250 | 3685 | 6700 |
| 34. | വടക്കാഞ്ചേരി | 10054 | 11869 | 29775 |

**മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. എരനെല്ലൂർ 5000
2. എടക്കളത്തൂർ 5000
3. ചേർപ്പ് 5000

## അതിരൂപത സഹായ ഫണ്ട്

1. വിവാഹം 63500
2. ചികിത്സ 27600

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | | | |
|---|---|---|---|
| ഫാ. സിറിയക് വടക്കൻ | 01 | ഫാ. റോയ് വേളക്കൊമ്പിൽ | 14 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 | ഫാ. റോജോ എലുവത്തിങ്കൽ | 15 |
| ഫാ. മനോജ് താണിക്കൽ | 03 | ഫാ. ലിജോ ചാലിശ്ശേരി | 18 |
| ഫാ. ജാക്സൻ ചാലക്കൽ | 04 | ഫാ. സനോജ് അറങ്ങാശ്ശേരി | 18 |
| ഫാ. ചെറിയാൻ പാറക്കൽ | 04 | ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. അൽജോ കരേരക്കാട്ടിൽ | 05 | ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 20 |
| മോൺ. ജോർജ്ജ് കോമ്പാറ | 08 | മോൺ. ജോസഫ് കാക്കശ്ശേരി | 22 |
| ഫാ. ജോർജ്ജ് എടക്കുളത്തൂർ | 11 | ഫാ. ജസ്റ്റിൻ കൈതാരത്ത് | 23 |
| ഫാ. ജോസ് തത്രത്തിൽ | 12 | ഫാ. ജോർജ്ജ് തേർമഠം | 23 |
| ഫാ. സോണി കിഴക്കൂടൻ | 12 | ഫാ. ഫ്രാങ്കോ കവലക്കാട്ട് | 25 |
| ഫാ. സനൽ തോമസ് മാളിയേക്കൽ | 14 | ഫാ. ട്വിങ്കിൾ വാഴപ്പിള്ളി | 25 |

## നാമഹേതുകതിരുനാൾ

| | | | |
|---|---|---|---|
| ഫാ. തോബിയാസ് ചാലക്കൽ | 02 | ഫാ. ക്ലമന്റ് വാഴപറമ്പിൽ | 23 |
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 03 | ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 30 |

**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. വറീത് കടവി | 04 - 11 - 1890 |
| ഫാ. ഗീവർഗ്ഗീസ് തെക്കേക്കര | 07 - 11 - 1933 |
| ഫാ. ആന്റണി മഞ്ഞളി | 09 - 11 - 1895 |
| ഫാ. ജോസഫ് ഇരിമ്പൻ | 09 - 11 - 1957 |
| ഫാ. ഔസേപ്പ് കാച്ചപ്പിള്ളി | 09 - 11 - 1893 |
| ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് | 10 - 11 - 1987 |
| ഫാ. പോൾ അമ്പൂക്കൻ | 11 - 11 - 1969 |
| ഫാ. ജോസഫ് ചിറയത്ത് | 12 - 11 - 1946 |

| | |
|---|---|
| ഫാ. ജോർജ്ജ് പുളിക്കൻ | 14 - 11 - 1854 |
| ഫാ. പോൾ ആലപ്പാട്ട് | 14 - 11 - 1920 |
| ഫാ. ജോസ് മേനാച്ചേരി | 15 - 11 - 1954 |
| ഫാ. ജോൺ കിഴക്കൂടൻ | 15 - 11 - 1960 |
| ഫാ. ജേക്കബ് അന്തിക്കാട്ട് | 16 - 11 - 1980 |
| ഫാ. സെബാസ്റ്റ്യൻ വെള്ളാനിക്കാരൻ | 17 - 11 - 1971 |
| ഫാ. ജോൺ ഊക്കൻ | 20 - 11 - 1944 |
| ഫാ. ജോസഫ് ചാലിശ്ശേരി | 20 - 11 - 1967 |
| ഫാ. ആന്റണി ചെമ്മണ്ണൂർ | 23 - 11 - 2000 |
| ഫാ. ആന്റണി പാണേങ്ങാടൻ | 21 - 11 - 2008 |
| ഫാ. ജോസഫ് മുണ്ടശ്ശേരി | 04 - 11 - 2014 |
| ഫാ. പീറ്റർ പാലയൂർ | 21 - 11 - 2015 |

## അതിരൂപതയുടെ സ്മരണാഞ്ജലി

# നാമകരണ നടപടികൾ

## ദൈവദാസൻ ഫാ. ആന്റണി തച്ചുപറമ്പിൽ

ചേലക്കര സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചനെ അനുസ്മരിച്ചുകൊണ്ടുള്ള ഒക്ടോബർ മാസത്തിലെ ആദ്യവെള്ളിയാചരണം 7-ാം തിയതി ഭക്തിസാന്ദ്രമായി നടത്തപ്പെട്ടു. കഴിഞ്ഞ മാസാദ്യവെള്ളിയാചരണത്തിനുശേഷം വിവിധ വെള്ളിയാഴ്ചകളിൽ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകിയവർ ഫാ. നിബിൻ തളിയത്ത്, ഫാ. ജിജോ പിടിയത്ത്, ഫാ. ബിബിൻ സി.എസ്.ടി. ഫാ. സിജോ മുരിങ്ങാത്തേരി എന്നിവരാണ്. ബഹു. ബ്രദർ ടോമി തോമസ് കാഞ്ഞിരപ്പിള്ളിയാണ് വചനം പങ്കുവച്ചത്. സഹനങ്ങൾ കർത്താവ് തരുന്ന സമ്മാനമാണെന്നും അവയിൽതളർന്നുപോകരുതെന്നും പ്രത്യാശയോടെ ജീവിതത്തെ നോക്കി കാണണമെന്നും ബ്രദർ പറഞ്ഞു. ആദ്യ വെള്ളിയാഴ്ച ജപമാല രാജ്ഞിയുടെ തിരുനാൾ ദിവസമായിരുന്നു. തച്ചുപറമ്പിലച്ചന് പരിശുദ്ധ അമ്മയോടുള്ള ഭക്തി നമുക്കും മാതൃകയാക്കാം.

## ദൈവദാസൻ ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ

ദൈവദാസന്റെ 60-ാം ശ്രാദ്ധദിനം വിവിധ പരിപാടികളോടെ ചൊവ്വന്നൂർ പള്ളിയിൽ നടന്നു. ശ്രാദ്ധാചരണത്തിന്റെ ഭാഗമായി മരത്തംകോട്, കുന്നംകുളം ഭാഗങ്ങളിൽ നിന്നുള്ള പദയാത്രകൾ ചൊവ്വന്നൂരിൽ സംഗമിച്ച് ദേവാലയത്തിലെത്തി. തുടർന്ന് അനുസ്മരണ ബലി, സന്ദേശം, കബറിടത്തിൽ ഒപ്പീസ്, ഊട്ടുവെഞ്ചിരിപ്പ് എന്നീ ചടങ്ങുകൾ നടന്നു. തിരുകർമ്മങ്ങൾക്ക് ഷിക്കാഗോ രൂപത സഹായ മെത്രാൻ മാർ ജോയ് ആലപ്പാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു.

തുടർന്നു നടന്ന ചടങ്ങിൽ ദൈവദാസൻ ഊക്കനച്ചൻ സ്മാരക തപാൽ സ്റ്റാമ്പ് സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ് പ്രകാശനം നിർവ്വഹിച്ചു. നീതിയോടെ പ്രവർത്തിക്കുക, പാവങ്ങളോട് കരുണ കാണിക്കുക, വിനീതനായി ജീവിക്കുക എന്നി പ്രധാന തിരുവചനങ്ങൾ പൂർണ്ണമായി ജീവിതത്തിൽ പ്രാവർത്തികമാക്കിയ മഹദ്വ്യക്തിത്വമായിരുന്നു ദൈവദാസൻ അഗസ്റ്റിൻ ജോണച്ചനെന്ന് ജസ്റ്റിസ് കുര്യൻ ജോസഫ് പറഞ്ഞു.

ഉപവി സന്യാസ സമൂഹത്തിന്റെ സ്ഥാപകനായ ഊക്കനച്ചൻ തനിക്കു ബോധ്യപ്പെട്ട ക്രിസ്തുവിനെ ശരിക്കും ഉൾക്കൊണ്ട് മറ്റുള്ളവരിലേക്ക് പകർന്നുകൊടുത്ത ശ്രേഷ്ഠ വ്യക്തിത്വമാണ്. ഉള്ളതുകൊടുക്കലാണ് യഥാർത്ഥ സാമൂഹ്യപ്രവർത്തനം. പങ്കുവെയ്ക്കാതെ സ്വയം പിടിച്ചു വയ്ക്കുന്ന അറിവും സമ്പത്തും പാപമാണെന്നും ജസ്റ്റിസ് കുര്യൻ ജോസഫ് പ്രസ്താവിച്ചു. ശ്രാദ്ധാചരണത്തോടനുബന്ധിച്ച് കേരള ചിത്രരചനാ മത്സരം, ആരാധനകൾ, ധ്യാനം, പദയാത്ര, രക്തദാനം, രക്തഗ്രൂപ്പ് നിർണ്ണയം, ഡയാലിസിസ് ധനസഹായം തുടങ്ങി നിരവധി പരിപാടികളുണ്ടായിരുന്നു.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

എസ്.എ.ബി.എസ്. പരിശുദ്ധ അമ്മയുടെ നാമം സ്വീകരിച്ചിരിക്കുന്ന ബ. മദർ ലിറ്റിൽ മരിയ തെക്കേക്കരയുടെ നാമഹേതുകത്തിരുനാൾ പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു. ചേറ്റുപുഴ കാർമ്മൽ സദൻ ആശ്രമം സുപ്പീരിയർ റവ. ഫാ. തങ്കച്ചൻ ഞാളിയത്ത് O.Carm.-ന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലി അർപ്പിച്ചു. തിരുകർമ്മങ്ങളിലും തുടർന്ന് നടന്ന സ്നേഹവിരുിലും 'പരിശുദ്ധ അമ്മ – കാരുണ്യത്തിന്റെ മുഖം' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ കലാപരിപാടികളിലും പ്രോവിൻസിലെ എല്ലാ മഠങ്ങളിലും നിന്നുള്ള സിസ്റ്റേഴ്സ് സംബന്ധിച്ചു.

എസ്.എ.ബി.എസ്. മെൽബൺ രൂപതാദ്ധ്യക്ഷൻ മാർ ബോസ്കോ പുത്തൂർ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

04.09.2016 സി.എസ്.എസ്. വി. മദർ തെരേസയുടെ നാമകരണത്തോടനുബന്ധിച്ച് പ്രൊവിൻഷ്യൽ ഹൗസിന്റെ നേതൃത്വത്തിൽ ആഘോഷമായ ജപമാല റാലിയും ആരാധനയും ക്വിസ് മത്സരവും നടത്തുകയുണ്ടായി.

05.092016 സി.എം.സി. സി. ഷാരോൺ എഴുതിയ 'മരണവീട്ടിൽ പാടുന്നതിനുള്ള പാന പഠനവും പ്രസക്തിയും' എന്ന പുസ്തകത്തിന്റെ പ്രകാശനം മാർ റാഫേൽ തട്ടിൽ പിതാവ് നിർവ്വഹിച്ചു.

07.09.2016 എസ്.എ.ബി.എസ്. മാർ റാഫേൽ തട്ടിൽ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

08.09.2016 സി.എസ്.എസ്. പ്രോവിൻസ് ദിനം സമുചിതമായി ആഘോഷിച്ചു. ബഹു. മാത്യു കപ്ലിക്കുന്നേൽ sdb തദവസരത്തിൽ ദിവ്യബലി അർപ്പിച്ചു.

സി.എം.സി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ പ്രോവിൻസ് ഡേ സമുചിതമായി ഘോഷിച്ചു. പ്രോവിൻസിലെ ജൂബിലി കഴിഞ്ഞ എല്ലാ അമ്മമാരേയും പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് അന്നേ ദിവസം ആദരിച്ചു.

എഫ്.സി.സി. തിരൂർ സിയോൻ ഭവനത്തിൽ വെച്ച് ജോമോൻ കൊച്ചുകണിയാംപറമ്പിലിൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന ധ്യാനത്തിൽ 90 സിസ്റ്റേഴ്സ് സംബന്ധിക്കുകയുണ്ടായി.

സി.എസ്.എസ്. പോത്തന്നൂർ സെന്റ് ജോസഫ് ഹോമിൽവച്ച് നടത്തിയ രാമനാഥപുരം രൂപതയുടെ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിലും കാരു

ണ്യവർഷസമാപന ആഘോഷത്തിലും ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ആനി തോമസിയ പങ്കെടുത്തു.

11.09.2016 സി.എം.സി. 2007 ലും 2009 ലും നിത്യവ്രതം ചെയ്ത സിസ്റ്റേഴ്സിനു വേണ്ടി കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 10 ദിവസത്തെ കോഴ്സ് നടന്നു.

സി.എസ്.എസ്. സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച്, ബഹു. വർഗ്ഗീസ് കൊറ്റാപറമ്പിൽ വി.സി. യുടെ നേതൃത്വത്തിൽ നടത്തിയ വാർഷികധ്യാനത്തിൽ 72 സഹോദരിമാർ പങ്കെടുത്തു.

എഫ്.സി.സി. സെപ്റ്റംബർ 11 -ാം തീയതി 3 pm ന് അസ്സീസിയിൽ വെച്ച് അസ്സീസി രശ്മിയുടെ എഡിറ്റോറിയൽ കമ്മിറ്റി മീറ്റിംഗ് നടന്നു.

12.09.2016 സി.എസ്.എം. ജൂനിയർ സിസ്റ്റേഴ്സിന് 2 ദിവസത്തെ Renewal Programme ലൂർദ്ദ് നാഥയിൽ വച്ച് നടന്നു.

സി.എസ്.എം. Province Day യോടനൂബന്ധിച്ച് 24 മണിക്കൂർ ആരാധന നടത്തി.

13.09.2016 എസ്.എ.ബി.എസ്. തൃശൂർ നിർമ്മല മാത സെൻട്രൽ സ്ക്കൂളിൽ വച്ച് നടത്തിയ ഏകദിന സെമിനാറിൽ പഠന വിവാഹ സഹായനിധിയിലെ 110 കുട്ടികൾ പങ്കെടുത്തു.

17.09.2016 എഫ്.സി.സി. കുട്ടംകുളം ആബ്ബാ കോൺവെന്റിൽ 13 അർത്ഥിനികൾ വി. ഫ്രാൻസീസ് അസ്സീസിയുടെ മുറിവേറ്റ തിരുനാൾ ദിനമായ സെപ്റ്റംബർ 17-ാം തീയതി പ്രീ പോസ്റ്റുലൻസി Phase I ലേക്ക് ഔദ്യോഗികമായി പ്രവേശിച്ചു.

എഫ്.സി.സി. സെപ്റ്റംബർ മാസത്തിലെ ഉപവാസപ്രാർത്ഥനാസമ്മേളനം ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ് കോൺവെന്റിൽ വെച്ച് സെപ്റ്റംബർ 17 -ാം തീയതി നടന്നു.

18.09.2016 സി.എസ്.എം. ആലുവ നിവേദിതയിൽ നടന്ന നിവേദിത സമർപ്പിത കൂട്ടായ്മയിൽ സി. റൂബി പങ്കെടുത്തു.

എസ്.എ.ബി.എസ്. ആസ്പിരൻസിയിൽ പ്രവേശിക്കുന്നതിനൊരുക്കമായി പ്രീ-ആസ്പിരൻസ് താണിപ്പുഴയിലെ ദിവ്യകാരുണ്യ ധ്യാനകേന്ദ്രത്തിൽ ഒരാഴ്ചത്തെ ധ്യാനത്തിൽ സംബന്ധിച്ചു.

19.09.2016 സി.എം.സി. വലപ്പാട് Carmel Central School ലെ പുതിയ Block- ന്റെ blessing മാർ റാഫേൽ തട്ടിൽ പിതാവ് നിർവ്വഹിച്ചു. പ്രൊവിൻഷ്യൽ സി.അനിജയും മറ്റ് സിസ്റ്റേഴ്സും ഇതിൽ സംബന്ധിച്ചു.

20.09.2016 സി.എം.സി. മാർ റാഫേൽ തട്ടിൽ പിതാവ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലി അർപ്പിച്ചു.സി.എം.സി. മക്കൾ ഒന്നുചേർന്ന് പിതാവിന് തിരുനാൾ മംഗളങ്ങൾ നേർന്നു.

21.09.2016 സി.എച്ച്.എഫ്.കാരുണ്യ വർഷത്തോടനുബന്ധിച്ച് നവജ്യാതി

പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ ഓർഫനേജുകളിലെയും,അഗതി മന്ദിരങ്ങളിലെയും അന്തേവാസികളുടെ സംഗമം പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. ക്ലാസ്സിലും,കലാപരിപാടികളിലും എല്ലാവരും പങ്കെടുത്തു. സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രൊവിൻഷ്യൽ സി. മേഴ്സി പോൾ, ഉപഹാരം നൽകി അനുമോദിച്ചു.

എഫ്.സി.സി. കാരുണ്യവർഷത്തോടനുബന്ധിച്ച് അസ്സീസി പ്രോവിൻസിൽ സെപ്റ്റംബർ 21 – ാം തീയതി 'മേഴ്സി ഡെ' ആയി ആചരിച്ചു. രാവിലെ 10 മണിക്ക് എം. ഐ. ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന പ്രസ്തുത പരിപാടിയിൽ വിവിധ ഓർഫനേജുകളിലെയും വൃദ്ധ മന്ദിരങ്ങളിലെയും ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്ഥാപനങ്ങളിൽ നിന്നും ധാരാളംപേർ പങ്കെടുത്തു.

എസ്.എ.ബി.എസ്. തൃശൂർ നിർമ്മല മാത സെൻട്രൽ സ്ക്കൂളിൽ വച്ച് ടീച്ചേഴ്സിനായി നടത്തിയ ഏകദിന സെമിനാറിൽ 125 സ്റ്റാഫ് അംഗങ്ങൾ സംബന്ധിച്ചു.

22.09.2016 സി.എം.സി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ ഒരു ദിവസത്തെ CEVA Model & Bench Marking സെമിനാറിൽ എല്ലാ സ്കൂളിലെയും ഹെഡ്മിസ്ട്രസുമാരും ടീച്ചേഴ്സും പങ്കെടുത്തു.

23.09.2016 സി.എം.സി. പ്രോവിൻസിനുവേിയുള്ള ജാഗരണപ്രാർത്ഥന ഫാ. പോൾ കള്ളിക്കാടൻ–ന്റെ നേതൃത്വത്തിൽ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു.

24.09.2016 സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സി പോളിന്റെ നാമഹേതുക തിരുനാൾ പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ഘോഷിച്ചു. ഒളരിക്കര ലിറ്റിൽ ഫ്ളവർ ഇടവക വികാരി റവ.ഫാ.ജോസ് കോനിക്കരയുടെ മുഖ്യകാർമ്മീകത്വത്തിൽ ദിവ്യബലിയർപ്പിച്ചു.

എസ്.എ.ബി.എസ്. Education & Communication Media, Mission & Evangelization –എന്നീ വകുപ്പുകളുടെ Advisory Meeting പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു.

27.09.2016 സി.എം.സി. സെന്റ് വിൻസെന്റ് ഡിപോൾ ഹോസ്പിറ്റലിൽ പുതിയതായി ആരംഭിച്ച Palliative Mobile Care Unit ന്റെ ഉദ്ഘാടനം ഫാ.ഡേവിസ് പട്ടത്ത് നിർവ്വഹിച്ചു.

സി.എസ്.എം. സി. മേഴ്സിയുടെ നേതൃത്വത്തിൽ തോപ്പ് St.Thomas School ൽ 4 ദിവസത്തെ കൗൺസിലിംങ്ങും Empowering Programme-ഉം സംഘടിപ്പിച്ചു.

28.09.2016 സി.എം.സി. പറപ്പൂർ, വെള്ളാറ്റഞ്ഞൂർ, കണിമംഗലം, കണ്ടശാംകടവ് എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ കാനോനിക സന്ദർശനം നടത്തി.

എസ്.എ.ബി.എസ്. സി. ജിൽസി ജോ പുളിക്കൻ, സി. ആൻ ട്രീസ ചെമ്മണ്ണൂർ എന്നിവർ ധോണിയിലെ മരിയൻ ധ്യാനകേന്ദ്രത്തിൽ 50 ദിവസത്തെ പ്രാർത്ഥനാദിനങ്ങളിൽ സംബന്ധിക്കുന്നു.

29.09.2016 എസ്.എ.ബി.എസ്. പാലക്കാട് പ്രോവിൻസിലെ അട്ടപ്പാടി ചിറ്റൂരിലുള്ള വിമല ഭവൻ കോൺവെന്റിന്റെ രജത ജൂബിലി ആഘോഷങ്ങളിൽ ബ. മദർ ലിറ്റിൽ മരിയ തെക്കേക്കര, സി. മാർഗരറ്റ് കൊള്ളന്നൂർ, സി. ടെസ്മി തെക്കിനിയത്ത്, സി. ജോസഫൈൻ പാലത്തിങ്കൽ എന്നിവർ പങ്കെടുത്തു.

30.09.2016 സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ 6 പോസ്റ്റുലൻസ് 1 മാസത്തെ കോഴ്സിനായി ജനറലേറ്റിലേയ്ക്ക് പോയി.

എഫ്.സി.സി. Best PTA Award ന് Peringottukara Seraphic സ്കൂളും Green School Award ന് Nellikkunnu St. Sebastian സ്കൂളും Excellence Award ന് Chittattukara St. Sebastian Eng. Med. L.P.സ്കൂളും അർഹമായി.

**ആദരാഞ്ജലികൾ**



11.09.2016 എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിലെ അംഗമായ സി. മേരി റോസറിറ്റ (82) നിര്യാതയായി. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മഠത്തിലെ ചാപ്പലിൽ അർപ്പിക്കപ്പെട്ട ദിവ്യബലിക്ക് ശേഷം അതിരൂപത വികാരി ജനറാൾ വെരി റവ. ഫാ. ജോർജ് കോമ്പാറയുടെ നേതൃത്വത്തിൽ കർമ്മല മാതാ ഇടവക ദേവാലയത്തിൽ മൃതദേഹം സംസ്ക്കരിച്ചു.



14.09.2016 സി.എം.സി. സി.ബെനറ്റ് നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും ചൂണ്ടൽ മരീന ഹോം മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



15.09.2016 സി.എം.സി. കുരിയച്ചിറ സെന്റ് പോൾസ് മഠാം ഗമായ സി.ഓസ്വിൻ നിര്യാതയായി.. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്ക്ക രിക്കുകയും ചെയ്തു.



19.09.2016 എസ്.എ.ബി.എസ്. പടവരാട് ശാന്തി ഭവൻ മഠാം ഗമായ സി. ബാർബര (92) നിര്യാതയായി. അതി രൂപത വികാരി ജനറാൾ, റവ. ഫാ. ജോർജ് കോമ്പാറയുടെ മുഖ്യകാർമ്മികത്വത്തിൽ മഠത്തിലെ ചാപ്പലിൽ അർപ്പിക്കപ്പെട്ട ദിവ്യബ ലിക്ക് ശേഷം അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ കാർമ്മികത്വത്തിൽ മഠം വക കല്ല റയിൽ മൃതദേഹം സംസ്ക്കരിച്ചു.



30.09.2016 എസ് എൻ.ഡി.എസ്. മുളയം നിർമ്മലദാസി സമർപ്പിത സമൂഹത്തിന്റെ മുൻ സുപ്പീരിയർ ജനറൽ സിസ്റ്റർ മേഴ്സി തട്ടിൽ (63), സെപ്റ്റം ബർ 30–ാം തിയതി രാവിലെ 11.00 മണിക്ക് നിര്യാ തയായി. മൃതസംസ്കാരം 01–10–2016 ഉച്ച തിരിഞ്ഞ് 05.00 ന് മുളയം നോവിഷ്യേറ്റ് ഭവന ത്തിൽ വച്ച് തൃശ്ശൂർ അതിരൂപത മെത്രാപ്പോ ലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.

**സി. ജോസഫൈൻ പാലത്തിങ്കൽ** SABS
സി.ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.in| catechismtrichur@gmail.com

**1. വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ മംഗളങ്ങൾ**

മതാധ്യാപകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയായുടെ തിരുനാളിന്റെ മംഗളങ്ങളും പ്രാർത്ഥനകളും എല്ലാ മതാധ്യാപകർക്കും സ്നേഹപൂർവ്വം നേരുന്നു.

ഈ തിരുനാൾ നവംബർ 6-ാം തിയ്യതി സമുചിതമായി യൂണിറ്റുകളിൽ ആചരിക്കുമല്ലോ. മാതാപിതാക്കളിലും കുട്ടികളിലും മതാധ്യാപനത്തിന്റെ മഹത്വവും മധ്യസ്ഥന്റെ മാതൃകയും മനസ്സിലാക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്താം.

**2. കരുണയുടെ ജൂബിലി സമാപനവും മിശിഹായുടെ രാജത്വത്തിരുനാളും – നവംബർ 20 ഞായർ** പതാക ഉയർത്തി എല്ലാ യൂണിറ്റുകളിലും ആഘോഷമായ ദിവ്യബലിയോടും ക്രിസ്തുരാജ റാലിയോടും കൂടി ഈ തിരുനാൾ സമുചിതമായി ആഘോഷിക്കുന്നത് യേശു രാജാധിരാജനാണ് എന്നത് കുട്ടികളുടെ മനസ്സിൽ ആഴമായി പതിയുന്നതിന് സഹായകമായിരിക്കും.

2015 ഡിസംബർ 8-ന് ആരംഭിച്ച കരുണയുടെ അസാധാരണ ജൂബിലി വർഷം 2016 നവംബർ 20-ന് ഈശോയുടെ രാജത്വത്തിരുനാൾ ദിവസം, സമാപിക്കുകയാണ്. അതോടുകൂടി കരുണ അവസാനിക്കരുത്. ഈ വർഷത്തിനിടയിൽ ലോകമെമ്പാടും ഒരുപാട് കാരുണ്യപ്രവൃത്തികൾ നടന്നുകഴിഞ്ഞു. നമ്മുടെ അതിരൂപതയിലും ധാരാളം കാരുണ്യ പ്രവർത്തനങ്ങൾ മതബോധന യൂണിറ്റുകൾ വഴി ചെയ്തിട്ടുണ്ട്. അതിനു നേതൃത്വം കൊടുത്ത ബഹു. വൈദികരെയും മതാധ്യാപകരെയും അഭിനന്ദിക്കുന്നു. തുടർച്ചയായി, ഇനിയും ധാരാളം ചെയ്യേണ്ടതുണ്ട്. കരുണ അർഹിക്കുന്നവരെ ഇനിയും സഹായിക്കേണ്ടതുണ്ട്. ചെറിയ ക്ലാസ്സുകളിൽ ഹൃദിസ്ഥമാക്കുന്ന 14 കാരുണ്യപ്രവൃത്തികൾ, പ്രായോഗികമാക്കി കുട്ടികൾ വളരണം. ദൈവികകരുണയെക്കുറിച്ചുള്ള അവബോധം വിദ്യാർത്ഥികളിൽ വർദ്ധിപ്പിക്കാൻ ഉചിതമായവ ഇനിയും കൈക്കൊള്ളുമല്ലോ.

**3. Archdiocesan Catechetical Merit Day & ACC Convocation : Sunday, 6-11-2016**

**3. A) ACC Convocation : 10 AM - 5PM**

രാവിലെ 10ന് ആരംഭിക്കുന്നു. 2015-2016 അധ്യയനവർഷത്തിൽ കോഴ്സ് പൂർത്തിയാക്കി ഡിപ്ലോമയ്ക്ക് അർഹരായ എല്ലാ വിദ്യാർത്ഥികളും പങ്കെടുക്കേണ്ടതാണ്. ഡിപ്ലോമയ്ക്ക് അർഹരായവരുടെ പേരുവിവരം Blog -ലെ NOTICE BOARD-ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. (catechismtrichur.blogspot.in/p/notice-board.html)

**3. B) Catechetical Merit Day 02.00 PM.**

**1.** വ്യക്തിഗത സമ്മാനങ്ങൾക്കോ സർട്ടിഫിക്കറ്റുകൾക്കോ അർഹരായവർ താഴെപ്പറയുന്നവരാണ്. (ലിസ്റ്റ് Blog -ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (catechismtrichur.blogspot.in/p/notice-board.html)

**Sunday Catechism**

a) ACC Rank Holders

b) ACC Top Mark Holders

c) Std. XII Rank Holders

d) Scholarship Examination Rank Holders

e) SMCC Prathibha Sangamam Std. VII

f) Full Attendance Std. I to ACC (15 years)

g) Class First in Units Std. I to ACC

h) ACC Eligible for Diploma

**School Catechism & Moral Science**

a) Scholarship Examination Rank Holders

b) KCBC Rank Holders - Moral Science Std. X

**2. Trophies**

**A. Highest points scored in Archdiocesan Examination etc..**

**1) Sunday Catechism**

First: St. Joseph's Church, Kuriachira

Second: St. Sebastian's Church, Puranattukara

**2) School Catechism & Moral Science Firsts**

LP Section : Sacred Heart CLPS, Thrissur
: St. Sebastian's Eng. LPS, Nellikkunnu

UP Section: SH of Mary's CGHS, Kandassankadavu
: Little Flower CGHS, Mammiyur

HS Section: Lourde Matha Eng. HSS, Cherpu

**B) Sunday Catechism Model Units**

(2015-2016 അധ്യയനവർഷം)

1. Forane Level Model Units
2. Archdiocesan Level Best Model Unit

**യൂണിറ്റ്/ സ്കൂൾ അധികൃതരുടെ ശ്രദ്ധയ്ക്ക്.**

1. സമ്മാനർഹരെ അധികൃതർ വഴിയായി പ്രത്യേകം അറിയിക്കുകയും ക്ഷണിക്കുകയും ചെയ്യുന്നുണ്ട്. ACC ഡിപ്ലോമയ്ക്ക് അർഹരായവരെ വ്യക്തിപരമായി ക്ഷണിക്കുന്നുണ്ട്. (സമ്മാനാർഹരുടെ പേരുവിവരം Blog -ലെ NOTICE BOARD-ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. (catechismtrichur.blogspot.in /p/notice-board.html)ഇവരെയൊക്കെ പറഞ്ഞയയ്ക്കേണ്ട കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

2. സമ്മാനർഹരായ കുട്ടികളോടൊപ്പം അവരുടെ മാതാപിതാക്കളെ (ACC ഒഴികെ) പറഞ്ഞയയ്ക്കുവാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

3. ട്രോഫിക്ക് അർഹരായവർ പ്രതിനിധികളേയും കൊണ്ടുവരുമല്ലോ.

4. അതിരൂപതാ മതബോധന കമ്മീഷൻ, പി. ടി. എ. കേന്ദ്രകമ്മിറ്റി എന്നിവയുടെ സഹകരണം പ്രത്യേകം അഭ്യർത്ഥിക്കുന്നു.

## 4. മതബോധന അർദ്ധവാർഷിക പരീക്ഷ

ഈ അധ്യയനവർഷത്തെ അർദ്ധവാർഷിക പരീക്ഷ അവസാനിച്ചുവല്ലോ. ഇതിനോടനുബന്ധിച്ച് ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി തന്നെ ചെയ്യുക. മാതാപിതാക്കൾക്ക് പ്രോഗ്രസ്സ് റിപ്പോർട്ട് കൊടുക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമായിയെടുക്കണം. വാർഷിക പ്രോഗ്രാമിൽ പറഞ്ഞ കാര്യങ്ങൾ കൃത്യമായിതന്നെ ചെയ്യുവാൻ ഹെഡ്മാസ്റ്റർ, സെക്രട്ടറി, ക്ലാസ്സ് ടീച്ചർ എന്നിവർ സഹകരിച്ച് പ്രവർത്തിക്കുക.

## 5. യൂണിറ്റ് വിസിറ്റ്

2016–17 ലെ യൂണിറ്റ് വിസിറ്റ് വളരെ വിജയകരമായിരുന്നു. ഈ വർഷം അവലംബിച്ച രീതി ഫലപ്രദമായിരുന്നെന്നും അതുതന്നെ അടുത്തവർഷവും തുടർന്നാൽ മതിയെന്നുമാണ് ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസിലും യൂണിറ്റ് സന്ദർശകരുടെ യോഗത്തിലും ഉയർന്ന പൊതു അഭിപ്രായം. യൂണിറ്റ് സന്ദർശനത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ട മേന്മകൾ കൂടുതൽ വളർത്തിയും പോരായ്മകൾ പരിഹരിച്ചും യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കുക.

## 6. Aptitude Studies and Examination for Teachers

അതിരൂപതയിലെ എല്ലാ മതാധ്യാപകരും ആപ്റ്റിറ്റ്യൂഡ് പഠനത്തിൽ പങ്കെടുക്കുകയും പരീക്ഷയിൽ വിജയിക്കുകയും ചെയ്യേണ്ടതാണ്. (വാർഷിക പ്രോഗ്രാം പേജ് 60 കാണുക)

**ആപ്റ്റിറ്റ്യൂഡ് : യൂണിറ്റുതല പരീക്ഷ:**

A) യൂണിറ്റുതല പരീക്ഷ: 2016 ഡിസംബർ 4 ഞായർ, 3 PM – 4 PM. (നിശ്ചയിച്ചിരിക്കുന്ന ഈ സമയത്തുതന്നെ പരീക്ഷ നിർബന്ധമായും നടത്തേണ്ടതാണ്.)

B) ഈ പഠനത്തിന് അടുത്ത 3 വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ള പുസ്തകം ഇനിയും ലഭിക്കാത്ത അധ്യാപകർക്ക് യൂണിറ്റിൽ നിന്നും നിർബന്ധമായി വാങ്ങികൊടുക്കേണ്ടതാണ്.

C) യൂണിറ്റു തലത്തിൽ പരീക്ഷ നടത്തുന്നതിനു ആവശ്യമായ ചോദ്യപേപ്പറും ഫോമുകളും നവംബർ 28 മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും കൊണ്ടുപോകാവുന്നതാണ്.

D) യൂണിറ്റുതലത്തിൽ പരീക്ഷ എഴുതിയ എല്ലാ അധ്യാപകരുടേയും ഉത്തരകടലാസ്സുകൾ അതാത് യൂണിറ്റിൽ വികാരിയച്ചന്റെ / ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ മൂല്യനിർണ്ണയം ചെയ്തതിനു ശേഷം ഹെഡ്മാസ്റ്റർ മതബോധനകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. മൂല്യനിർണ്ണയത്തിന് ഉത്തരസൂചിക മതബോധനകേന്ദ്രത്തിന്റെ Blog-ൽ നിന്നും ലഭിക്കുന്നതാണ്.

E) യൂണിറ്റുതല പരീക്ഷയ്ക്കുശേഷം എല്ലാ അധ്യാപകരുടേയും പേരോടുകൂടിയ Mark List മതബോധനകേന്ദ്രത്തിൽ ലഭിക്കേണ്ട അവസാന തിയതി: December 18

F) **ആപ്റ്റിറ്റ്യൂഡ് : പുനഃപരീക്ഷ**

യൂണിറ്റുതലത്തിൽ പരീക്ഷ എഴുതാത്തവർക്ക് 2016 ഡിസംബർ 18 ഞായറാഴ്ച പുനഃപരീക്ഷ മതബോധനകേന്ദ്രത്തിൽ വച്ച് നടത്തുന്നതായിരിക്കും. സമയം: 3 PM – 4 PM.

G)**ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷ:**

തിയതിയും സമയവും : 2016 ഡിസംബർ 18 ഞായർ,

2.30 PM – 4.30 PM

സ്ഥലം : മതബോധനകേന്ദ്രം

**അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാവുന്നവർ**

1) ഓരോ യൂണിറ്റിൽനിന്നും ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ വ്യക്തി (ഒരാൾമാത്രം)

2) യൂണിറ്റിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ വ്യക്തിക്കുപുറമേ, 88 ശതമാനമോ അതിനുമുകളിലോ മാർക്കുള്ളവരുണ്ടെങ്കിൽ അവർക്കും പങ്കെടുക്കാം. ഇക്കാര്യം സാക്ഷ്യപ്പെടുത്തി ബഹു. വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററുടെയോ കത്ത് പരീക്ഷയ്ക്കുവരുമ്പോൾ ഇവർ കൊണ്ടുവരണം. ഈ കത്തായിരിക്കും ഇവരുടെ ഹാൾടിക്കറ്റായി പരിഗണിക്കുക. ഇവർക്ക് വേറെ ഹാൾടിക്കറ്റ് ഉണ്ടായിരിക്കില്ല.

**അതിരൂപതാതല പരീക്ഷയ്ക്കുള്ള അധികപാഠ്യഭാഗം** (Additional Portion):

ഫ്രാൻസിസ് മാർപ്പാപ്പയുടെ "കർത്താവേ, അങ്ങേക്കുസ്തുതി" (*Laudato Si*) എന്ന ചാക്രികലേഖനത്തിന്റെ അധ്യായം 6.

**7. താഴെപ്പറയുന്ന ലിസ്റ്റുകൾ മതബോധനകേന്ദ്രത്തിൽ ലഭിച്ചു എന്ന് ഉറപ്പുവരുത്തുക**

1. Std. XII Students Bio-Data with Photo
2. ACC University Resgistration Form (Individual)
3. Std. XII & ACC Teachers List
4. Half Yearly Exam.Mark List of Std. XII Students

**8. അധ്യാപകർക്കുള്ള ഏകദിന സെമിനാർ**

വാർഷിക പ്രോഗ്രാം പേജ് 57, 58 കാണുക

നവംബർ 13 - Std. VII & VIII

നവംബർ 20- Std. IV, V, & VI

നവംബർ 27- Std. I, II & III

എല്ലാ അധ്യാപകരും നിർബന്ധമായും ഏകദിനസെമിനാറിൽ മുഴുവൻസമയവും പങ്കെടുക്കേണ്ടതാണ്. നിശ്ചിതദിവസം പൂർണ്ണമായി പങ്കെടുക്കാൻ സാധിക്കാത്തവർ മറ്റൊരുദിവസം പങ്കെടുക്കണം. അക്കാര്യം മതബോധന കേന്ദ്രത്തിൽ അറിയിക്കണം. എല്ലാവരും അവസാനദിവസത്തേക്ക് നീട്ടിവയ്ക്കരുത്. അവസാനത്തെ സെമിനാർ നവംബർ 27ന് ആണ്. അന്നേദിവസം പങ്കെടുക്കാൻ അസൗകര്യമുള്ളവർ അതിനുമുമ്പുള്ള സെമിനാറിൽ പങ്കെടുക്കണം.

**9. സമയോചിതമായ അധ്യാപനം**

ഔദ്യോഗിക ടെക്സ്റ്റ് പുസ്തകങ്ങൾക്കു പുറമെ അവസരോചിതമായ പലതും കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ അധ്യാപകർക്ക് സാധിക്കും. എല്ലാ ക്ലാസ്സുകളിലും 5 മിനിറ്റ് അതിന് ഉപയോഗിക്കാം. ഓരോ ഞായറാഴ്ചയും അതിനുള്ള ഒരവസരം അധ്യാപകർ കാണണം. ചില ഉദാഹരണങ്ങൾ: നവംബറിൽ

1. വി. ചാൾസ് ബൊറോമിയോ
2. മിശിഹായുടെ രാജത്വതിരുനാൾ
3. ശുദ്ധീകരാത്മാക്കൾ തുടങ്ങിയവ.....

നമ്മുടെ എല്ലാ അധ്യയന ദിവസങ്ങളിലും അങ്ങിനെ ഏതെങ്കിലും ഒരു ചെറിയ കാര്യത്തിൽ തുടങ്ങി നമ്മുടെ സിലബസ്സിലേക്ക് വരാം.

**Fr. Tens Kunnappilly**
**Fr. Jijo Kappilamnirappel**

**Fr. Raphael Akkamattathil**
**Director**

**10. Rank Holders**

Sunday Catechism Rank Holders

ACC 3 Years Diploma Course Successfully Completed



***First Rank***
**Minu Jose**
Puthur



***Second Rank***
**Sneha Simon**
Chengalur



***Third Rank***
**Anattmol R.R**
Vellanikode

**ACC 2015 - 2016 Annual Examination - Top Mark Holders**



***First Prize***
**Geethu C. Jose**
Thandilam



***Second Prize***
**Teena Rose**
Peramangalam



***Third Prize***
**Anitta Antony K.**
Chittattukara

**Std. XII Annual Common Examination**



***First Rank***
**Ans Mariya Joy**
Snehapuram



***Second Rank***
**Jomol John**
Parappur



***Third Rank***
**Steffy Paul**
Machad

Scholarship Examination **First Rank Holders**

**Sunday Catechism**



***Std. IV***
**Rinya Ragi**
Karumathra



***Std. V***
**Lisna Ouseph**
Puranattukara



***Std. VI***
**Aafron Tony**
Kuriachira



***Std. VII***
**Navya N. Thomas**
Vijayapuram



***Std. VIII***
**Aleena P.R.**
Wadakkanchery



***Std. IX***
**Annlitta Biju**
Erumapetty



***Std. X***
**Chris Francis**
Kuriachira



***Std. XI***
**Jisna K.J.**
Peruvallur

**School Catechism**



***St. IV***
**Anet Byju**
St. Sebastians Eng.LPS,
Nellikkunnu



***St. VII***
**Viya Maria Joju**
S.H. of Mary's CGHS
Kandassankadavu



***Std. X***
**Alma Rose**
Lourde Matha Eng. HSS
Cherpu

**Moral Science**



***St. IV***
**Harinandhana Baiju**
Sacred Heart C. LPS
Thrissur



***Std. VII***
**Isha Ashraf**
Little Flower CGHS
Mammiyur



***Std. X***
**Anusree Pradeep C.**
Little Flower CGHS
Mammiyur

**SMCC Prathiba Sangamam - Syro-Malabar Church Level**
**Std. VII**



**Nirmal Peter**
Chittilappilly



**Sanal Stalin**
Prathiba
Elthuruth



**Alin Maria Thomas**
Prathiba
Viyyur



**Anisha Antony**
Thrikkur

**Moral Science Annual Examination January 2016 :**
**KCBC Winners (More than 90% Marks in Std. X )**



**Aparna Raj**
Lourde Matha Eng. HSS
Cherpu



**Meena Jayadevan**
St. Mary's CGHS
Ollur



**Neelima Reghunath**
Lourde Matha Eng. HSS
Cherpu

## Full Attendance Std. I to ACC (15 Years)



**Christopher Louis**
Venginissery



**Jinsha Shaji**
Valakkavu



**Fraseena Francis**
Arimpur



**Neethu Antony**
Kottekad

## First in Class Unit - Std. 1 to ACC



**Feba Joseph**
Orumanayoor

# INSTITUTE OF THEOLOGY, TRICHUR

(Phone : 0091-0487- 2333245)

E-mail: Institute.of.theology@gmail.com

## B. A. in Theology and Religious Studies :

ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2017 ജനുവരി 8 -ാം തിയ്യതി ആരംഭിക്കുന്നു. ഞായറാഴ്ചകളിൽ 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9.30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office -മായി ബന്ധപ്പെടുക.

## Correspondence Theology Course :

കറസ്പോൻണ്ടസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ നവംബർ 13, 27 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.

സ്നേഹപൂർവ്വം,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ** (ഡയറക്ടർ)

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

**നാമഹേതുക തിരുനാൾ**

വിശുദ്ധ റാഫേൽ മാലാഖയുടെ തിരുനാളിനോടനുബന്ധിച്ച് സെപ്തംബർ 28-ാം തിയതി അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് സെമിനാരിയിൽ വിശുദ്ധ കുർബ്ബാനയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. തദവസരത്തിൽ സംഘടിപ്പിച്ച കൂട്ടായ്മയിൽ വച്ച് സെമിനാരി കുടുംബം അഭിവന്ദ്യ പിതാവിന് തന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുനാൾ ആശംസകൾ നേർന്നു.

**വാർഷിക ധ്യാനം**

ഒക്ടോബർ 7 മുതൽ 11 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ കുറുമാൽ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ വെച്ച് വൈദിക വിദ്യാർത്ഥികൾ വാർഷിക ധ്യാനം നടത്തി. ബഹു. ബെന്നി പീറ്ററച്ചനും ടീമംഗങ്ങളുമാണ് ധ്യാനത്തിന് നേതൃത്വം നൽകിയത്. എല്ലാവർക്കും ആത്മീയമായ ഉണർവ്വ് നൽകും വിധം ധ്യാനം നയിച്ച ഗാഗുൽത്താ ധ്യാന ടീമിലെ എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

**എക്സ്റ്റൻഷൻ ലക്ച്വർ & എക്സിബിഷൻ**

'ക്രിസ്തീയ കല' എന്ന വിഷയത്തെ അധികരിച്ച് ഒക്ടോബർ 16-ാം തിയതി ബഹു. ഡോ. പോൾ കാട്ടുക്കാരൻ പ്രഭാഷണം നടത്തി. വിഷയവുമായി ബന്ധപ്പെട്ട ദേശീയ നിലവാരമുള്ള എക്സിബിഷനും ബഹു. അച്ചന്റെ നേതൃത്വത്തിൽ അന്നേ ദിവസം ഒരുക്കിയിരുന്നു. ക്രിസ്തീയ ജീവിതം പരിപോഷിപ്പിക്കുന്നതിൽ കലയ്ക്കുള്ള അതുല്യമായ സ്ഥാനം മനസ്സിലാക്കാൻ ഈ ഉദ്യമങ്ങൾ വളരെയധികം സഹായിച്ചു. ബഹു. പോളച്ചന് അകമഴിഞ്ഞ നന്ദി.

**മിഷൻ ദിനം**

ഒക്ടോബർ 23-ാം തിയതി മിഷൻ ദിനമായി സെമിനാരിയിൽ ആചരിച്ചു. പ്രേഷിത ചൈതന്യം ഉൾകൊണ്ട് പ്രാർത്ഥിക്കാനും പ്രേഷിത പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് സ്വരൂപിക്കാനും എല്ലാവരും തീക്ഷ്ണമായി യത്നിച്ചു. മഡോണ നനഗർ ഇടവകാംഗങ്ങളും ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിലെ വിദ്യാർത്ഥികളും ഈ സംരംഭങ്ങളിൽ ഞങ്ങളോടൊത്ത് സഹകരിച്ചു

**ഏകദിന സെമിനാറുകൾ**

പതിവുപോലെ ഈ വർഷവും മൈനർ സെമിനാരിയിൽവെച്ച് 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കായി യഥാക്രമം നവംബർ 19, 29 എന്നീ തിയതികളിൽ ഏകദിന ജീവിത മാർഗ്ഗദർശന സെമിനാറുകൾ നടത്തുന്നു. രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 4 വരെയാണ് സെമിനാറുകൾ നടക്കുക.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. സി.എ. ലാസർ, ചുങ്കത്ത് ഹൗസ്, പാവറട്ടി
2. ശ്രീമതി അച്ചാമ യു.ഡി., കുരുതുകുളങ്ങര കൂള ഹൗസ്, മണ്ണുത്തി

ദൈവം തങ്ങൾക്ക് നൽകുന്നതിൽ നിന്ന് ദൈവിക കാര്യങ്ങൾക്കായി സന്മനസ്സോടെ സമർപ്പണം ചെയ്യുന്ന ഏവരേയും അവിടുന്ന് അനുഗ്രഹങ്ങൾകൊണ്ട് ധന്യമാക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
(റെക്ടർ)

## കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...... ആചരിക്കാൻ – 2016 നവംബർ**

| | | |
|---|---|---|
| നവംബർ 1 (ചൊവ്വ) | - | കേരളപ്പിറവി ദിനം, സകല വിശുദ്ധരുടേയും തിരുനാൾ |
| നവംബർ 2 (ബുധൻ) | - | സകല മരിച്ചവരുടെയും ഓർമ്മദിനം |
| നവംബർ 4 (വെള്ളി) | - | ആദ്യവെള്ളി, വി. കുർബ്ബാന |
| നവംബർ 7 (തിങ്കൾ) | - | സി.വി. രാമൻ ദിനം, ദേശീയ ശാസ്ത്രദിനം |

നവംബർ 14 (തിങ്കൾ) - ശിശുദിനം, ജവഹർലാൽ നെഹ്റു ജന്മദിനം
നവംബർ 19 (ശനി) - പൗരദിനം, ഇന്ദിരഗാന്ധി ജന്മദിനം
നവംബർ 24 (വ്യാഴം) - എൻ. സി. സി. ദിനം
നവംബർ 30 (ബുധൻ) - വി. അന്ത്രയോസ് ശ്ലീഹാ തിരുനാൾ

**2. ശിശുദിനം**

നവംബർ 14 തിങ്കളാഴ്ച ശിശുദിനമാണ്. എല്ലാ വിദ്യാലയങ്ങളിലും ശിശുദിനം സമുചിതമായി ആഘോഷിക്കുമല്ലോ. അദ്ധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക പരിപാടികൾ നടത്തുന്നത് ശ്ലാഘനീയമാണ്. എല്ലാ കുഞ്ഞുമക്കൾക്കും ശിശുദിനാശംസകൾ.

**3. നാമഹേതുക തിരുനാൾ**

നവംബർ 30ന് ബുധനാഴ്ച അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുക തിരുനാളാണ്. അന്നേ ദിവസം അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും പിതാവിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. അഭിവന്ദ്യപിതാവിന് അതിരൂപതയിലെ എല്ലാ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രാർത്ഥനാനിർഭരമായ തിരുനാൾ ആശംസകൾ.

**4. സ്കൂൾ മാനേജർമാരുടെ യോഗം**

തൃശ്ശൂർ അതിരൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലേയും മാനേജർമാരുടെ ഒരു യോഗം ഒക്ടോബർ 3ന് തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് മെത്രാസന മന്ദിരത്തിൽവെച്ച് കൂടുകയുണ്ടായി. ഈ യോഗത്തിൽ ഓരോ വിദ്യാലയത്തിലേയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഓരോ ഇടവകയിലേയും നോമിനേഷൻ ലിസ്റ്റ് നല്കുകയും ചെയ്തു. കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ അഡ്വൈസറി ബോർഡിലേയ്ക്കുള്ള മാനേജർമാരുടെ പ്രതിനിധികളായി ഫാ. ജെയിംസ് വടക്കൂട്ട് (HSS) ഫാ. വർഗ്ഗീസ് കൂത്തൂർ (HS) ഫാ. ജോൺ കിടങ്ങൻ (UP) ഫാ. ലൂവീസ് എടക്കളത്തൂർ (LP) എന്നിവരെ തെരഞ്ഞെടുത്തു.

**5. അദ്ധ്യാപക നിയമനങ്ങൾ**

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ ഭരണഘടനയനുസരിച്ച് അദ്ധ്യാപക നിയമനങ്ങൾ പൂർണ്ണമായും ഏജൻസിയിൽ നിക്ഷിപ്തമാണെന്ന് അറിയിക്കുന്നു. ഇതിനു വിപരീതമായി അപേക്ഷകൾ സ്വീകരിക്കുകയോ ഇന്റർവ്യൂകൾ നടത്തുകയോ, പത്രപരസ്യങ്ങൾ നടത്തുകയോ ചെയ്യുന്നത് നിയമവിരുദ്ധമാണെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപ്പറേറ്റ് മാനേജർ

## സെൻ്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**മോൺ. ജോൺ പാലോക്കാരൻ സ്ക്വയർ ഉദ്ഘാടനവും വിദ്യാഭ്യാസ മന്ത്രിയ്ക്ക് സ്വീകരണവും**

കേരളത്തിലെ ചരിത്രപ്രസിദ്ധമായ സെൻ്റ് തോമസ് കോളേജിൽ മോൺ. ജോൺ പാലോക്കാരൻ സ്ക്വയറിൻ്റെ ഉദ്ഘാടനവും കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് മന്ത്രി, പ്രൊഫ. സി. രവീന്ദ്രനാഥിനു സ്വീകരണവും സംയുക്തമായി സംഘടിപ്പിച്ചു. കോളേജിലെ സ്ഥാപനകാലം മുതൽ (1919–1948) മൂന്നു പതിറ്റാണ്ടോളം പ്രിൻസിപ്പാളായിരുന്ന മോൺ. ജോൺ പാലോക്കാരൻ്റെ സ്മരണാർത്ഥം അക്കാദമിക് ബ്ലോക്കിൽ പണി കഴിപ്പിച്ച രണ്ടായിരത്തോളം പേർക്ക് സൗകര്യപ്രദമായി ഇരിക്കാവുന്ന ഓഡിറ്റോറിയം ഇനി മോൺ. ജോൺ പാലോക്കാരൻ സ്ക്വയർ എന്നറിയപ്പെടും. കാൽ നൂറ്റാണ്ടോളം കോളേജിലെ കെമിസ്ട്രി ഡിപ്പാർട്ട്മെൻ്റിൽ അദ്ധ്യാപകനായിരുന്ന, ഇപ്പോഴത്തെ കേരള സംസ്ഥാന വിദ്യാഭ്യാസമന്ത്രി പ്രഫ. സി. രവീന്ദ്രനാഥിനുള്ള സ്വീകണവും ഇതോടൊപ്പം നിർവഹിച്ചു.

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ കോളേജ് മാനേജർ മാർ റാഫേൽ തട്ടിൽ അദ്ധ്യക്ഷനായിരുന്നു. *സഹപാഠിക്കൊരു വീട്* എന്ന പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം ബഹു. കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ നിർവഹിച്ചു. തൃശൂർ കോർപ്പറേഷൻ മേയർ അജിത ജയരാജൻ, തൃശൂർ എം.പി. സി.എൻ. ജയദേവൻ, അഡ്വ. എം.കെ. മുകുന്ദൻ, കൗൺസിലർ കെ. മഹേഷ്, ഡോ. ജോർജ് അലക്സ്, പാട്രിക് മാത്യു, ഫ്രാങ്കോ ചിറമൽ, പ്രഫ. പി.ആർ. ജെയ്ക്കബ്, ഡോ. സി.കെ. തോമസ്, അഗസ്റ്റിൻ ബെന്നി എന്നിവർ ആശംസകളർപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. ജെൻസൻ പി.ഒ. സ്വാഗതവും പ്രോഗ്രാം കൺവീനർ ഡോ. ജോബി തോമസ് നന്ദിയും പറഞ്ഞു.

**വജ്രജൂബിലി – ടൂറോഫെസ്റ്റ് 2016**

തൃശൂർ സെൻ്റ് തോമസ് കോളേജ് (ഓട്ടോണമസ്) കൊമേഴ്സ് ഗവേഷണവകുപ്പിൻ്റെ വജ്രജൂബിലിയും ടൂറിസം ദിനാചരണത്തിൻ്റെ ഭാഗമായി സംഘടിപ്പിച്ചുവരുന്ന ടൂറോ ഫെസ്റ്റ് 2016ൻ്റെ വിളംബര ഘോഷയാത്രയും മെഡ്ലിക്കോട്ട് ഹാളിൽ വച്ച് ഉദ്ഘാടനം ചെയ്തു.

വജ്രജൂബിലി ഉദ്ഘാടനം തൃശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ നിർവഹിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൊമേഴ്സ് വകുപ്പ് മുൻ മേധാവികളായ പ്രൊഫ. എ.ജെ. വർഗീസ്, പ്രൊഫ. മാത്യു കൂള എന്നിവരും കൊമേഴ്സ് പൂർവ വിദ്യാർത്ഥി സംഘടന പ്രസിഡൻ്റ് പി.എം തോമസ്, കോളേജ് ബർസാർ ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻ്റ് പാ

ട്രിക് മാത്യു കെ., പ്രൊഫ. പോൾ ജോസ് പി., പ്രൊഫ. ദിവ്യ ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. തദവസരത്തിൽ കൊമേഴ്സ് ഗവേഷണവകുപ്പിന്റെ ഇതുവരെയുള്ള വിവിധ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപമായ കൊമേഴ്സ് ടൈംസ് ന്യൂസ് ലെറ്റർ തൃശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പ്രകാശനം ചെയ്തു. കൊമേഴ്സ് വകുപ്പ് മേധാവി ഡോ. തോമസ് പോൾ കാട്ടൂക്കാരൻ സ്വാഗതം അർപ്പിച്ച യോഗത്തിൽ വജ്രജൂബിലി ആഘോഷ കമ്മിറ്റി കൺവീനർ ഡോ. ബിജു ജോൺ എം. നന്ദി രേഖപ്പെടുത്തി. ടൂറോഫെസ്റ്റ് 2016ന്റെ ഭാഗമായി നടന്ന ഡോ. പി.ഒ. ജോർജ് എന്റോവ്മെന്റ് മത്സരത്തിൽ അൽഫർഡ് ജെറിറ്റ് (ബിഎസ്സി ഫിസിക്സ്), ബെസ്റ്റ് മെയിൽ സിംഗറായും, ശ്രുതി സജി (എംഎ ഇംഗ്ലീഷ്) ബെസ്റ്റ് ഫീമെയിൽ സിംഗറായും തെരഞ്ഞെടുക്കപ്പെട്ടു.

പ്രൗഢഗംഭീരമായ സമാപനചടങ്ങിന്റെ ഉദ്ഘാടനം തൃശൂർ മേയർ അജിത ജയരാജൻ നിർവഹിച്ചു. തൃശൂർ ജില്ലാ കളക്ടർ എ. കൗശികൻ ഐ.പി.എസ്. മുഖ്യപ്രഭാഷകനായ ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. ജെൻസൻ പി.ഒ. അദ്ധ്യക്ഷതവഹിച്ചു.

**സൃഷ്ടി 2കെ16**

തൃശൂർ സെന്റ് തോമസ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗം വർഷം തോറും നടത്തിവരുന്ന ടെക്നോ കൾച്ചറൽ ഫെസ്റ്റായ സൃഷ്ടി 1.6 ലിവ് ദ് ടൈം ഈ വർഷവും വളരെ ആഘോഷകരമായി നടത്തപ്പെട്ടു. കലയും സാങ്കേതികതയും കൈകോർത്ത ഈ വേദിയിൽ ഇരുന്നൂറിലേറെ വിദ്യാർത്ഥികളാണ് മാറ്റുരച്ചത്. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ക്വിസ് മത്സരവും കോളേജ് വിദ്യാർത്ഥികൾക്കായി ഡിബക്ഷിംഗ്, ട്രഷർ ഹണ്ട്, ഐ.ടി.ജാം, ഐ.ടി. മാനേജർ, ലാൻ ഗെയിം, റൂബിക്സ് ക്യൂബ് എന്നീ മത്സരങ്ങളും അഞ്ച് വേദികളിലായി അരങ്ങേറി. പ്രോജക്ട് പ്രസന്റേഷൻ, ഫോട്ടോഗ്രഫി എന്നീ മത്സരങ്ങളും ഇരുന്നൂറോളം വിദ്യാർത്ഥികൾക്കു പുറമേ മെഗാ ഇവന്റ് ആയ ഇന്റർ കോളേജിയേറ്റ് ഡാൻസ് ഫെസ്റ്റിവലിൽ പത്തോളം കലാലയങ്ങളും മാറ്റുരച്ചു. ഉദ്ഘാടനം സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ നിർവഹിച്ചു. ഡാൻസ് ഫെസ്റ്റിവലിൽ ഒന്നാം സ്ഥാനത്തിന് തൃശൂർ സെന്റ് തോമസ് കോളേജും രണ്ടാം സ്ഥാനത്തിന് സേക്രഡ് ഹാർട്ട് കോളേജും മൂന്നാം സ്ഥാനത്തിന് അമല നഴ്സിംഗ് കോളേജും അർഹരായി. തദവസരത്തിൽ ലണ്ടൻ ട്രിനിറ്റി കോളേജിന്റെ യങ്ങ്സ്റ്റ് ഇന്ത്യൻ എഫ്ടിസിഎൽ ജേതാവായ പിയാനിസ്റ്റ് മാസ്റ്റർ മിലൻ മനോജിന്റെ മാസ്മരിക പ്രകടനം സദസിനെ കോരിത്തരിപ്പിച്ചു. കമ്പ്യൂട്ടർ സയൻസ് മേധാവി ഡോ. ജിജു എ. മാത്യു, ഡോ. അനിൽ ജോർജ്ജ് കോങ്കോത്ത് (സ്റ്റാഫ് കോർഡിനേറ്റർ) എന്നിവർ പരിപാടിയ്ക്ക് നേതൃത്വം നൽകി.

## പുസ്തക പ്രകാശനം നടന്നു

സെന്റ് തോമസ് കോളേജിലെ മലയാള വിഭാഗം അദ്ധ്യാപികായ സിസ്റ്റർ ഷീബ (ഷാരോൺ) രചിച്ച മരണവീട്ടിൽ പാടുന്നതിനുള്ള പാന, പഠനവും പ്രസക്തിയും എന്ന പുസ്തകം 2016 സെപ്റ്റംബർ അഞ്ചിന് മേനാച്ചേരി ഹാളിൽ വച്ച് കോളേജ് മാനേജർ മാർ റാഫേൽ തട്ടിൽ പ്രകാശനം ചെയ്തു.

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
**ബർസാർ**

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
**പി.ആർ.ഒ.**

---

## THRISSUR EDUCATIONAL TRUST & Jyothi Engineering College

▸▸ **കാരുണ്യ സ്പർശവുമായി ജ്യോതിയിലെ യുവ എഞ്ചിനീയർമാർ** : ആഘോഷം അപരന്റെ വേദനകളേയും കണ്ടറിയണം എന്ന സന്ദേശവുമായി ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ഒരു കൂട്ടം യുവ എഞ്ചിനീയർമാർ മാതൃകയായി. ആഘോഷങ്ങൾക്ക് ചിലവാക്കുന്ന പണം സ്വരുക്കൂട്ടി ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം നാലാം വർഷ വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന്, ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ തിരുവോണദിനത്തിലെ ഡയാലിസിസ് സൗജന്യമായി നടത്താൻ തീരുമാനിച്ചു. ധൂർത്തിന്റെയും ആർഭാടത്തിന്റെയും ഉപഭോഗ സംസ്ക്കാരത്തിന്റെയും ഇരകളായ ഇന്നത്തെ യുവ തലമുറയ്ക്ക് മാതൃകയായി, ഓണാഘോഷത്തിനുവേണ്ടി സ്വരൂപിച്ച 40000 രൂപ നിർദ്ധനരായ ഡയാലിസിസ് രോഗികൾക്കായി സംഭാവന നല്കി. അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. കെ.കെ. ബാബു, മെക്കാനിക്കൽ വിഭാഗം മേധാവി പ്രൊഫ. കെ.സി. ജോൺ എന്നിവരിൽ നിന്ന് സംഭാവന, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിജോ ചെറുവത്തൂർ സ്വീകരിച്ചു.

▸▸ **എൻ.എസ്.എസ്. സപ്തദിനക്യാമ്പ്** : കോളേജിലെ എൻ.എസ്.എസ്. യൂണിന്റെ നേതൃത്വത്തിൽ സെപ്തംബർ 8 മുതൽ 14 വരെ എൻ.എസ്.എസ്. വളണ്ടിയർമാർക്കായി വടക്കാഞ്ചേരി ഗവ. ഗേൾസ് ഹൈസ്ക്കൂളിൽ വെച്ച് സപ്തദിന ക്യാമ്പ് സംഘടിപ്പിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം കോഡിനേറ്റർ പ്രൊഫ. കെ.എസ്. ശിവകുമാറിന്റെ നേതൃത്വത്തിൽ സംഘ

ടിപ്പിച്ച ക്യാമ്പിൽ 100 ലധികം വളണ്ടിയർമാർ പങ്കെടുത്തു. പ്രസ്തുത ക്യാമ്പിന്റെ ഉദ്ഘാടനം തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഷീല വിജയകുമാർ നിർവ്വഹിച്ചു. ഡോ. ലത, ഡോ. സുജയ മധുസൂതനൻ,(വടക്കാഞ്ചേരി താലൂക്ക് ഹോസ്പിറ്റൽ) തുടങ്ങിയവർ വിവിധ വിഷയങ്ങളിലായി ക്ലാസുകൾക്ക് നേതൃത്വം നല്കി. ഏഴ് ദിവസങ്ങളിലായി നടന്ന ക്യാമ്പിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വടക്കാഞ്ചേരി ഗവ. ഗേൾസ് ഹൈസ്ക്കൂൾ, വടക്കാഞ്ചേരി താലൂക്ക് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി.

- **സാന്ത്വന ജ്യോതി തെളിയിച്ച് ജ്യോതിയിലെ എൻ.എസ്.എസ്. യൂണിറ്റ്** : ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ എൻ.എസ്.എസ്. യൂണിറ്റ് അംഗങ്ങൾ മാനവീയം-16 ന്റെ ഭാഗമായി അത്താണി പോപ്പ് പോൾ മേഴ്സി ഹോമിൽ സന്ദർശനം നടത്തി. പ്രോഗ്രാം ഓഫീസർ പ്രൊഫ. ശിവകുമാറിന്റെ നേതൃത്വത്തിൽ 50ൽ പരം വിദ്യാർത്ഥികൾ കരുണാലയത്തിൽ സാന്ത്വനജ്യോതി തെളിയിച്ചു. മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന അന്തേവാസികളായ കുട്ടികൾക്കും മുതിർന്നവർക്കും വിദ്യാർത്ഥികൾ സ്നേഹോപഹാരങ്ങൾ നല്കി, തങ്ങളുടെ കരുതലും സ്നേഹവും പ്രകടിപ്പിച്ചു. മേഴ്സി ഹോം ഡയറക്ടർ ഫാ. ജോജു ആളൂർ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് വിശദീകരിച്ചു നല്കുകയും സന്ദർശനത്തിന് നന്ദി പറയുകയും ചെയ്തു.

- **റസ്റ്റ് സിസ്റ്റം പ്രോഗ്രാമിംഗ് ശില്പശാല** : സെപ്തംബർ 30ന്, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് വിഭാഗം സ്റ്റുഡൻസ് അസോസിയേഷന്റെ ഈ അദ്ധ്യയനവർഷത്തിലെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും റസ്റ്റ് സിസ്റ്റം പ്രോഗ്രാമിംഗ് ശില്പശാലയും നടത്തി. റിക്കേഴ്സീവ് ലാബ്സ് സ്ഥാപകൻ ശ്രീ. പ്രമോദ് സി.ഇ. ഉദ്ഘാടനം നിർവ്വഹിക്കുകയും ശില്പശാലക്ക് നേതൃത്വം നല്കുകയും ചെയ്തു. കേരള സ്റ്റാർട്ട് അപ് മിഷന്റേയും കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യയുടേയും സംയുക്താഭിമുഖ്യത്തിലാണ് പ്രസ്തുത ശില്പശാല സംഘടിപ്പിച്ചത്. കോളേജ് പ്രിൻസിപ്പൽ ഡോ. കെ. കെ. ബാബു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അസി. മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, അഡ്മിനിട്രേറ്റർ എഞ്ചിനീയർ തോമസ് മാത്യു, കമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാവി പ്രൊഫ. രാജപ്പൻ പിള്ള, സീനിയ ഫ്രാൻസിസ് എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

- **ഹാക്കത്തോൺ – അഗോറ'16** : സെപ്തംബർ 23, 24 തിയ്യതികളിൽ കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം, എസ്എഇ ഇന്ത്യ, കേരള സ്റ്റാർട്ട്അപ് മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 48 മണിക്കൂർ ഹാക്കത്തോൺ (അഗോറ'16) സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ.

കെ.കെ. ബാബു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ, വിപ്രോ ഡയറക്ടർ ശ്രീ. സുധീർ മോഹൻ അഗോറ' 16ന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. വയോജനപരിപാലന രംഗത്ത് നൂതന സാങ്കേതിക വിദ്യകൾ എങ്ങിനെ പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ച് വിദ്യാഭ്യാസ, ആരോഗ്യ, സേവന മേഖലയിലെ വിദഗ്ദർ വിദ്യാർത്ഥികളുമായി സംവദിച്ചു. ശില്പശാലയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കായി വർക്കിംഗ് മോഡൽ മത്സരങ്ങളും സംഘടിപ്പിച്ചു. ദീപക് വിജയൻ, നമിത ആർ ഷേണായ്, ആന്റോ പി.കെ., ജാക്സണ് സേവ്യർ, ബെസ്റ്റോ ജോർജ്ജ് എന്നിവർ ചേർന്ന് നിർമ്മിച്ച നാക്കുകൊണ്ട് നിയന്ത്രിക്കാവുന്ന വീൽചെയർ, ഒന്നാം സ്ഥാനത്തിനും പ്രശസ്തി ഫലകത്തിനും അർഹമായി. വയോജനങ്ങൾക്ക് സഹായകമായ സ്മാർട്ട് ഷൂ രണ്ടാം സ്ഥാനത്തിനും അർഹമായി. പ്രൊഫ. വർഗ്ഗീസ് ജോബ്, അസി. പ്രൊഫസർമാരായ ക്രിസ്റ്റി വാഴപ്പിള്ളി, അനിൽ ആന്റണി, സ്റ്റുഡന്റ് കോഡിനേറ്റർ വരുൺ മേനോൻ എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം കൊടുത്തു.

- **ജല-ഊർജ്ജ സംരക്ഷണ റാലി** : കോളേജിലെ എൻ.എസ്.എസ്. യൂണിറ്റ് അംഗങ്ങൾ മാനവീയം-16 പ്രോജക്ടിന്റെ ഭാഗമായി, സെപ്തംബർ 29ന് ഊർജ്ജ-ജല സംരക്ഷണത്തിന്റെ ആവശ്യകത ഉയർത്തിക്കാട്ടി റാലി നടത്തി. പ്രോഗ്രാം ഓഫീസർ പ്രൊഫ. ശിവകുമാറിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച റാലിയെ നാട്ടുകാർ നിറഞ്ഞ മനസ്സോടെ സ്വീകരിച്ചു. റാലിയിൽ വിദ്യാർത്ഥികൾ, നാട്ടുകാർക്ക് ഊർജ്ജ-ജല സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ലഘുരേഖകൾ വിതരണം ചെയ്തു. വിദ്യാർത്ഥികൾ അവതരിപ്പിച്ച നാടൻപാട്ടിന്റെ ശീലോടുകൂടിയാണ് പരിപാടി സമാപിച്ചത്.

**മോൺ തോമസ് കാക്കശ്ശേരി**
മാനേജർ

അസി മാനേജർ

**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയങ്കണ്ടത്ത്**
**ഫാ. ജിന്റോ പെരേപ്പാടൻ**

# മഹാജൂബിലി ട്രെയ്നിംഗ് കോളേജ്

**പരീക്ഷകൾ സമാപിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജ് 2015- 2017 അദ്ധ്യായന വർഷ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷകൾ സമാപിച്ചു.

**അദ്ധ്യാപകദിനം ആഘോഷിച്ചു**

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിങ്ങ് കോളേജ് 2016-2018 അദ്ധ്യയാന വർഷ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ 05.09.2016ന് അദ്ധ്യാപക ദിനം ഏറെ വിപുലമായി തന്നെ ആഘോഷിച്ചു. ആഘോഷ വേളയിൽ അദ്ധ്യാപകരെ പ്രത്യേകമായി ആദരിക്കുകയും ചെയ്തു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന കലാപരിപാടികൾ ആഘോഷത്തിന് മാറ്റുകൂട്ടി.

**ഓണപ്പാട്ട് മത്സരം സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെനിംഗ് കോളേജിലെ ഓണാഘോഷത്തോടനുബന്ധിച്ച് 06.09.2016 ചൊവ്വാഴ്ച ഓണപ്പാട്ട് മത്സരം സംഘടിപ്പിച്ചു.നാലു ഗ്രൂപ്പുകളിലായിരുന്നു മത്സരം നടന്നത്. അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടന്ന കലാപരിപാടികൾ ആഘോഷത്തിന് മാറ്റുകൂട്ടി.

**ഓണപ്പാട്ട് മത്സരം സംഘടിപ്പിച്ചു**

മുള്ളൂക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ ഓണാഘോഷത്തോടനുബന്ധിച്ച് 06.09.2016 ചൊവ്വാഴ്ച ഓണപ്പാട്ട് മത്സരം സംഘടിപ്പിച്ചു. നാലു ഗ്രൂപ്പാകളിലായാരിന്നു മത്സരം നടന്നത്. അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ വിജയികളെ പ്രിൻസിപ്പാൾ ഫാ. ചാക്കോ ചിറമേൽ പ്രഖ്യാപിച്ചു. ഒന്നാം സമ്മാനം രാധാകൃഷ്ണ ഗ്രൂപ്പിനും രണ്ടാം സമ്മാനം മഹാത്മ ഗ്രൂപ്പിനും മൂന്നാം സമ്മാനം വിവേകാനന്ദ ഗ്രൂപ്പിനും ലഭിച്ചു.

**ഓണാഘോഷം**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ ഓണാഘോഷ പരിപാടി 09.09.2016 വെള്ളിയാഴ്ച നടന്നു. റവ. മോൺ തോമസ് കാക്കശ്ശേരിയാണ് ഈ വർഷത്തെ ഓണാഘോഷ ചടങ്ങിന് ദീപം തെളിയിച്ച് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്. ജാസ്മിൻ ടി.ഒ. സ്വാഗതം പറഞ്ഞ ചടങ്ങിൽ ഫാ. ചാക്കോ ചിറമേൽ അദ്ധ്യക്ഷത വഹിക്കുകയും ഗോപിക കെ. നന്ദി പറയുകയും ചെയ്തു. പ്രസ്തുത ചടങ്ങിൽ മഹാജൂബിലി അഡ്വാൻസ് സ്റ്റഡീസിലെ അദ്ധ്യാപകൻ ആന്റണി മാഷിന് യാത്രയയപ്പ് ചടങ്ങ് ഫാ. ടിറ്റോ കൂളയുടെ നേതൃത്വത്തിൽ നടന്നു. ശേഷം കോളേജ് അങ്കണത്തിൽ നടന്ന ഓണക്കളികളും ഓണസദ്യയും ചടങ്ങിന് ഹരം പകർന്നു.

**ഓസോൺ ദിനാചരണം നടന്നു**

മുള്ളൂർക്കര മഹാജൂബിലി ട്രൈനിങ്ങ് കോളേജിൽ ഈ വർഷത്തെ ഓസോൺ ദിനാചരണം 20.09.2016 ചൊവ്വാഴ്ച നടന്നു. 2016– 2018 അദ്ധ്യയന വർഷത്തിലെ ഫിസിക്കൽ സയൻസ് വിദ്യാർത്ഥികളുടെയും അധ്യാപികയുടെയും നേതൃത്വത്തിലായിരുന്നു ദിനാചരണം നടന്നത്. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ ദിനാചരണത്തോടനുബന്ധിച്ച് നടന്നു.

**സാംസ്ക്കാരിക പരിപാടികൾക്ക് തുടക്കം**

മുള്ളൂർക്കര മഹാജൂബിലി ട്രൈയ്നിങ്ങ് കോളേജിലെ 2016–18 അദ്ധ്യായന വർഷത്തിലെ സാംസ്കാരിക പരിപാടികൾക്ക് തുടക്കം കുറിച്ചു. വിദ്യാർത്ഥികളിലെ നൈപുണ്യങ്ങളെ വളർത്തുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഈ പരിപാടി ആദ്യമായി സംഘടിപ്പിക്കപ്പെട്ടത് രാധാകൃഷ്ണ ഗ്രൂപ്പിന്റെ നേതൃത്വത്തിലും ആൻസി ടീച്ചറുടെ സാന്നിദ്ധ്യത്തിലുമായിരുന്നു.

**ടൂറിസദിനാചരണം നടന്നു**

മുള്ളൂർക്കര മഹാജൂബിലി ട്രൈനിങ്ങ് കോളേജിൽ ടൂറിസം ദിനാചരണം 27.09.2016 ചൊവ്വാഴ്ച കോളേജങ്കണത്തിൽ നടന്നു. 2016–2018 അദ്ധ്യായന വർഷത്തിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിലുള്ള ടൂറിസം ക്ലബ്ബിന്റെ നേതൃത്വത്തിലായിരുന്നു ദിനാചരണം നടന്നത്.

**ആയൂർബദാനിയ സന്ദർശിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രൈനിങ്ങ് കോളേജ് നിന്നും അത്താണി ആയൂർബദാനിയ ആയൂർവ്വേദ ആശുപത്രിയിലേക്ക് പഠനയാത്ര സംഘടിപ്പിച്ചു. ആയുർവ്വേദ ചികിത്സയുടെയും യോഗയുടെയും ജൈവകൃഷിയുടെയുമെല്ലാം മഹത്ത്വം വിദ്യാർത്ഥികളിലെത്തിക്കാൻ ഈ പഠന യാത്ര സഹായിച്ചു.

**Jigsaw രീതിയിൽ പഠനം ആരംഭിച്ചു.**

മുള്ളൂർക്കര മഹാജൂബിലി ട്രൈയ്നിംഗ് കോളേജിൽ 2016–2018 അദ്ധ്യായന വർഷ വിദ്യാർത്ഥികളുടെ നേതൃത്ത്വത്തിൽ Jigsaw രീതിയിൽ പഠനപ്രവർത്തനങ്ങൾ ആരംഭിച്ചു. 30.09.2016 വെള്ളിയാഴ്ച ഫാ. ചാക്കോ ചിറമ്മേൽ –ന്റെ നേതൃത്വത്തിലായിരുന്നു പദ്ധതിയുടെ ആരംഭം. വിദ്യാർത്ഥികളുടെ ആറ് ഗ്രൂപ്പുകളാക്കി തിരിച്ച് ആറ് മാസ്റ്റർ ട്രൈനീസിന്റെ നേതൃത്വത്തിൽ പരസ്പരം ക്ലാസ്സെടുക്കുന്ന രീതിയാണ് അരങ്ങേറിയത്. വിദ്യാർത്ഥികളിൽ ഒരു പുതുമ നൽകുന്നതായിരുന്നു ഈ രീതിയിലുള്ള ക്ലാസ്സ്.

**ഗാന്ധിജയന്തി ആഘോഷിച്ചു.**

മുള്ളൂർക്കര മഹാജൂബിലി ട്രൈയ്നിംഗ് കോളേജിൽ ഗാന്ധിജയന്തി ആഘോഷം 3.10.2016 തിങ്കളാഴ്ച നടന്നു. സോഷ്യൽ സയൻസ് ക്ലബ്ബിന്റേയും സോഷ്യൽ സയൻസ് വിഭാഗത്തിന്റേയും നേതൃത്വത്തിലായിരുന്നു ആഘോഷ

ചടങ്ങുകൾ. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന ക്വിസ് മത്സരത്തിൽ ഇംഗ്ലീഷ് വിഭാഗത്തിന് ഒന്നാം സ്ഥാനവും ഫിസിക്കൽസയൻസ് വിഭാഗത്തിന് രണ്ടാം സ്ഥാനവും നാച്ചുറൽ സയൻസിന് മൂന്നാം സ്ഥാനവും ലഭിച്ചു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ധാരാളം കലാപരിപാടികൾ ആഘോഷവേളയിൽ അരങ്ങേറി.

**Communicative English സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിഗ് കോളേജിൽ Communicative English ക്ലാസ്സ് സംഘടിപ്പിച്ചു. Communicative English Association മെമ്പർമാരായിരിക്കും ജോസഫ് വർഗ്ഗീസ്, ശ്രീഹരി ഗോവിന്ദ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു ക്ലാസ്സുകൾ. മനീഷ് സ്വാഗതം പറഞ്ഞ ചടങ്ങിൽ പ്രിൻസിപ്പാൾ ഫാ. ചാക്കോ ചിറമേൽ അദ്ധ്യക്ഷത വഹിക്കുകയും ജോത്സന നന്ദി പറയുകയും ചെയ്തു.

**ഡോ. ഫാ. ചാക്കോ ചിറമേൽ**
പി.ആർ. ഒ

**ഫാ. ഡിറ്റോ കൂള**
അസി മാനേജർ

## തൃശ്ശൂർ അതിരൂപത
## ബൈബിൾ അപ്പസ്തോലേറ്റ്

Ph: 0487-2320780; E-mail: trichurbibleapostolate@gmail.com

### ബൈബിൾ വർണ്ണങ്ങൾ - 2016

തൃശ്ശൂർ അതിരൂപത ബൈബിൾ അപ്പസ്തോലേറ്റ് സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിവരാറുള്ള ബൈബിൾ രംഗങ്ങളുടെ ചിത്രരചനാമത്സരം - ബൈബിൾ വർണ്ണങ്ങൾ, 2016 ഡിസംബർ 3ന് തൃശ്ശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് നടത്തുന്നു. ബൈബിൾ വർണ്ണങ്ങൾ-ചിത്രരചനാമത്സരത്തിന്റെ വിജയത്തിനായി സ്ക്കൂൾ അധികാരികളുടെയും അദ്ധ്യാപകരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

**നിർദ്ദേശങ്ങൾ:**

1. ജാതിമതഭേദമന്യേ ആർക്കും പങ്കെടുക്കാം.
2. രജിസ്ട്രേഷൻ ഫീസ് ഒരു വിദ്യാർത്ഥിക്ക് 10 രൂപ
3. LP, UP, HS, HSS എന്നീ വിഭാഗങ്ങളിലായിട്ടാണ് മത്സരം നടത്തപ്പെടുക.
4. പെയിന്റിംഗ്, പെൻസിൽ ഡ്രോയിംഗ് എന്നീ ഇനങ്ങളിൽ മത്സരം നടത്തുന്നു.
5. ഒരു കുട്ടിക്ക് ഒരു ഇനത്തിൽ മാത്രമേ പങ്കെടുക്കാൻ അർഹതയുള്ളൂ.
6. ബൈബിൾ രംഗങ്ങൾ മാത്രമേ ചിത്രങ്ങൾക്ക് വിഷയമാക്കാവൂ. വരച്ച

ചിത്രം ഏതു ബൈബിൾ ഭാഗത്തു നിന്നാണെന്ന് ഉദ്ധരിക്കേണ്ടതാണ്. (ഉദാ: മത്താ. 17. 1-8)

7. ചിത്രം വരയ്ക്കുന്നതിനുള്ള ഡ്രോയിംഗ് ഷീറ്റ് മാത്രം മത്സരസ്ഥലത്തു നിന്നു ലഭിക്കുന്നതാണ്.
8. ചിത്രം വരയ്ക്കുന്നതിനാവശ്യമായ ബ്രഷുകളും ചായങ്ങളും അവരവർതന്നെ കൊണ്ടുവരേണ്ടതാണ്.
9. പെയിന്റിംഗിന് ജലച്ചായം, പോസ്റ്റർ കളർ, പേസ്റ്റൽസ് എന്നിവ ഉപയോഗിക്കാവുന്നതാണ്.
10. രജിസ്ട്രേഷൻ നടത്തേണ്ടത് സ്ക്കൂളുകൾ മുഖാന്തിരമാണ്.
11. പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ ഇതോടൊപ്പമുള്ള ഫോമിൽ എഴുതി രജിസ്ട്രേഷൻ ഫീസടക്കം 2016 നവംബർ 15നു മുമ്പ് ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്.
12. രജിസ്ട്രേഷൻ ചെയ്യുമ്പോൾ തന്നെ പങ്കെടുക്കുന്നവർക്കുള്ള ഹാൾടിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്.
13. മത്സരത്തിലെ കലാസൃഷ്ടികളുടെ പൂർണ്ണ അവകാശം തൃശ്ശൂർ ബൈബിൾ അപ്പസ്തോലേറ്റിനായിരിക്കും.
14. മത്സരത്തിലെ കലാസൃഷ്ടികൾ തിരികെ നല്കുന്നതല്ല.
15. മത്സരത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് : 0487-2320780, 7558937090

## ലോഗോസ് ക്വിസ് ഇടവകതലത്തിൽ

അഖിലകേരള ലോഗോസ് ക്വിസ് ഈ വർഷം സെപ്തംബർ 25ന് അതിരൂപതയിലെ 250ഓളം സെന്ററുകളിലായി 60,000ത്തോളം പേരോളം പരീക്ഷയെഴുതി. വചനം പഠിക്കുന്നതിനായി ജീവിതത്തിന്റെ വിലയേറിയ സമയം മാറ്റിവെച്ച മത്സാരർത്ഥികൾക്കും, ഇതിനു പിന്നിൽ നിസ്വാർത്ഥരായി സേവനം ചെയ്ത എല്ലാ വികാരിയച്ചൻമാർക്കും, സിസ്റ്റേഴ്സിനും, എല്ലാ ലോഗോസ് ഇൻ ചാർജ്ജേഴ്സിനും, ബ്രദേഴ്സിനും, അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും സ്നേഹവും പ്രാർത്ഥനകളും..........

തുടർ വർഷങ്ങളിലും ഏവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു....

## ലോഗോസ് കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ്

ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ 2016 ഒക്ടോബർ 1ന് ശനിയാഴ്ച ലോഗോസ് ക്വിസ് മൂല്യനിർണ്ണയ ക്യാമ്പ് നടന്നു. അതിരൂപതയിലെ

ഇടവകകളിൽ നിന്ന് 300 ലധികം അദ്ധ്യാപകരും യുവജനങ്ങളും എത്തി ചേർന്നു. തിരക്കുകൾ മാറ്റിവെച്ചു മൂല്യനിർണ്ണയ ക്യാമ്പിനെത്തി ചേർന്ന അദ്ധ്യാപകർക്കും, സിസ്റ്റേഴ്സിനും, ബ്രദേഴ്സിനും ബൈബിൾ അപ്പസ്തോ ലേറ്റിന്റെ ഹൃദയം നിറഞ്ഞ നന്ദി.......

## ലോഗോസ് ഫലപ്രഖ്യാപനം ഒക്ടോബർ 31ന്....

ലോഗോസ് ക്വിസ് 2016ന്റെയും ലോഗോസ് അനുബന്ധ മത്സരങ്ങളുടെയും റിസൾട്ടുകൾ ഒക്ടോബർ 31ന് വൈകീട്ട് 3.00PMന് പ്രഖ്യാപിക്കുന്നു. റിസൾട്ടു കൾ ബൈബിൾ അപ്പസ്തോലേറ്റിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

www.thrissurbibleapostolate.org; www.logosquiz.org.

## സംസ്ഥാനതല ലോഗോസ് ക്വിസ് 2016

രൂപതതലത്തിൽ ലോഗോസ് ക്വിസ് മത്സരത്തിൽ 6 വിഭാഗങ്ങളിലായി ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടിയവർക്കുള്ള അഖിലകേരള ലോഗോസ് എഴുത്തു പരീക്ഷ കലൂർ സെന്റ് ആൽബർട്ട് കോളേജിൽവെച്ച് നവംബർ 20ന് ഞായറാഴ്ച ഉച്ചക്ക് 2.30ന് ആരംഭിക്കുന്നതാണ്.

എഴുത്തുപരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന 60 പേരാണ്(ഓരോ പ്രായവിഭാഗത്തിൽ നിന്ന് 10 പേർ വീതം) ഫൈനൽ റൗണ്ടി ലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്. നവംബർ 26ന് ശനിയാഴ്ച കാലത്ത് 10.30ന് ഓരോ പ്രായവിഭാഗത്തിലും തിരഞ്ഞടുക്കപ്പെട്ടവർക്ക് 6 ഫൈനൽ റൗണ്ടു കൾ ഓരേ സമയത്ത് നടക്കും. ഇതിൽ നിന്നാണ് അഖില കേരളാടിസ്ഥാന ത്തിലുള്ള വിജയികളെ നിശ്ചയിക്കുന്നത്. ഓരോ വിഭാഗത്തിലെയും ഒന്നാം സ്ഥാനക്കാരെ അണിനിരത്തി നടക്കുന്ന മെഗാ ഫിനാലെ ടെലിക്വിസ് നവം ബർ 27ന് രാവിലെ 9.30ന് നടത്തപ്പെടുന്നു. ഇതിലെ വിജയിയാണ് **ലോഗോസ് പ്രതിഭ.**

രൂപതയിൽ നിന്ന് കൂടുതൽ മാർക്ക് നേടിയ കുടുംബത്തിന് വേണ്ടിയുള്ള ഫമിലിയ സംസ്ഥാനതല എഴുത്തുപരീക്ഷ നവംബർ 26ന് ശനിയാഴ്ച രാവിലെ 9.30ന് പി.ഒ.സി.യിൽ ആരംഭിക്കും. എഴുത്തുപരീക്ഷയിൽ ഉയർന്ന മാർക്കു വാങ്ങുന്ന 4 പേർക്കായി ഫമിലിയ ലോഗോസ് ടെലിക്വിസ് ഉച്ചകഴിഞ്ഞ് 2.30ന് നടക്കും.

സംസ്ഥാനതല ലോഗോസ് ക്വിസിന് പങ്കെടുക്കാൻ അർഹരായിട്ടുള്ള എല്ലാ വിജയികൾക്കും ബൈബിൾ അപ്പസ്തോലേറ്റിന്റെ അഭിനന്ദനങ്ങൾ..... പി.ഒ. സി.യിൽ വെച്ച് നടക്കുന്ന സംസ്ഥാനതല ലോഗോസിന് ഒരുങ്ങുന്നവർക്ക് അതാത് ഇടവക വികാരിയച്ചന്മാരുടെ സഹകരണവും പിന്തുണയും ഉണ്ടാ കുമെന്ന് പ്രതീക്ഷിക്കുന്നു.

## ബൈബിൾ പാരായണമാസം

ഡിസംബർ ബൈബിൾ പാരായണം ഇടവകതലത്തിലോ, കുടുംബകൂട്ടായ്മ തലത്തിലോ സംഘടിപ്പിക്കാവുന്നതാണ്. കഴിഞ്ഞ വർഷം യുവാക്കളുടെ നേതൃത്വത്തിൽ ഒട്ടനവധി ഇടവകകളിൽ ബൈബിൾ പാരായണം നടന്നിരുന്നു. ഇടവകയിൽ നിന്ന് കുടുംബകൂട്ടായ്മകളുടെ നേതൃത്വത്തിൽ ബൈബിൾ പാരായണം നടത്തുന്നത് നല്ലതായിരിക്കും. ഡിസംബർ 1 മുതൽ ഓരോ ഭവനങ്ങളിലും വായിക്കുവാനുള്ള ബൈബിൾ ഭാഗങ്ങൾ തയ്യാറാക്കി കൊടുക്കുവാൻ കുടുംബകൂട്ടായ്മ ഭാരവാഹികളെ പ്രത്യേകം അറിയിക്കുമല്ലോ. വായനകലണ്ടറിന്റെ മാതൃക താഴെ കൊടുക്കുന്നു.

## ബൈബിൾ കോഴ്സ്

ബൈബിൾ കോഴ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്......

## വിശുദ്ധനാട് തീർത്ഥാടനം

ക്രിസ്തുമസ്സ് യേശു ജനിച്ച നാട്ടിൽ ആഘോഷിക്കാൻ സുവർണാവസരം. ഡിസംബർ 20ന് പുറപ്പെടുന്ന വിശുദ്ധനാട് തീർത്ഥാടനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ.. ഫോൺ: 0487 –2320780, 7558937090, 9497443246

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
**അസി. ഡയറക്ടർ**

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
**ഡയറക്ടർ**

# സമ്പൂർണ ബൈബിൾപാരായണത്തിന് ഒരു മാർഗരേഖ

(ഡിസംബർ: ബൈബിൾ പാരായണമാസം)

| തീയതി | വായന |
|---|---|
| 01 | ഉത്പ 1-38 |
| 02 | ഉത്പ 39-50 |
| | പുറ 1-27 |
| 03 | പുറ 28-40 |
| | ലേവ്യ 1-23 |
| 04 | ലേവ്യ 24-27 |
| | സംഖ്യ 1-28 |
| 05 | സംഖ്യ 29-36 |
| | നിയ1-31 |
| 06 | നിയ32-34 |
| | ജോഷ്വ 1-24 |
| | ന്യായാ 1-13 |
| 07 | ന്യായാ 14-21 |
| | റൂത്ത് 1-4 |
| | 1 സാമു 1-31 |
| | 2 സാമു 1-6 |
| 08 | 2 സാമു 7-24 |
| | 1 രാജാ 1-17 |
| 09 | 1 രാജാ 18-22 |
| | 2 രാജാ 1-25 |
| | 1 ദിന 1-6 |
| 10 | 1 ദിന 7-29 |
| | 2 ദിന 1-19 |
| 11 | 2 ദിന 20-36 |
| | എസ്രാ 1-10 |
| | നെഹെ 1-13 |
| | തോബി 1-3 |
| 12 | തോബി 4-14 |
| | യൂദി 1-16 |
| | എസ്തേ 1-16 |
| | 1 മക്ക 1-5 |
| 13 | 1 മക്ക 6-16 |
| | 2 മക്ക 1-15 |
| 14 | ജോബ് 1-42 |
| 15 | സങ്കീ 1-76 |
| 16 | സങ്കീ 77-134 |
| 17 | സങ്കീ 135-150 |
| | സുഭാ 1-31 |
| | സഭാ 1-3 |
| 18 | സഭാ 4-12 |
| | ഉത്ത 1-8 |
| | ജ്ഞാനം 1-19 |
| | പ്രഭാ 1-17 |
| 19 | പ്രഭാ 18-51 |
| | ഏശ 1-8 |
| 20 | ഏശ 9-66 |
| 21 | ജറെ 1-47 |
| 22 | ജറെ 48-52 |
| | വിലാ 1-5 |
| | ബാറൂ 1-6 |
| | എസെ 1-22 |
| | ബാറൂ 1-6 |
| | എസെ 1-22 |
| 23 | എസെ 23-48 |
| | ദാനി 1-14 |
| 24 | ഹോസി 1-14 |
| | ജോയേ 1-3 |
| | ആമോ 1-9 |
| | ഒബാ 1 |
| | യോനാ 1-4 |
| | മിക്കാ 1-7 |
| | നാഹും 1-3 |
| | ഹബ 1-3 |
| | സെഫാ 1-3 |
| | ഹഗ്ഗാ 1-2 |
| | സഖ 1-14 |
| | മല 1-4 |
| 26 | മത്താ 1-28 |
| | മർക്കോ 1-7 |
| 27 | മർക്കോ 8-16 |
| | ലൂക്കാ 1-24 |
| 28 | യോഹ 1-21 |
| | അപ്പ 1-13 |
| 29 | അപ്പ 14-28 |
| | റോമാ 1-16 |
| | 1 കോറി 1-16 |
| 30 | 2 കോറി 1-13 |
| | ഗലാ 1-6 |
| | എഫേ 1-6 |
| | ഫിലി 1-4 |
| | കൊളോ 1-4 |
| | 1 തെസ്സ 1-5 |
| | 2 തെസ്സ 1-3 |
| | 1 തിമോ 1-6 |
| | 2 തിമോ 1-4 |
| | തീത്തോ 1-3 |
| | ഫിലെ 1 |
| 31 | ഹെബ്രാ 1-13 |
| | യാക്കോ 1-5 |
| | 1 പത്രോ 1-5 |
| | 2 പത്രോ 1-3 |
| | 1 യോഹ 1-5 |
| | 2 യോഹ 1 |
| | 3 യോഹ 1 |
| | യൂദാ 1 |
| | വെളി 1-22 |

സമ്പൂർണ ബൈബിൾ 95 മണിക്കൂറുകൾകൊണ്ട് വായിച്ചു തീർക്കാവുന്നതാണ്.

തയ്യാറാക്കിയത്: **കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ** , പി.ഒ.സി., പി.ബി. നമ്പർ 2251, പാലാരിവട്ടം, കൊച്ചി, കേരള, ഫോൺ: 0484 2805897
E-mail: secretary@keralabiblesociety.com, visit: www.keralabiblesociety.com

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**ഒക്ടോബർ – 2016**

### മതസൗഹാർദ്ദസന്ദേശവുമായി ജൂബിലി മിഷന്റെ 'ഓണനിലാവ്'

(08.09.2016)

മതസൗഹാർദ്ദസന്ദേശവുമായി തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി സംഘടിപ്പിച്ച ഓണാഘോഷം 'ഓണനിലാവ് — 2016' ഹൃദ്യമായി. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിലും പുറനാട്ടുകര ശ്രീരാമകൃഷ്ണ ആശ്രമാദ്ധ്യക്ഷൻ സ്വാമി സദ്ഭവാനന്ദയും ഒരുമിച്ച് ഓണാഘോഷത്തിന്റെ തിരിതെളിയിച്ചത് സദസ്യർ ഹർഷാരവത്തോടെ സ്വീകരിച്ചു. തുടർന്ന് മാർ റാഫേൽ തട്ടിലും, സ്വാമി സദ്ഭവാനന്ദയും ഏവർക്കും ഓണാശംസകൾ നേർന്നു. പവങ്ങളുടെ ആശുപത്രിയായ ജൂബിലി മിഷന്റെ സമൂഹികപ്രവർത്തനങ്ങൾക്ക് ഫെഡറൽ ബാങ്ക് നൽകുന്ന ആംബുലൻസ് വലിയൊരു ഓണസമ്മാനമായിരുന്നു. ഫെഡറൽ ബാങ്ക് സി.എസ്.ആർ. മേധാവി ശ്രീ രാജു ഹോർമിസിൽ നിന്നും മാർ റാഫേൽ തട്ടിൽ ജൂബിലിക്കുവേണ്ടി ആംബുലൻസിന്റെ താക്കോൽ സ്വീകരിച്ചു. ഓണാഘോഷത്തിലേക്ക് കാളത്തോട് ജുമാ മസ്ജിദിലെ മൗലവി ഷാഹുൽ ഹമീദ് ഖ്വാസ്മി ആശംസകളുമായി കടന്നുവന്നത് ജൂബിലിയുടെ മതസൗഹാർദ്ദകൂട്ടായ്മക്ക് ഇരട്ടിമധുരമായി. തുടർന്ന് ജൂബിലിയിലെ സ്റ്റാഫ് നേഴ്സ്, നേഴ്സിങ്ങ് സ്ക്കൂൾ വിദ്യാർത്ഥികൾ, പാരാമെഡിക്കൽ വിദ്യാർത്ഥികൾ, നേഴ്സിങ്ങ്-മെഡിക്കൽ കോളേജ് വിദ്യാർത്ഥിനികൾ എന്നിവരുടെ ഓണകലാവിരുന്ന് അരങ്ങേറി. ആശുപത്രിയിലെ വിവിധ വിഭാഗങ്ങൾക്കായി തുടങ്ങിയ പൂക്കളമത്സരവിജയികൾക്കുള്ള സമ്മാനദാനം മെഡിക്കൽ സൂപ്രണ്ട് ഡോ. ആൻഡ്രൂസ് കാക്കനാട്ട് നിർവ്വഹിച്ചു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, അസോസിയേറ്റ് ഡയറക്ടർ ഫാ. പോൾ പേരാമംഗലത്ത്, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ പ്രസംഗിച്ചു.

### ജൂബിലി മിഷനാശുപത്രിയിൽ മൂന്നാഴ്ച്ച നീളുന്ന ലോകഹൃദയദിനാചരണം

2016 സെപ്റ്റംബറിലെ ലോകഹൃദയദിനത്തോടനുബന്ധിച്ച് 'ഹൃദയത്തെ ശക്തിപ്പെടുത്തുക' എന്ന സന്ദേശം സമൂഹത്തിന് നൽകാനാഗ്രഹിച്ച് തൃശ്ശൂർ ടൗൺ ഈസ്റ്റ് സ്റ്റേഷനിലെ എല്ലാ പോലീസുകാർക്ക് സൗജന്യമായി

ഹൃദയപരിശോധനയും, രക്തസമ്മർദ്ദ നിർണ്ണയവും ജൂബിലി ഹൃദയാലയ ടീമിന്റെ നേതൃത്വത്തിൽ നടന്നു. തൃശ്ശൂരിലെ പാവപ്പെട്ടവർക്കായി ഒക്ടോബർ 2, 9 തിയ്യതികളിൽ രക്തസമ്മർദ്ദ പരിശോധനയും, സൗജന്യ ഹൃദ്രോഗ നിർണ്ണയക്യാമ്പും നടത്തി. നിലയ്ക്കാത്ത സ്പന്ദനത്തിന് നീളുന്ന കാലടികൾ എന്നുറക്കെപറഞ്ഞ് സെപ്റ്റംബർ 27-ന് " ജൂബിലി ഹാർട്ട് വാക്ക്" നടന്നു. സെപ്റ്റംബർ 28-ന് 80 ശതമാനം ഹൃദ്രോഗങ്ങളും നിയന്ത്രിക്കാനാവും എന്ന സന്ദേശം നൽകി ഫ്ളാഷ് മോബും സ്ട്രീറ്റ് പ്ലേയും നടന്നു. സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 1 വരെ തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ്, റെയിൽവെ സ്റ്റേഷൻ, ജൂബിലി മിഷൻ ആശുപത്രി എന്നീ പല സ്ഥലങ്ങളിലായി സൗജന്യമായി രക്തസമ്മർദ്ദ നിർണ്ണയം നടത്തി.

സെപ്റ്റംബർ 27-ന് നടന്ന ഉദ്ഘാടന സമ്മേളനത്തിന് ജൂബിലി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, അസി. ഡയറക്ടർ ഫാ. ജോബി കടപ്പൂരാൻ, നേഴ്സിങ്ങ് സൂപ്രണ്ട് സി. ഫിലോപോൾ, സംഗീതസംവിധായകൻ മോഹൻ സിതാര, സിനിമാനടൻ സുനിൽ സുഗത, ഡോക്ടർമാരായ ഡോ. ഗോവിന്ദനുണ്ണി, ഡോ. ഷിബു, ഡോ. ബാബുരാജൻ, ഡോ. ഓസ്റ്റിൻ ഡോ. മനോജ് രവി, ഡോ. ബിനോ, ഡോ. പ്രസന്നകുമാർ, ഡോ. ബിനിൽ എന്നിവരും നേതൃത്വം നൽകി.

**ജൂബിലി മിഷൻ ആശുപത്രിയിൽ വയോജനദിനം ആചരിച്ചു (03.10.2016)**

ലോകവയോജനദിനത്തോടനുബന്ധിച്ച് ഒക്ടോബർ 1, ശനിയാഴ്ച്ച, ജൂബിലി മിഷൻ ആശുപത്രിയിൽ വയോജന ദിനാഘോഷവും, വയോജനങ്ങൾക്കായി സൗജന്യ വൈദ്യപരിശോധനയും നടത്തി. ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിന്റെ അദ്ധ്യക്ഷതയിൽ പരിപാടിയുടെ ഉദ്ഘാടനം പ്രമുഖ നാടകകൃത്തായ ശ്രീ. സി. എൽ. ജോസ് നിർവ്വഹിച്ചു. ജെറിയാട്രീഷ്യൻ ഡോ. സ്റ്റീവ് പോൾ, വയോജനദിന സന്ദേശം നൽകി. നൂറ്റമ്പതോളം പേർ പങ്കെടുത്ത ചടങ്ങിൽ, വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും, അതിനുവേണ്ട മുൻകരുതലുകളെകുറിച്ചും ചർച്ച ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടിജോ ജോയ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ എന്നിവർ സന്നഹിതരായിരുന്നു. വയോജനദിനത്തോടനുബന്ധിച്ച് ചിറ്റിലപ്പിള്ളിയിലെ വൃദ്ധ സദനമായ ശാന്തിമന്ദിരത്തിലെ അന്തേവാസികൾക്ക് അസി. ഡയറക്ടർ ഫാ. ടിജോ മുള്ളക്കരയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 27-ാം തിയ്യതി സൗജന്യ വൈദ്യപരിശോധന നടത്തി.

**ജൂബിലിയിൽ ന്യൂറോളജി ക്വിസ് നടന്നു (04.10.2016)**

കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ്സിന്റെ (കേൻ-KAN.) ആഭിമുഖ്യത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഡോ. ഹരിദാസ് വി.ടി.-യുടേയും, ഡോ. ഫിജു ചാക്കോയുടേയും നേതൃത്വത്തിൽ നടന്ന

ന്യൂറോളജി ക്വിസ്സിൽ കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ പങ്കെടുത്തു. അമൃത മെഡിക്കൽ കോളേജിലെ ജിഷ്ണുവും മായയും അടങ്ങിയ ടീമിന് ഒന്നാം സ്ഥാനവും, ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ജോർജീനയും ഷെറിനും അടങ്ങിയ ടീമിന് രണ്ടാം സ്ഥാനവും, അമല മെഡിക്കൽ കോളേജിലെ ശീതളും അർച്ചനയും അടങ്ങിയ ടീമിന് മൂന്നാം സ്ഥാനവും ലഭിച്ചു. അസോസിയേഷൻ പ്രസിഡണ്ട് ഡോ. പി. സി. ഗിൽവാസ്, സെക്രട്ടറി കെ. പി. വിനയൻ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് എന്നിവർ സമ്മാനദാനം നിർവ്വഹിച്ചു.

**ഉപഭോക്തൃ നിയമ സെമിനാർ നടത്തി**

ജൂബിലി മിഷൻ ആശുപത്രിയിൽ ആശുപത്രി സ്റ്റാഫംഗങ്ങൾക്കായി ഉപഭോക്തൃ സംരക്ഷണ നിയമത്തെകുറിച്ച് സെമിനാർ നടത്തി.
സെമിനാറിന്റെ ഉദ്ഘാടനം നഴ്സിംഗ് സൂപ്രണ്ട് സി. ഫിലോ പോൾ സി.എം.സി. നിർവ്വഹിച്ചു. ഉപഭോക്തൃ സംരക്ഷണ കൗൺസിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. പ്രിൻസ് തെക്കൻ മുഖ്യ പ്രഭാഷണം നടത്തി.
ഉപഭോക്തൃ സംരക്ഷണ കൗൺസിൽ ജില്ലാ സെക്രട്ടറി ശ്രീ. ജെറിൻ ജോൺ പടയാറ്റിൽ, ആർ.ടി.ഐ. കൗൺസിൽ ജില്ലാ കോർഡിനേറ്റർ ശ്രീ. ജോസഫ് വർക്ഷീസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

- ❖ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ (14-ാമത് ബാച്ച്) എം.ബി. ബി.എസ് വിദ്യാർത്ഥികളുടെ വിദ്യാരംഭചടങ്ങ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു.
- ❖ ജൂബിലി മിഷൻ നേഴ്സിംഗ് കോളേജിൽ (14-ാമത് ബാച്ച്) ബി.എസ്.സി നേഴ്സിംഗ് വിദ്യാർത്ഥികളുടെ വിദ്യാരംഭചടങ്ങ് ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു.

**അഭിനന്ദനങ്ങൾ..... ആശംസകൾ.....**

- ❖ മണിപ്പാലിലെ കസ്തുർബ മെഡിക്കൽ കോളേജിൽ ട്രാൻസ്ഫ്യൂഷ്യൻ മെഡിസിനിലെ പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്കായി നടത്തിയ ക്വിസ് മത്സരത്തിൽ ജൂബിലിയിലെ ട്രാൻസ്ഫ്യൂഷ്യൻ മെഡിസിൻ വിദ്യാർത്ഥിനി ഡോ. സനൂജ പിങ്കി ഒന്നാം സ്ഥാനം നേടി.
- ❖ സി.എം.എ.ഐ-യുടെ ഡിപ്ലോമ ഇൻ അനസ്തേഷ്യ ടെക്നോളജി വാർഷിക പരീക്ഷയിൽ അഖിലേന്ത്യ തലത്തിൽ രണ്ടാം റാങ്ക് നേടിയ എവിഷ ആന്റണിക്ക് അഭിനന്ദനങ്ങൾ.

- ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ ബി.എസ്. സി. നഴ്സിങ്ങ് പരീക്ഷയിൽ യൂണിവേഴ്സിറ്റി തലത്തിൽ അനു തങ്കച്ചൻ രണ്ടാം റാങ്കും, ആൻ റിനി ഫ്രാൻസിസ് പത്താം റാങ്കും, ഷിംസി സൈമൺ പതിമൂന്നാം റാങ്കും, അശ്വതി മോഹനൻ പതിനേഴാം റാങ്കും കര സ്ഥമാക്കി.
- ഓണാഘോഷത്തിന്റെ ഭാഗമായി ബ്ലോക്ക് തലത്തിൽ നടന്ന പൂക്കളമത്സര വിജയികൾക്കുള്ള സമ്മാനദാനം മെഡിക്കൽ സൂപ്രണ്ട് ഡോ. ആൻഡ്രൂസ് കാക്കനാട്ട് നിർവ്വഹിച്ചു. എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ.

**പുതിയ ഡോക്ടർമാർ**

- ഡോ. മിഥുൻ ചാക്കോ ജോൺ (മെഡിക്കൽ ഓങ്കോളജി വിഭാഗം)

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഫാ. റോക്കി റോബി കളത്തിൽ, സേക്രട്ട് ഹാർട്ട് ലാറ്റിൻ ചർച്ച്, തൃശ്ശൂർ (400 ഡയാലിസിസ്)
- ശ്രീമതി മിനി ആന്റോ, തെക്കിനിയത്ത് ഹൗസ്, നടത്തറ, തൃശ്ശൂർ (20 ഡയാലിസിസ്)
- ഫാ. ജോസ് ചുങ്കത്ത്, ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട, തൃശ്ശൂർ (30 ഡയാലിസിസ്)
- ജ്യോതി എഞ്ചിനീയറിങ്ങ് കോളേജ്, മെക്കാനിക്കൽ ഡിപ്പാർട്ടുമെന്റ്, ചെറുതുരുത്തി, തൃശ്ശൂർ (80 ഡയാലിസിസ്)
- സെന്റ് മേരീസ് ചർച്ച്, വെണ്ടൂർ, അളഗപ്പനഗർ, തൃശ്ശൂർ (200 ഡയാലിസിസ്)

**കൺമണിക്കൊരു കരുതലിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. സൈമൺ ജെ, ഫോറസ്റ്റ് ലേക്, യു.എസ്.എ
- ശ്രീമതി മിന്റിഷ ആന്റു, നടുവിൽപീടിക ഹൗസ്, നന്തിപുലം, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീമതി മിന്റിഷ ആന്റു, നടുവിൽപീടിക ഹൗസ്, നന്തിപുലം, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org


**ആശാകിരണം പദ്ധതി ഉദ്ഘാടനം ചെയ്തു.**

കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് ഇരിങ്ങാലക്കുട, തൃശൂർ, പാലക്കാട്, സുൽത്താൻ പേട്ട് രൂപതകൾ ചേർന്ന് നടപ്പാക്കുന്ന ആശാകിരണം കാൻസർ സുരക്ഷായജ്ഞത്തിന്റെ തൃശൂർ മേഖലാതല ഉദ്ഘാടനം, സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ഡോളേഴ്സ് ബസിലിക്കാ ഹാളിൽ വെച്ച് ബഹു.കൃഷിവകുപ്പ് മന്ത്രി ശ്രീ.വി.എസ്.സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. തൃശൂർ അതിരൂപത മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മാർ പോളി കണ്ണൂക്കാടൻ (ബിഷപ്, ഇരിങ്ങാലക്കുട രൂപത) അനുഗ്രഹപ്രഭാഷണം നടത്തി. റവ.ഫാ.ഫ്രെഡറിക് ഡിസൂസ(എക്സി.ഡയറക്ടർ, കാരിത്താസ് ഇന്ത്യ) യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. പോൾ മുഞ്ഞേലി (അസി.ഡയറക്ടർകാരിത്താസ് ഇന്ത്യ), ഡോ.വി.ആർ. ഹരിദാസ്(സോണൽ മാനേജർ, കാരിത്താസ് ഇന്ത്യ) ഫാ.ജേക്കബ് മാവുങ്കൽ(ഡയറക്ടർ,(PSSP)ഫാ.തോമസ് നട്ടേക്കാടൻ(അസ്സോ.ഡയറക്ടർ, എസ്.എ.എഫ്.ഐ)എന്നിവർ പരിപാടിയിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ആശാകിരണം പദ്ധതിയുടെ ഉദ്ഘാടനചടങ്ങിൽ വിവിധ രൂപതകളിലെ അഭിവന്ദ്യപിതാക്കന്മാർ,സാമൂഹ്യപ്രവർത്തനവിഭാഗങ്ങളുടെ ഡയറക്ടർമാർ, വിവിധ രൂപതകളിലെ പ്രതിനിധികൾ, കാരിത്താസ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ, പ്രതിനിധികൾ, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, ആശുപത്രി അധികൃതർ, വിവിധജനപ്രതിനിധികൾ, സാമൂഹ്യക്ഷേമസമിതി അംഗങ്ങൾ, സാന്ത്വനം ഗുണഭോക്താക്കൾ, സ്നേഹനിധി അംഗങ്ങൾ, സാന്ത്വനം സ്റ്റാഫംഗങ്ങൾ, സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ തുടങ്ങി 700 -ഓളം പേർ പങ്കെടുത്തു. ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും സാന്ത്വനം ഡയറക്ടർ, ഫാ.തോമസ് പൂപ്പാടി നന്ദി അറിയിച്ചു.

**വാർഷികവും ഓണാഘോഷവും സംഘടിപ്പിച്ചു.**

സാന്ത്വനം സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ പെരിഞ്ചേരി തിരുഹൃദയ ഇടവകയിൽ പ്രവർത്തിച്ചുവരുന്ന 11 സ്വയം സഹായസംഘങ്ങളുടെ സംയുക്തവാർഷികവും ഓണാഘോഷവും നടത്തി.

കായിക മത്സരങ്ങൾ, കലാപരിപാടികൾ, പൊതുസമ്മേളനം,ഓണസദ്യ തുടങ്ങിയ വിവിധ പരിപാടികളോടെയാണ് ആഘോഷപരിപാടികൾ സംഘടിപ്പിച്ചത്. സ്വയം സഹായസംഘങ്ങളുടെ പ്രവർത്തനങ്ങളിലൂടെ നിരവധി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് തുടക്കംകുറിക്കുന്നതിന് സാധിച്ചിട്ടുള്ള ഇടവകയാണ് പെരിഞ്ചേരി. ഇടവക വികാരി ഫാ.സെബി ചിറ്റാട്ടുകരയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം, സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച മുൻവികാരി ഫാ.ജോബ് വടക്കൻ ഉദ്ഘാടനം ചെയ്തു. സാന്ത്വനം അഡ്മിനിസ്ട്രേറ്റർ ശ്രീ.സെബാസ്റ്റ്യൻ മഞ്ഞിയിൽ, റവ.സി.സുമ ചിറയത്ത്, വല്ലച്ചിറ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി.സോഫി ഫ്രാൻസീസ്, സ്നേഹനിധി ചെയർപേഴ്സൻ ശ്രീമതി.മെറീന ഡേവീസ്, ആനിമേറ്റർ ശ്രീമതി.സീജ രഞ്ജിത്ത് തുടങ്ങിയവർ ആശംസകൾ നേർന്നു. കോ-ഓഡിനേറ്റർ സി.പി.ജോർജ്ജ് പരിപാടികൾക്ക് നേതൃത്വം നൽകി.

**ജെസ്പ്-2**

മാർ ജേക്കബ് തൂങ്കുഴി വിദ്യാഭ്യാസസഹായപദ്ധതി(ജെസ്പ്)യുടെ ഭാഗമായി കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനം നടത്തുകയും, കുട്ടികളുടെ പഠനപുരോഗതിക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കുട്ടികൾക്ക് വേണ്ടി "ജലസംരക്ഷണത്തിന്റെ ആവശ്യകത ഇന്നത്തെ സമൂഹത്തിൽ" എന്ന വിഷയത്തിൽ കോ-ഓർഡിനേറ്റർ ക്ലാസ്സ് നയിച്ചു.

വരടിയം പാപ്പാനഗർ ഹൗസിങ് കോളനിയിലെ കുട്ടികളുടെ ബാലസഭകളുടെ നേതൃത്വത്തിൽ ഓണാഘോഷവും കുട്ടികൾക്കായി വിവിധ മൽസരങ്ങളും സംഘടിപ്പിച്ചു. ബാലസഭ കോ-ഓർഡിനേറ്റർ നിവിൻ ജോസഫ്, ആനിമേറ്റർ റവ.സി.ശാന്ത എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**സ്നേഹനിധി വാർഷികപൊതുയോഗങ്ങൾ നടന്നു.**

ആറ്റത്തറ, കല്ലൂർ ഈസ്റ്റ്, ഏനാമാക്കൽ, വീണ്ടശ്ശേരി, ലൂർദ്ദ് എന്നിവിടങ്ങളിൽ വാർഷിക പൊതുയോഗവും തെരഞ്ഞെടുപ്പും നടന്നു. ഡയറക്ടർ, വികാരിമാർ, സ്നേഹനിധി പ്രസിഡണ്ട്, കോ-ഓർഡിനേറ്റർമാർ, ആനിമേറ്റർമാർ എന്നിവർ യോഗത്തിൽ സംബന്ധിച്ചിരുന്നു. യോഗങ്ങളിൽ പ്രവർത്തനവലോകനം നടത്തുകയും വാർഷികകണക്കും റിപ്പോർട്ടും അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. കലാപരിപാടികൾ, സമ്മാനവിതരണം, സ്നേഹവിരുന്ന് എന്നിവയും യോഗത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്നു.

**റീജിണൽ മീറ്റിംങ്ങ് നടത്തി.**

ഗുണഭോക്തൃ കുടുംബങ്ങൾക്കായുള്ള റീജിണൽ മീറ്റീങ്ങ് നടത്തുകയുണ്ടായി. കാൻസർ രോഗം എങ്ങനെ തടയാം, കാൻസർ രോഗത്തിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ, രോഗം വരാതിരിക്കുവാൻ ജീവിത ശൈലിയിൽ വരുത്തേണ്ട മാറ്റങ്ങൾ എന്നിവയെക്കുറിച്ച് കാരിത്താസ് ഇന്ത്യയുടെ സോണൽ മാനേജർ ഡോക്ടർ.വി. ആർ. ഹരിദാസ് യോഗത്തിൽ ക്ലാസ്സുകൾ നയിച്ചു. ഗുണഭോക്താക്കളുടെ സംശയങ്ങൾക്ക് അദ്ദേഹം ഉചിതമായ മറുപടി നല്കുകയും ചെയ്തു.

**ഭവനസന്ദർശനം നടത്തി.**

FDP കുടുംബളുടെ പുരോഗതി വിലയിരുത്തുന്നതിനായി സാന്ത്വനം ആനിമേറ്റഴ്സ് വെട്ടുക്കാട് ,കണ്ണാറ, നടത്തറ, അരിമ്പൂർ, കൊട്ടേക്കാട്, കാഞ്ഞാണി, അത്താണി, മുണ്ടത്തിക്കോട്, പുല്ലംകണ്ടം, നെട്ടിശ്ശേരി, വളർക്കാവ്, എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.

FDP മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.

ചെവ്വൂർ - 8000, വില്ലടം -33000, വരടിയം -15000,
ഇരവിമംഗലം -28000, വെട്ടുക്കാട് -10000,

കൊട്ടേക്കാട് -16000, കൊഴുക്കുള്ളി -10000, മാന്ദാമംഗലം -20000.

**മെഡിക്കൽ ചെക്ക്-അപ് പദ്ധതി ആരംഭിച്ചു.**

വീണ്ടശ്ശേരി ഇടവകയിലെ സ്നേഹനിധിയുടെ നേതൃത്വത്തിൽ മെഡിക്കൽ ചെക്ക്-അപ് പദ്ധതി ഉദ്ഘാടനം ചെയ്തു. ഇടവകയിലെ അംഗങ്ങൾക്കുവേണ്ടി എല്ലാ ഞായറാഴ്ചകളിലും ബ്ലഡ്പ്രഷർ, ഷുഗർ തുടങ്ങിയ പരിശോധനകൾ സൗജന്യമായി നടത്തിക്കൊടുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വീണ്ടശ്ശേരി ഇടവകയിലെ സ്നേഹനിധി വാർഷിക പൊതുയോഗത്തിൽ വെച്ച് വികാരിയാണ് ഈ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്. അതിരൂപത സ്നേഹനിധി കോർഡിനേറ്റർ ബീന വർഗ്ഗീസ്, സ്നേഹനിധി ചെയർപേഴ്സൺ എന്നിവർ പദ്ധതിയെ അനുമോദിച്ച് സംസാരിച്ചു.

**ജൈവകൃഷി മത്സരം സംഘടിപ്പിച്ചു.**

അതിരൂപത സ്നേഹനിധിയുടെ നേതൃത്വത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ജൈവകൃഷി മത്സരം നടത്തി. യൂണിറ്റ്തലം, ഫൊറോനതലം, അതിരൂപതാതലം എന്നീ മൂന്ന് തലങ്ങളിലാണ് മത്സരം നടത്തിയത്. മട്ടു

പ്പാവ് കൃഷി, 30 സെന്റിനു താഴെയുള്ള സ്ഥലത്ത് നടത്തിയ കൃഷി, 30 സെന്റിനു മുകളിലുള്ള സ്ഥലത്ത് നടത്തിയ കൃഷി എന്നീ മൂന്ന് വിഭാഗങ്ങളിലാണ് മത്സരം നടത്തിയത്.

**അയൽക്കൂട്ടങ്ങളുടെ ഓണാഘോഷം**

സ്ലം സർവ്വീസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങളുടെ ഓണാഘോഷം കുരിയച്ചിറ ഫാ. വടക്കൻ മെമ്മോറിയൽ ഹാളിൽ വെച്ച് നടത്തി. യോഗത്തിൽ സെന്റ്. ജോസഫ്സ് ചർച്ച് വികാരി ഫാ. വർഗ്ഗീസ് കരിപ്പേരി അദ്ധ്യക്ഷത വഹിച്ചു. വികാരി ജനറാൾ മോൺ. തോമാസ് കാക്കശ്ശേരി ഓണാഘോഷം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. തോമാസ് പൂപ്പാടി ആമുഖപ്രഭാഷണം നടത്തി. റവ.സി. എൽസി, ശ്രീ. ചാക്കുണ്ണി മുട്ടത്ത് എന്നിവർ ആശംസകൾ അർപ്പിച്ചു. സി.എസ്. ജോൺസൺ നന്ദി പറഞ്ഞു. യോഗത്തിൽ വെച്ച് SSLC പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ കീർത്തി അയൽക്കൂട്ടം അംഗം സാലി ചാക്കോയുടെ മകൾ അലീഷ ചാക്കോയ്ക്ക് മെമന്റോയും കാഷ് അവാർഡും നൽകി. 2016ലെ ബെസ്റ്റ് സോഷ്യൽ വർക്കർക്കുള്ള ഫാ.വി.എസ് അറയ്ക്കൽ ഫൗണ്ടേഷൻ കാഷ് അവാർഡും മെമന്റോയും ശ്രീമതി. സെലിൻ ജോസഫ് കാക്കശ്ശേരിക്ക് യോഗത്തിൽ വെച്ച് നൽകുകയുണ്ടായി. യോഗാനന്തരം അയൽക്കൂട്ട അംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളും, കായിക മത്സരങ്ങളും, ഓണസദ്യയും ഉണ്ടായിരുന്നു.

**ഹൃദയക്യാമ്പ് സംഘടിപ്പിച്ചു.**

അതിരൂപത സ്ലം സർവ്വീസ് സെന്ററിന്റെ നേതൃത്വത്തിൽ തൃശൂർ റെയിൽവെ ചേരിയിൽ നവീകരിച്ച ബെറ്റർ ഫോർമേഷൻ സെന്ററിൽവെച്ച് ചേരിനിവാസികൾക്കും പരിസരപ്രദേശങ്ങളിൽ താമസിക്കുന്നവർക്കും വേണ്ടി ഹൃദയക്യാമ്പ് സംഘടിപ്പിച്ചു. തൃശൂർ മിഷൻ മെഡിക്കൽ കോളേജിലെ ഹൃദയാലയ സ്പെഷ്യാലിറ്റി വിഭാഗത്തിലെ ഡോക്ടർമാർ, നഴ്സുമാർ, സ്റ്റാഫംഗങ്ങൾ എന്നിവർ മെഡിക്കൽ പരിശോധനക്ക് നേതൃത്വം നൽകി. രക്തപരിശോധന, മെഡിക്കൽ ടെസ്റ്റുകൾ, മറ്റു പരിശോധനകൾ ,സൗജന്യമരുന്നുവിതരണം എന്നിവ ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നു. ഹൃദയക്യാമ്പിനാവശ്യമായ സൗകര്യങ്ങൾ സ്ലം സർവ്വീസ് സെന്ററിൽ പ്രവർത്തിക്കുന്ന റവ.സി.എൽസി SND, റവ.സി.ആനി SND എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കി.

**പുതിയ ഭാരവാഹികളെ തെരഞ്ഞടുത്തു.**

സ്ലം സർവ്വീസ് സെന്ററിന്റെ വാർഷിക ജനറൽബോഡിയോഗത്തിൽ വെച്ച് പുതിയ ഭാരവാഹികളെ തെരഞ്ഞടുത്തു. കഴിഞ്ഞവർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകളും റിപ്പോർട്ടുകളും വായിക്കുകയും യോഗം അവ പാസാ

ക്കുകയും ചെയ്തു. കഴിഞ്ഞ വർഷങ്ങളിൽ സ്ലം സർവ്വീസ് സെന്ററിനെ നയിച്ച പ്രസിഡണ്ട് ശ്രീ.പോൾ അവറാൻ, സെക്രട്ടറി ശ്രീ.ജോബ് ചിറമ്മൽ, ട്രഷറർ ശ്രീ. എ.വി.ജോർജ്ജ് , വൈസ് പ്രസിഡണ്ട് ശ്രീമതി.തങ്കമ്മ പോൾ എന്നിവർക്ക് ഡയറക്ടർ കൃതജ്ഞതയർപ്പിക്കുകയും പുതുതായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട് ശ്രീ. ജോബ് ചിറമ്മൽ, സെക്രട്ടറി ശ്രീ. ബേബി മൂക്കൻ, ട്രഷറർ. ശ്രീ.ജോയ് പോൾ, വൈസ് പ്രസിഡണ്ട് ശ്രീ. എ.വി.ജോർജ്ജ് എന്നിവർക്ക് ആശംസകൾ നേരുകയും ചെയ്തു.

ഫാ. തോമസ് പൂപ്പാടി

ഡയറക്ടർ

ഫാ. ടെഡ്സ് കുന്നപ്പിള്ളി

അസി.ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ദമ്പതിസംഗമവും ധ്യാനവും**
**നവംബർ 13 ഞായർ**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2000 നുശേഷം വിവാഹിതരായ ദമ്പതികൾക്കുവേണ്ടി നടത്തപ്പെടുന്ന മൂന്നാമത്തെ ധ്യാനമാണ് നവംബർ 13 ഞായറാഴ്ച നടത്തപ്പെടുക. വിവാഹജീവിതത്തെപറ്റിയും മാതാപിതാക്കൾ തമ്മിലുള്ള ആശയവിനിമയത്തെപറ്റിയും മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തെപറ്റിയും മക്കളുടെ സ്വഭാവരൂപീകരണത്തെപറ്റിയും മറ്റുമാണ് ഈ ധ്യാനത്തിൽ ഊന്നൽ നൽകുന്നത്. തൃശ്ശൂരിലുള്ള ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് നവംബർ 13-ാം തിയ്യതി ഞായറാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് 4.00 ന് സമാപിക്കുന്നതാണ്. വി. കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. ഈ ദമ്പതിധ്യാനത്തിൽ പങ്കെടുക്കാനായി ദമ്പതികളെ ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഗർഭിണികൾക്കുവേണ്ടിയുള്ള പഠന പ്രാർത്ഥനാശുശ്രൂഷ**
**നവംബർ 20 ഞായർ**

ശിശുവിന്റെ സ്വഭാവരൂപീകരണം ഗർഭാവസ്ഥയിൽ ആരംഭിക്കുന്നുവെന്ന് തെളിയക്കപ്പെട്ടിരിക്കുന്ന കാലമാണിന്ന്. ഗർഭാവസ്ഥയിൽ നന്നായി ഒരുങ്ങിയും പ്രാർത്ഥിച്ചും സ്വീകരിക്കുന്ന കുഞ്ഞുങ്ങൾ വൈകാരിക പക്വതയുള്ളവരായിത്തീരും. ഇങ്ങനെയുള്ള മക്കൾക്ക് ജന്മം നൽകുന്നതിന് സഹായിക്കുവാനായി തൃശ്ശൂർ ഫാമിലിഅപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഗർഭിണികൾക്കായുള്ള പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിക്കുന്നു. പരസ്പര പങ്കുവയ്പ്പിലൂടെയും പ്രാർത്ഥനയിലൂടെയും ഗർഭകാല സഹനങ്ങൾ രക്ഷാകരമാക്കുവാനുതകുന്ന സാക്ഷ്യങ്ങളും വൈദ്യശാസ്ത്ര മനശാസ്ത്ര വിദ്ഗ്ധരുടെ ഉപദേശങ്ങളും അടങ്ങിയതാണ് ഈ പ്രാർത്ഥനാ കൂട്ടായ്മ. ദൈവമക്കൾക്ക് ജന്മം നൽകുവാൻ സഹായിക്കുന്ന ഈ പ്രാർത്ഥനാ കൂട്ടായ്മയിലേക്ക് എല്ലാ ഗർഭിണികളേയും സ്വാഗതം ചെയ്യുന്നു. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നവംബർ 20-ാം തിയ്യതി രാവിലെ 9.30 മുതൽ 1 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജിയോ തെക്കിനിയത്ത്**
അസോ. ഡയറക്ടർ
8281848383

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ
9605043327

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**ഗർഭഛിദ്രം നടത്തിയവർക്കുവേണ്ടിയുള്ള പരിഹാരബലി**
**നവംബർ 12 ശനി**

കാരുണ്യവർഷത്തിൽ ഗർഭഛിദ്രം നടത്തിയവർക്കും അതിന് കൂട്ടുനിന്നവർക്കും ഈശോയുടെ മുമ്പിൽ കരുണയാചിച്ചുകൊണ്ടുള്ള പരിഹാരബലി നവംബർ 12-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 10 മണിക്ക് തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്ക പള്ളിയിൽ പാപപരിഹാരബലിയർപ്പിക്കുന്നതാണ്. വിശുദ്ധ കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുക തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവായിരിക്കും. തൃശ്ശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പരിഹാരബലിയിൽ സംബന്ധിക്കാൻ എല്ലാവരേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**നന്ദി**
**പ്രോലൈഫ് ടീച്ചേഴ്സ് സെമിനാർ - 2016**

ജീവന്റെ മേഖലയിൽ പുതിയ ഉൾക്കാഴ്ചകൾ ലഭിക്കുവാനും ജനസംഖ്യ ബാദ്ധ്യതയല്ല ആസ്തിയാണ് എന്ന അവബോധം ലഭിക്കുന്നതിനുമായി തൃശ്ശൂർ അതിരൂപതയിലെ ടീച്ചേഴ്സിനുവേണ്ടി 2016 സെപ്റ്റംബർ 21 ബുധനാഴ്ച പ്രോലൈഫ് സെമിനാർ സംഘടിപ്പിച്ചു. അതിരൂപതയിലെ 90 സ്കൂളുകളിൽ നിന്നായി 130 ടീച്ചർമാർ പങ്കെടുത്തു. ഇതിൽ പങ്കെടുത്ത എല്ലാ ടീച്ചർമാർക്കും പറഞ്ഞയച്ച എല്ലാ പ്രധാന അദ്ധ്യാപകർക്കും പ്രത്യേകം നന്ദി.

**നന്ദി**

ഒക്ടോബർ മാസം ഒരുകോടിജപമാല ചൊല്ലി ഭ്രൂണഹത്യക്ക് വിധേയമായ കുഞ്ഞുങ്ങൾക്കും അതിന് കൂട്ടുനിന്നവർക്കും ഈ തിന്മ ചെയ്യുന്നവർക്ക് അതിൽ നിന്ന് മാനസാന്തരമുണ്ടാകാൻ വേണ്ടി ജപമാലയർപ്പിച്ച് പ്രാർത്ഥിച്ച വൈദീകർക്കും സിസ്റ്റേഴ്സിനും ബ്രദേഴ്സിനും ഇടവകജനങ്ങൾക്കും ഏറെ സ്നേഹത്തോടെ നന്ദിയർപ്പിക്കുന്നു.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

# മാതൃവേദി

മാതൃവേദി അംഗങ്ങൾക്കായി മാതാവിനെപറ്റിയുള്ള സെമിനാറിന് റവ.ഡോ.ലോറൻസ് തൈക്കാട്ടിൽ നേതൃത്വം കൊടുത്തു. ഡയറക്ടർ ഫാ.

ഡെന്നി താണിക്കൽ സ്വാഗതം അർപ്പിക്കുകയും മാതൃവേദി പ്രസിഡണ്ട് ശ്രീമതി. ബീന ജോഷി നന്ദി അർപ്പിക്കുകയും ചെയ്തു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി. ബീന ജോഷി**
പ്രസിഡണ്ട്

**ഫാ.ബൈജു കാഞ്ഞിരത്തിങ്കൽ**
അസി.ഡയറക്ടർ

# കുടുംബകൂട്ടായ്മ

**ചർച്ചാപഠനപരിശീലന ക്യാമ്പ്**

**26.11.2016**

ഡിസംബർ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ചചെയ്യാനായി തിരഞ്ഞെടുക്കപ്പെട്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാപഠനക്ലാസ്സ് നവംബർ 26-ാം തിയ്യതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**അഡ്വ.ഡെന്നി സി.ജെ**
ജന.കൺവീനർ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.ഡയറക്ടർ

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ മുൻ പ്രസിഡന്റ് ആയിരുന്ന റവ. മദർ ബെനറ്റ് സി.എം.സി., 15.09.2016 വ്യാഴാഴ്ച നിര്യാതയായി. CNGI ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട്, CNGI പ്രസിഡന്റ് റവ. സി. ദെപ്പാസി CSC, വൈസ് പ്രസിഡന്റ് റവ.സി. ലിസറ്റ് CMC എന്നിവർ സിസ്റ്ററിന് ആദരാഞ്ജലികൾ അർപ്പിച്ച് അനുശോചനം അറിയിച്ചു.

13.10.2016 വൈകീട്ട് 2.30ന് ജൂബിലി മിഷ്യൻ ഹോസ്പിറ്റലിൽ വെച്ച് CNGI യുടെ അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. 2016 നവംബർ 13ന് ഏങ്ങണ്ടിയൂർ എം.ഐ. ഹോസ്പിറ്റലിൽ നടക്കുന്ന 'നൈറ്റിംഗേൽസ് മീറ്റ് 2016' അടുത്ത ഒരുക്കങ്ങൾ കൂടുതൽ ഊർജ്ജിതമാക്കി, CNGI യുടെ ഭാവിപ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

College of Nursing ലും, School of Nursing ലും ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയവരുടെ മാർക്കും, പേരും, അതുപോലെ ആതുര ശുശ്രൂഷാരംഗത്ത് 50 വർഷം പൂർത്തിയാക്കിയ സിസ്റ്റേഴ്സിന്റേയും സ്റ്റാഫ് നേഴ്സുമാരുടെ പേരും ആതു

രസ്ഥാപനങ്ങൾ CNGI ഭാരവാഹികളെ അറിയിക്കുമല്ലോ. കരുണാവർഷത്തിൽ ആതുരശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്ന നൈറ്റിംഗേൽസ് മീറ്റ് – 2016ന്റെ വിജയത്തിനായി ഏവരുടേയും പ്രാർത്ഥനയും, പൂർണ്ണസഹകരണവും പ്രതീക്ഷിക്കുന്നു. ഇന്നേദിനം കരുണാവർഷത്തെ ആസ്പദമാക്കി ഒരു Quiz Competion തയ്യാറാക്കിയിട്ടുണ്ട്. നവംബർ 13ന് സെമിനാറിൽ പങ്കെടുക്കുന്നവരുടെ എണ്ണം മുൻകൂട്ടി അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. സിജോ അരിക്കാട്ട്**
ഡയറക്ടർ

**സി. റൊസീന ഡേവീസ്** FCC
സെക്രട്ടറി

# കത്തോലിക്കാ കോൺഗ്രസ്സ്

**ക്ലീൻ ഹോം– ക്ലീൻ സിറ്റി**

പരിസര ശുചീകരണത്തിലൂടെ നാടിന്റെ ശുചീകരണ പ്രക്രിയയിൽ പങ്കാളികളാകാൻ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ആഹ്വാനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഗാന്ധിജയന്തി ദിനത്തിലാരംഭിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന 'ക്ലീൻ ഹോം – ക്ലീൻ സിറ്റി' പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്ന അദ്ദേഹം. സ്വന്തം വീട്ടിൽ നടത്തുന്ന ശുചീകരണ പ്രവൃത്തിയോടൊപ്പം പൊതുസ്ഥലങ്ങളും വൃത്തിയാക്കുന്നതിനും കത്തോലിക്ക കോൺഗ്രസ്സ് അംഗങ്ങൾ മുന്നിട്ടിറങ്ങണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. തൃശ്ശൂർ അതിരൂപത കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ തൃശ്ശൂർ മാനസികാരോഗ്യകേന്ദ്രത്തിൽ പരിസര ശുചീകരണം നടത്തി.

അതിരൂപത കത്തോലിക്ക കോൺഗ്രസ്സ് അതിരൂപത പ്രസിഡന്റ് പ്രൊഫ. കെ.എം. ഫ്രാൻസീസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ഡയറക്ടർ ഫാ. ജിയോ കടവി, മാനസികാരോഗ്യകേന്ദ്രം ഡയറക്ടർ ഡോ. ശ്രീദേവി, ജനറൽ സെക്രട്ടറി ഡേവീസ് പുത്തൂർ, തൊമ്മി പിടിയത്ത്, പ്രൊഫ. എലിസബത്ത് മാത്യു, ശ്രീമതി ലീല വർഗ്ഗീസ് ടീച്ചർ തുടങ്ങിയവർ സംസാരിച്ചു. ഫ്രാൻസി ആന്റണി, കെ.സി. ഡേവീസ്, വർഗ്ഗീസ് നീലങ്കാവിൽ മിഷ സബാസ്റ്റ്യൻ, അജു തോമസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. ജിയോ കടവി**
ഡയറക്ടർ

**കെ. എം. ഫ്രാൻസീസ്**
പ്രസിഡന്റ്

**ഡേവീസ് പുത്തൂർ**
സെക്രട്ടറി

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**പാരീഷ് ഫെസ്റ്റ് കരിസ്മാറ്റിക് ധ്യാനങ്ങൾ**

കരിസ്മാറ്റിക് നവീകരണം ആരംഭിച്ചതിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഇടവക തലങ്ങളിൽ നടത്തിവരുന്ന കരിസ്മാറ്റിക് ധ്യാനങ്ങൾ കോട്ടപ്പടി, പുറനാട്ടുകര എന്നീ ഇടവകകളിൽ നടന്നു.

സെപ്തംബർ 19, 20, 21 തിയതികളിൽ കോട്ടപ്പടി സെന്റ് ലാസേഴ്സ് ദൈവാലയത്തിൽ നടത്തിയ ധ്യാനം കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം ഉദ്ഘാടനം ചെയ്തു. കരിസ്മാറ്റിക് ആദ്ധ്യാത്മികതയെ കുറിച്ച് ക്ലാസ്സെടുത്തു. സോണൽ കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, സെക്രട്ടറി സെബാസ്റ്റ്യൻ സി.ടി, മുൻ കോ-ഓർഡിനേറ്റർമാരായ എം. എ. ബാബു, ടോണി മുക്കാട്ടുകര, സർവ്വീസ് ടീം അംഗം വിജു സി.ടി. എന്നിവർ വിവധ വിഷയങ്ങളിൽ വചനപ്രഘോഷണം നടത്തി. റവ. ഫാ. അജീഷ് പെരിഞ്ചേരി, റവ. ഫാ. ജോജോ എടത്തിരുത്തി എന്നിവർ ദിവ്യബലിയർപ്പിച്ചു. 265 പേർ പങ്കെടുത്തു. കോട്ടപ്പടി പ്രാർത്ഥനാഗ്രൂപ്പ് ലീഡർ ജോഫി ഫ്രാങ്ക്ളിനും കൂട്ടായ്മയിലെ അംഗങ്ങളും നേതൃത്വം നൽകി.

സെപ്തംബർ 21, 22, 23 തിയതികളിൽ പുറനാട്ടുകര ഇടവക ദൈവാലയത്തിൽ നടത്തിയ ധ്യാനത്തിന് റവ. ഫാ. ഷാജൻ തേർമഠം നേതൃത്വം നൽകി. സോണൽ നേതാക്കളായ സാബുഎം. വർഗ്ഗീസ്, സെബാസ്റ്റ്യൻ സി.ടി, ടോണി മുക്കാട്ടുകര എന്നിവർ ക്ലാസ്സുകൾ നയിച്ചു. റവ. ഫാ. ഡെയ്സൺ മുണ്ടോപുറം, റവ. ഫാ. ജോസ് തെക്കേക്കര, റവ. ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ എന്നിവർ ദിവ്യബലിയർപ്പിച്ചു. ഫാ. രഞ്ജിത്ത് സി.എം.ഐ. അഭിഷേകാരാധന നയിച്ചു. 165 പേർ പങ്കെടുത്തു.

**സോണൽ സർവ്വീസ് ടീം സന്ദർശനങ്ങൾ**

സെപ്തംബർ 25ന് പുത്തൂർ സബ്സോണിലെ സോണൽ സർവ്വീസ് ടീമിന്റെ സന്ദർശനം മരോട്ടിച്ചാൽ ഇടവക പള്ളിയിൽ നടന്നു. സർവ്വീസ് ടീം കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് അംഗങ്ങളായ ഷെവ.സണ്ണി തെക്കാനത്ത്, സി.ടി. വിജു. എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. 'ആരാണ് കരിസ്മാറ്റിക്'? എന്ന വിഷയത്തെക്കുറിച്ച് സാബു എം. വർഗ്ഗീസും മദ്ധ്യസ്ഥ പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ച് ഷെവ. സണ്ണിയും ക്ലാസ്സുകൾ നടത്തി. സബ്സോൺ ആനിമേറ്റർ റവ. ഫാ. ഷിജു ചിറ്റിലപ്പിള്ളി സന്ദേശം നൽകി. സബ്സോൺ കോ-ഓർഡിനേറ്റർ ജോർജ്ജ് ചാണ്ടി, കെ. എ. സി. അംഗം എൽസി ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

**കെ.എസ്.ടി.യുടെ ധ്യാന കേന്ദ്രസന്ദർശനം**

കേരളത്തിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വം വഹിക്കുന്ന കെ.സി.ബി.സി.കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറിയും കെ.എസ്.ടി. ചെയർമാനുമായ റവ. ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ കെ.എസ്.ടി. സെക്രട്ടറി സെബാസ്റ്റ്യൻ താണിക്കൽ എന്നിവർ അതിരൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, സെക്രട്ടറി സി.ടി. സെബാസ്റ്റ്യൻ സർവ്വീസ് ടീം അംഗം ഷെവ.സണ്ണി തെക്കാനത്ത് എന്നിവരോടൊപ്പം തൃശ്ശൂർ അതിരൂപതയിലെ എല്ലാ ധ്യാനകേന്ദ്രങ്ങളും സന്ദർശിച്ചു. സെപ്തംബർ 26ന് രാവിലെ പഴുവിൽ സെന്റ് മേരീസ് ധ്യാനകേന്ദ്രത്തിൽ നിന്നും ആരംഭിച്ച സന്ദർശന പരിപാടി കുറുമാൽ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ വൈകീട്ട് 7.00 മണിയോടെ സമാപിച്ചു. ചിയ്യാരം ഗലീലി, വി. എവുപ്രാസ്യ ധ്യാന കേന്ദ്രം, ഒല്ലൂർ, ജോർദ്ദാനിയ നെടുപുഴ, തലോർ ജറുസലേം, പട്ടിക്കാട് ആത്മജ്യോതി, പഴയന്നൂർ കല്ലംകുളം നോബർടൈൻ തുടങ്ങിയ ധ്യാനകേന്ദ്രത്തിലെ ഡയറക്ടർമാരുമായി ചെയർമാനച്ചൻ ആശയ വിനിമയം നടത്തി.

**പാരീഷ് മിനിസ്ട്രിയുടെ ഏകദിന കൂട്ടായ്മ**

പാരീഷ് മിനിസ്ട്രിയുടെ പ്രതിമാസ ഏകദിന കൂട്ടായ്മ ഒക്ടോബർ 3 തിങ്കളാഴ്ച ആബാ ധ്യാനകേന്ദ്രത്തിൽ നടന്നു. രാവിലെ 10ന് ജപമാലയോടെ ആരംഭിച്ച കൂട്ടായ്മയിൽ റവ. ഫാ. സൈജോ തൈക്കാട്ടിൽ വചന സന്ദേശം നൽകി. ആബാ റിന്യൂവൽ സെന്റർ അസി.ഡയറക്ടർ റവ.ഫാ. ഡൊമിനിക് ചാഴൂർ വി. ബലിയർപ്പിച്ചു. കൂട്ടായ്മക്ക് മിനിസ്ട്രി കോ-ഓർഡിനേറ്റർ റോയ് ടി.ഒയും സർവ്വീസ് ടീമംഗങ്ങളും നേതൃത്വം നൽകി.

**സബ്സോൺ ആനിമേറ്റേഴ്സ് കൂട്ടായ്മ**

ഫൊറോന തലങ്ങളിലെ ആനിമേറ്റർമാരായ വൈദീകരുടെ കൂട്ടായ്മ ഒക്ടോബർ 3ന് രാവിലെ10.30 മുതൽ 2 മണി വരെ ആബാധ്യാനകേന്ദ്രത്തിൽ നടന്നു. ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം, അസി. ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടി, കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് എന്നിവരും സർവ്വീസ് ടീമംഗങ്ങളും നേതൃത്വം നൽകി.

വചന പ്രഘോഷകർ , ആത്മീയ ഉപദേശകർ എന്നിവർക്കുള്ള അംഗീകാര പത്ര വിതരണം ഫൊറോന (സബ്സോൺ തലങ്ങളിൽ നടത്തുന്നതിന് തീരുമാനിച്ചു. പരമാവധി ഇടവകകളിൽ ജൂബിലിയോടനുബന്ധിച്ച് പാരീഷ് ഫെസ്റ്റുകൾ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**സോണൽ സർവ്വീസ് ടീം ഭവന കൂട്ടായ്മ**

ഭവന കൂട്ടായ്മ ഒക്ടോബർ 5 ബുധനാഴ്ച രാവിലെ 11 മുതൽ 2 മണി വരെ എറവ് ഇടവകയിലെ വിൻസെന്റ് ചിറയത്ത് ഭവനത്തിൽ നടത്തിൽ. ഡയറക്ടറച്ചൻ നേതൃത്വം നൽകി.

**ദേശീയ മധ്യസ്ഥ പ്രാർത്ഥനാ ദിനം**

മധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രിയുടെ ദേശീയ മദ്ധ്യസ്ഥ പ്രാർത്ഥന ദിനത്തോടനുബന്ധിച്ചിട്ടുള്ള ഏകദിന കൂട്ടായ്മ ആബാ റിന്യൂവൽ സെന്ററിൽ സെപ്തംബർ 30 വെള്ളിയാഴ്ച 10 മുതൽ 3.30 വരെ നടന്നു. മിനിസ്ട്രി ആനിമേറ്റർ ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ, മിനിസ്ട്രി – കോ-ഓർഡിനേറ്റർ പി. ഐ. പോൾ, സർവ്വീസ് ടീം അംഗം ഷെവ. സണ്ണി തെക്കാനത്ത് എന്നിവർ നേതൃത്വം നൽകി. വി.കുർബ്ബാന, വചന ശുശ്രൂഷ, മദ്ധ്യസ്ഥ പ്രാർത്ഥന, ദിവ്യ കാരുണ്യാരാധന എന്നിവയുണ്ടായിരുന്നു.

| **സാബു എം. വർഗ്ഗീസ്** | **സി.ടി. സെബാസ്റ്റ്യൻ** | **ഫാ. ഷാജൻ തേർമഠം** |
|---|---|---|
| കോ-ഓർഡിനേറ്റർ | സെക്രട്ടറി | ഡയറക്ടർ |

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 703-ാമതും, കൂരിയായുടെ 716-ാമതും സമ്മേളനം 2016 ഒക്ടോബർ 2 ഞായറാഴ്ച കമ്മീസിയം പ്രസിഡണ്ട് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലന്റെ സാന്നിദ്ധ്യത്തിലും പ്രാരംഭ പ്രാർത്ഥനയോടും, ജപമാലയോടും കൂടി പാസ്റ്ററൽ സെന്ററിലുള്ള ഓഫീസ് മുറിയിൽവെച്ച് കൂടുകയുണ്ടായി.

ബ്ര. പ്രസിഡണ്ട് ജ്ഞാനവായന നടത്തിയതിനുശേഷം സെക്രട്ടറി മുൻമാസ റിപ്പോർട്ടും ട്രഷറർ വരവ്-ചിലവ് കണക്കും വായിച്ചത് യോഗം അറിയിച്ചു. സെക്രട്ടറി ഹാജർ വിളിച്ചതിനുശേഷം ബ്ര. പ്രസിഡണ്ട് എല്ലാ മരിയ സൈനികരേയും പുതിയ പ്രസീദിയം ഭാരവാഹികളേയും പുതിയ കൂരിയ ഭാരവാഹികളേയും പ്രത്യേകം സ്വാഗതമാശംസിച്ചു.

സൈനിക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. ജോൺ മൂലൻ പ്രഭാഷണം നടത്തി.

പള്ളിക്കുന്ന് പ്രസീദിയം ഒക്ടോബർ 11ന് കൂരിയയായി ഉയർത്തുന്നതാണെന്നും അതിരൂപത വികാരി ജനറാൽ മോൺ തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്യുന്നതാണെന്നും അറിയിച്ചു.

കമ്മീസിയത്തിന്റെ വാർഷിക റീയൂണിയനോടനുബന്ധിച്ച് നവംബർ 13 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 5 മണിവരെ സമയത്ത് ലേഖനം, ചെറുകഥ, പൊതുവിജ്ഞാനം, നിയമ ഗ്രന്ഥം, ക്വിസ് മത്സരം എന്നിവ സെന്റ് തോമസ് കോളേജ് സയൻസ് ബ്ലോക്കിൽ വെച്ച് നടത്തുന്നതാണെന്നു വിജയികൾക്ക് അഭിവന്ദ്യപിതാവിൽ നിന്നും സമ്മാനം വാർഷിക റിയൂണിയൻ ചടങ്ങിൽ വെച്ച് നൽകുന്നതാണെന്നും അറിയിച്ചു.

തൃശ്ശൂർ കമ്മീസിയത്തിന്റെ 56-ാമത് വാർഷിക റിയൂണിയൻ 2016 ഡിസംബർ 11 ഞായറാഴ്ച സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നതാണ്.

കമ്മീസിയത്തിന്റെ 2016-2019 വർഷത്തെ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു. ഭാരവാഹികളെ ഒരാൾ നിർദ്ദേശിക്കുകയും മറ്റൊരാൾ പിൻതാങ്ങുകയും ചെയ്തുകൊണ്ടാണ് ഭാരവാഹികളെ തിരഞ്ഞെടുക്കപ്പെട്ടത്.

| | | |
|---|---|---|
| പ്രസിഡന്റ് | - ബ്ര.കെ. പി. ജോയ്, | - ഒല്ലൂർ |
| വൈ.പ്രസിഡന്റ് | - സി. എൽസി. ജോണി | - അരിമ്പൂർ |
| സെക്രട്ടറി | - ബ്ര. പി.സി. കുരിയപ്പൻ | - പറവട്ടാനി |
| ജോ.സെക്രട്ടറി | - റോസിലി ജോസഫ് | - കുരിയച്ചിറ |
| ട്രഷറർ | - ബ്ര. ജിമ്മി റാഫേൽ | - പുതുക്കാട്, |

പുതിയ ഭാരവാഹികളുടെ നിയമനം ആദ്ധ്യാത്മിക നിയന്താവ് പ്രഖ്യാപിക്കുകയും ചെയ്തു. മുൻ വർഷങ്ങളിൽ കമ്മീസിയം ഭാരവാഹികളായി പ്രവർത്തിച്ച ഒരോരുത്തരേയും പ്രത്യേകം നന്ദി പറയുകയും ചെയ്തു.

അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവ്വാദത്തിനുശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സി.സി. വാർത്തകൾ

1. പുതുക്കാട് ഏരിയ കൗൺസിൽ പ്രസിഡണ്ടായി ബ്ര. ജോസ് ജെ മഞ്ഞളി സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. മുൻ എ.സി. പ്രസിഡണ്ട് ബ്ര. കെ. കെ. പോൾസൺ സി.സിയുടെ നന്ദി രേഖപ്പെടുത്തി.
2. സി.സിയുടെ 68-ാം വാർഷികത്തിന് ആതിഥേയത്വം വഹിച്ച മുല്ലശ്ശേരി പുരുഷ-വനിത-ജൂനിയർ കോൺഫ്രൻസുകൾക്കും ഇടവക വികാരിയച്ചനും കണ്ടശ്ശാംകടവ് ഏരിയ കൗൺസിലിനും സെൻട്രൽ കൗൺസിലിന്റെ നന്ദി അറിയിച്ചു.
3. പുതുക്കാട് എ.സിയിലെ വേലൂപ്പാടം ദൈവാലയത്തിൽ സെന്റ് മാർത്താ വനിത കോൺഫ്രൻസും ചിറ്റിശ്ശേരി ദൈവാലയത്തിൽ സെന്റ് മദർ തെരേസ വനിത കോൺഫ്രൻസും ആരംഭിച്ചു.
4. കൗൺസിൽ ജനറൽ ഇന്റർനാഷണലിന്റെ അംഗീകാരം ലഭിച്ച 7 കോൺഫ്രൻസുകൾക്കുള്ള അഗ്രിഗേഷൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.
5. കാരുണ്യ സ്പർശം ചികിത്സ ഫണ്ടിലേക്ക് ഓരോ വിൻസെൻഷ്യൻ അംഗത്തിന്റെയും ഒരു ദിവസത്തെ വേദനം നൽകുന്നതിനായുള്ള കവറുകൾ വിതരണം ചെയ്തു. ഇതിൽ സംഖ്യ നിക്ഷേപിച്ച് 11/12/2016 വിൻസെൻഷ്യൽ സംഗമത്തിൽ എ.സി. പ്രസിഡണ്ടുമാർ തിരിച്ചേൽപ്പിക്കണമെന്ന യോഗത്തിൽ അറിയിച്ചു.
6. വിൻസെൻഷ്യൽ പ്രവർത്തനങ്ങളെക്കുറിച്ച് ശാലോം ടി.വി. ഡോക്യുമെന്ററി പ്രക്ഷേപണം ചെയ്തതിൽ സെൻട്രൽ കൗൺസിൽ യോഗം സന്തുഷ്ടി പ്രകടിപ്പിച്ചു.
7. 08.10.2016 ശനിയാഴ്ച സി. സി. വനിത യോഗം നടത്തി. വനിത കോൺഫ്രൻസുകളുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് തീരുമാനിച്ചു. വനിത അംഗങ്ങൾക്ക് വേണ്ടി ബൊക്കെ നിർമ്മാണ പരിശീലന ക്ലാസ്സ് നടത്തുവാൻ തീരുമാനിച്ചു. സി.സി. വൈ. പ്രസിഡണ്ട് ബ്ര. പോളി ജോസ് വി. യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സി. റീന ജെയിംസ് റിപ്പോർട്ട് അവതരിപ്പിച്ചു. സി.സി. സെക്രട്ടറി ബ്ര. കെ. കെ. പോൾസൺ ആശംസകൾ നേർന്നു.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **ബ്ര. പോൾസൺ കെ. കെ.** |
| സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് | പ്രസിഡണ്ട് | സെക്രട്ടറി |

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**1. മുൻസർക്കാരിന്റെ മദ്യനയം അട്ടിമറിക്കരുത് – മോസ്റ്റ് റവ. ജോസഫ് കാരിക്കശ്ശേരി**

മുൻ യു.ഡി. എഫ്. സർക്കാരിന്റെ മദ്യനയം പുതിയ സർക്കാർ അട്ടിമറിക്കരുതെന്ന് കോട്ടപ്പുറം രൂപത മെത്രാൻ മോസ്റ്റ് റവ. ജോസഫ് കാരിക്കശ്ശേരി ഉറച്ചസ്വരത്തിൽ ആവശ്യപ്പെട്ടു. അതിരൂപതാ മദ്യവിരുദ്ധ സമിതിയുടെ 19–ാം വാർഷികം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കുരിയച്ചിറ സുവർണ്ണ ഓഡിറ്റോറിയത്തിൽ ഒക്ടോബർ ഒന്നിന് അരങ്ങേറിയ പ്രസ്തുത സമ്മേളനത്തിൽ പ്രസിഡണ്ട് എം.കെ. ബാബു അദ്ധ്യക്ഷത വഹിച്ചു. വികാരി. ജനറാൾ മോൺ തോമസ് കാക്കശ്ശേരി അനുഗ്രഹപ്രഭാഷണം നടത്തി. ബോധവൽക്കരണ ക്ലാസ്സ് നയിച്ചത് കൂത്തുപറമ്പ് ആയുർവേദ ഹോസ്പിറ്റിൽ അഡ്മിനിസ്ട്രേറ്റർ സി. ഡോ. ആൻസി എസ്. എച്ച് ആണ്. സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജെയ്ക്കബ് വെള്ള മരുതുങ്കൽ മുഖ്യപ്രഭാഷണം നടത്തി. ഡയറക്ടറച്ചൻ സ്വാഗതവും ജനറൽ കൺവീനർ ആന്റണി പന്തല്ലൂക്കരാൻ നന്ദിയും പ്രകാശിപ്പിച്ചു. ശ്രീ. ജെയിംസ് മുട്ടിക്കൽ, പ്രൊഫ. അന്നം ജോൺ, പി. പി. ഡേവീസ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. പ്രാർത്ഥന നയിച്ചത് ആനിമേറ്റർ സി. റോസ്‌ലിൻ എഫ്. സി. സി. യാണ്. സെക്രട്ടറി റപ്പായി മേച്ചേരി വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയുണ്ടായി. അഞ്ഞൂറോളം പേർ പങ്കെടുത്തു. സമ്മേളനം ഉച്ചഭക്ഷണത്തോടെ പര്യവസാനിച്ചു. നെല്ലങ്കര യൂണിറ്റിന്റെ ലഘുനാടകവും, ഒല്ലൂർ ഫൊറോനയുടെ മദ്യവിരുദ്ധ പ്രദർശനവും മനോഹരവും ഫലപ്രദവുമായി. വാർഷികാഘോഷം വിജയിപ്പിക്കാൻ സഹകരിച്ചവർക്കും നേതൃത്വം നല്കിയവർക്കും വളരെയേറെ നന്ദി.

**2. നിയമാവലിയിൽ ഭേദഗതികൾ**

മദ്യവിരുദ്ധ സമിതിയുടെ നിയമാവലി പരിഷ്ക്കരണത്തിനു രൂപം കൊടുത്ത കമ്മിറ്റി തയ്യാറാക്കിയ നിർദ്ദേശങ്ങൾ യൂണിറ്റുകളിലും ജനറൽ ബോഡിയിലും ചർച്ച ചെയ്തതിനുശേഷം അംഗീകാരത്തിനായി അതിരൂപത കച്ചേരിയിൽ സമർപ്പിച്ചിരുന്നു. ആയതിന് അതിരൂപതാ കാര്യാലയത്തിൽ നിന്നും അനുവാദം ലഭിച്ചുവെന്ന് സസന്തോഷം അറിയിക്കട്ടെ. അടുത്ത തെരഞ്ഞെടുപ്പു മുതൽ പാലിക്കേണ്ടതായ ആ പുതിയ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. ഭരണസമിതിയുടെ കാലാവധി 3 വർഷമായിരിക്കും
2. ഭരണസമിതിയിൽ ഒരു വൈസ് പ്രസിഡണ്ട്, ഒരു ജോയിന്റ് സെക്രട്ടറി എന്നിവർ വനിതകളായിരിക്കും.
3. അതിരൂപതാ സ്ഥാനങ്ങളിൽ ഒഴിവുവരുമ്പോൾ തൊട്ടടുത്ത ജനറൽ ബോഡി യോഗത്തിൽ നിന്ന് ആ ഒഴിവ് നികത്തണം.

4. 3 കൗൺസിലർമാരിൽ ഒരാൾ വനിതയും ഒരാൾ പുരുഷനും മറ്റൊരാൾ 35 വയസ്സിനു താഴെയുള്ള യുവ പ്രതിനിധിയുമായിരിക്കണം.
5. ഇന്റേണൽ ഓഡിറ്റർമാരുടെ കാലാവധി മൂന്നുവർഷമായിരിക്കും
6. ഒരു വ്യക്തി ഭരണസമിതിയിൽ ഒരേ സ്ഥാനത്ത് തുടർച്ചായി രണ്ടുതവണയിൽ കൂടുതൽ തുടരരുത്.
7. ഒരു വ്യക്തിയെ വ്യത്യസ്ത കാലഘട്ടങ്ങളിലാണെങ്കിൽ പോലും മൂന്നുതവണയിൽ കൂടുതൽ അതിരൂപതാ ഭരണസമിതിയിലേക്ക് ഭാരവാഹിയായി തെരഞ്ഞെടുക്കാൻ പാടില്ല.
8. അതിരൂപതാ ജനറൽ കൗൺസിലിൽ നിന്ന് 35 വയസ്സിനു താഴെയുള്ള ഒരു വ്യക്തിയെ യൂത്ത് കോ-ഓഡിനേറ്ററായി തെരഞ്ഞെടുക്കണം. ഈ വ്യക്തിക്ക് കോർ കമ്മിറ്റിയിൽ അംഗത്വം ഉണ്ടായിരിക്കില്ല.
9. അതിരൂപതയിലെ മറ്റ് ഏതെങ്കിലും സംഘടനയുടെ അതിരൂപതാ ഭാരവാഹിത്വം ഉള്ളവർ മദ്യവിരുദ്ധ സമിതിയുടെ അതിരൂപതാ ഭാരവാഹിത്വത്തിലേക്ക് പരിഗണിക്കപ്പെടരുത്.
10. ഭാരവാഹിത്വത്തിൽ നിന്ന് രാജിവച്ചൊഴിയുകയോ പുറത്താക്കപ്പെടുകയോ ചെയ്യുന്ന വ്യക്തിക്ക് തൊട്ടടുത്തുവരുന്ന അതിരൂപത പൊതുതെരഞ്ഞെടുപ്പിൽ മത്സരിക്കാൻ യോഗ്യത ഉണ്ടാകില്ല.
11. ഒരു കലണ്ടർ വർഷത്തിൽ കുറഞ്ഞത് 6 അതിരൂപതാ എക്സിക്യൂട്ടീവ് യോഗങ്ങളിലെങ്കിലും പങ്കെടുക്കാത്ത അംഗത്തിന് അതിനാൽ തന്നെ എക്സിക്യൂട്ടീവ് പദവി നഷ്ടപ്പെടുന്നതാണ്.
12. ഒരു കലണ്ടർ വർഷത്തിൽ 3 അതിരൂപതാ എക്സിക്യൂട്ടീവ് യോഗങ്ങളിൽ സംബന്ധിക്കാത്ത ഭാരവാഹികൾക്ക് അതിനാൽ തന്നെ പ്രസ്തുത സ്ഥാനത്ത് തുടരാൻ സാധിക്കുന്നതല്ല.

**3. പ്രത്യേക അറിയിപ്പുകൾ**

**എ.** വാർഷിക പദ്ധതി 2016 പ്രകാരം നവംബർ 6, 13 എന്നീ തിയതികളിൽ യൂണിറ്റു തല തെരഞ്ഞെടുപ്പു നടത്തേണ്ടതാണ്. ആത്മാർത്ഥതയും കാര്യപ്രാപ്തിയുമുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുക. പുതിയ ഭാരവാഹികളുടെ പേരും വിലാസവും ഫോൺ നമ്പറുൾപ്പെടെ വികാരിയച്ചന്റെ ഒപ്പോടുകൂടി നവംബർ 15ന് മുമ്പ് ഓഫീസിൽ ഏൽപ്പിച്ചിരിക്കണം.

**ബി.** നവംബർ 20 നും ഡിസംബർ 4നും ഇടയ്ക്ക് ഫൊറോന തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതാണ്.

**സി.** മേഖലാ-അതിരൂപത സമ്മേളനങ്ങൾ സംഘടിപ്പിക്കാൻ സഹകരിച്ചവർക്ക് ഒരിക്കൽ കൂടി നന്ദി. പുസ്തകത്തിന്റെ കണക്കുകൾ തീർക്കാത്ത യൂണിറ്റുകൾ എത്രയും വേഗം ഈ കുടിശ്ശിക അടക്കുമല്ലോ.

| | |
|---|---|
| **ഡേവീസ് പി. പി.** | **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** |
| പി. ആർ. ഒ. | ഡയറക്ടർ |

# അതിരൂപത ഗായക സംഘം

അതിരൂപതാ ഗായക സംഘത്തിന്റെ ഇടവകതലത്തിലുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഒക്ടോബർ മാസത്തിൽ നടന്നു. ഏതെങ്കിലും ഇടവകകളിൽ തെരഞ്ഞെടുപ്പ് നടക്കാനുണ്ടെങ്കിൽ നവംബർ 6ന് മുമ്പെങ്കിലും അത് നടത്തുവാൻ ബഹു. വികാരിയച്ചന്മാരുടെ സഹായം അഭ്യർത്ഥിക്കുന്നു. യൂണിറ്റു പ്രസിഡണ്ടുമാർ ഇതിനുവേണ്ട സജ്ജീകരണങ്ങൾ ചെയ്യേണ്ടതാണ്. അതിനായി അതിരൂപത ഭാരവാഹികളെ ബന്ധപ്പെടുക.

**സംഗീത ജപമാല – റോസ്മിസ്റ്റിക്ക**

അതിരൂപതാ ഗായകസംഘത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന സംഗീത ജപമാല റോസ മിസ്റ്റിക്ക 2.10.2016ന് ലൂർദ്ദ് കത്തീഡ്രലിൽ നടന്നു. ഒക്ടോബർ മാസത്തിൽ വില്ലടം, കൊട്ടേക്കാട്, മഡോണ നഗർ, ചൂലിശ്ശേരി, മരിയാപുരം, എന്നീ ഇടവകകകളിൽ റോസ മിസ്റ്റിക്ക ഉണ്ടായിരിക്കുന്നതാണ്.

എന്ന്

| സെക്രട്ടറി | പ്രസിഡണ്ട് | ഡയറക്ടർ |
|---|---|---|
| **വർഗ്ഗീസ് ആന്റണി** | **ടോണി പന്ത്രണ്ടിൽ** | **ഫാ. പോൾ പുളിക്കൻ** |

# കലാസദൻ

അതിരൂപത കലാസദൻ ഇമ്പമാർന്ന അനശ്വര ഗാനങ്ങൾ കോർത്തിണക്കി ഒരു വർഷക്കാലയളവിൽ 5 വ്യത്യസ്ത പരിപാടികൾ 'തേൻതുള്ളികൾ' എന്ന പേരിൽ ഒരുക്കുന്നു.

ഏകദേശം രണ്ടുമാസത്തെ ഇടവേളകളിൽ ഞായറാഴ്ചകളിൽ ഒരുക്കുന്ന ഈ സംഗീത പരമ്പരയിലെ ആദ്യപരിപാടി 'സ്മൃതി മധുരം' (1980ന് മുൻപുള്ള മലയാള ചലചിത്ര അനശ്വരഗാനങ്ങൾ) 2016 നവംബർ 6ന് വൈകീട്ട് 6 മണിക്ക് തൃശ്ശൂർ റീജ്യണൽ തിയ്യറ്ററിന്റെ എ.സി. ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 പേർക്കാണ് ഈ സംഗീത കൂട്ടായ്മയിലേക്ക് പ്രവേശനം . അതിരൂപതാ സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പരിപാടി ഉദ്ഘാടനം ചെയ്യും. അംഗങ്ങൾക്കുമാത്രമായി ഒരുക്കുന്ന ഈ അഞ്ചു പരിപാടികൾക്കുമായി ഒരാൾക്ക് പ്രവേശിക്കാവുന്ന 2000 രൂപയുടെ സാധാരണ അംഗത്വത്തിനും വി.ഐ.പി. ലോഞ്ചിൽ 2 പേർക്ക് പ്രവേശിക്കാവുന്ന പേട്രൺ അംഗത്വത്തിനും അവസരമുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് കലാസദൻ ഓഫീസുമായി ബന്ധപ്പെടുക : 0487–2336306, 9447111998, 9847136627, 984796758

**ജേക്കബ്ബ് ചെങ്ങലായ്** **ഫാ. പോൾ പുളിക്കൻ**

# ജീസസ്സ് യൂത്ത്

**ഒല്ലൂർ**

സെപ്തംബർ 15 മുതൽ 17 വരെ ഒല്ലൂർ സബ്സോണിന്റെ ആഭിമുഖ്യത്തിൽ തൈക്കാട്ടുശ്ശേരി ഫാ. ജോൺ അക്കര സ്പെഷൽ സ്കൂളിൽ വെച്ച് നടത്തിയ “മിസരികോർദിയ’ ധ്യാനത്തിന് 50 പേർ പങ്കെടുക്കുകയുണ്ടായി.

**ബസിലിക്കാ സബ്സോൺ**

ബസിലിക്കാ സബ്സോണിന്റെ നേതൃത്വത്തിൽ ഒക്ടോബർ 9 മുതൽ 12 വരെ എൽത്തുരുത്ത് സെന്റ് അലോഷ്യസ് കോളേജിൽ “എഫ്ഫാത്ത” ധ്യാനത്തിന് സാക്ഷ്യം വഹിച്ചു. 215 പേർ ധ്യാനത്തിൽ പങ്കെടുത്തു.

മറ്റം സബ്സോൺ

2016 ഒക്ടോബർ 9 മുതൽ 12 വരെ ജീസസ്സ് യൂത്ത് മറ്റം സബ്സോണിന്റെ ആഭിമുഖ്യത്തിൽ ചൂണ്ടൽ LIG ഹൈസ്കൂളിൽ വെച്ച് EIOS 2016 എന്ന യുവ ജന ധ്യാനം നടന്നു. നൂറോളം പേർ ധ്യാനത്തിൽ പങ്കെടുത്തു.

**വേലൂർ സബ്സോൺ**

സെപ്തം 14 മുതൽ 18 വരെ വേലൂർ ഫൊറോന Jesus Youth ലീഡേഴ്സിനായി STREOUT 2016 എന്ന പേരിൽ സെന്റ് അസ്സീസി ഇംഗ്ലീഷ് മീഡിയം സ്കൂൾ തലക്കോട്ടുകരയിൽ വെച്ച് നടത്തുകയുണ്ടായി. 50 ഓളം വരുന്ന ജീസസ്സ് യൂത്ത് ലീഡേഴ്സ് പങ്കെടുത്തു.

**പാലയൂർ സബ്സോൺ**

ആർത്താറ്റ് ഹോളിക്രോസ് സ്കൂളിൽ സെപ്തംബർ 14 മുതൽ 17 വരെ പാലയൂർ സബ്സോണിന്റെ നേതൃത്വത്തിൽ എസക്കിയേൺ എന്ന യുവജന ധ്യാനം നടത്തപ്പെട്ടു. 56 ഓളം പേർ ധ്യാനത്തിൽ പങ്കെടുത്തു.

**ലൂർദ്ദ് സബ്സോൺ**

ജീസസ്സ് യൂത്ത് ലൂർദ്ദ് സബ്സോണിന്റെ നേതൃത്വത്തിൽ 2016 ഒക്ടോബർ 9-ാം തിയതി മുതൽ 12-ാം തിയതി വരെ നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിൽ നടത്തിയ “എൽറോയ്” യുവജന ധ്യാനത്തിന് 150 പേർ പങ്കെടുക്കുകയുണ്ടായി.

അസി. ഡയറക്ടർ
**ഫാ. ബിനോയ് ചിറ്റിലപ്പിള്ളി**

ഡയറക്ടർ
**ഫാ. ഫ്രാൻസീസ് ആളൂർ**

കോ- ഓർഡിനേറ്റർ
**ഡെന്നി ഡേവീസ്**

# ചിൽഡ്രൻസ് മിനിസ്ട്രി

ഫോൺ 0487 2325336, 9947582522

**തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി എൽ സി**

തിരുബാലസംഖ്യ വാർഷിക റിപ്പോർട്ടിന്റെ ഫോമും, മിഷൻ കളക്ഷൻ കവറുകളും, ജൂനിയർ സി. എൽ. സി വാർഷിക റിപ്പോർട്ടിന്റെ ഫോമും, ജീസസ് ബർത്തഡേ കൂപ്പണും, അൾത്താരസംഘ വാർഷിക റിപ്പോർട്ടിന്റെ ഫോമും, Prayer Friend Collection cover, ഇതുവരെയും കൊണ്ടുപോകാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് എത്രയും വേഗം കൈപറ്റേണ്ടതാണ്. ഓഫീസ് സമയം രാവിലെ 9.30 മുതൽ 5.00 വരെ.

**ഉണ്ണീശോയ്ക്കൊരുമ്മ**

ഡിസംബർ 1 മുതൽ 25-ാം തീയ്യതി വരെ ക്രിസ്മസിന് ആത്മീയമായി ഒരുങ്ങുന്നതിനുള്ള ഉണ്ണീശോയ്ക്കൊരുമ്മ എന്ന നോട്ടീസിന്റെ കൂടുതൽ കോപ്പികൾ വേണ്ട യൂണിറ്റുകൾ മുൻകൂട്ടി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്.

**ഏകദിന ക്യാമ്പുകൾ**

**നവംബർ 19 ശനിയാഴ്ച തിരുബാലസംഖ്യം** ആനിമേറ്റേഴ്സിനും **നവംബർ 26 ശനിയാഴ്ച അൾത്താരസംഘത്തിന്റെയും, ജൂനിയർ സി എൽ സി**യുടെയും ആനിമേറ്റേഴ്സിനും, ലീഡേഴ്സിനുമായി ഏകദിനക്യാമ്പ് ഡി ബി സി എൽ സി യിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. രാവിലെ 9.30 മുതൽ 4 മണി വരെയായിരിക്കും ഉണ്ടായിരിക്കുക.

**Saints Quiz 2016**

ഇടവക തലത്തിൽ സെയിന്റ്സ് ക്വിസ്സ് ഒക്ടോബർ 30 ന് നടത്തേണ്ടതാണ്. അതിന് വേണ്ട ചോദ്യപേപ്പർ കിട്ടാത്ത ഇടവകകളിലെ വൈദികരോ, ഹെഡ്മാസ്റ്റർ അല്ലെങ്കിൽ അവർ നിയമിക്കുന്ന ടീച്ചർമാർ വന്ന് ചിൽഡ്രസ് മിനിസ്ട്രി ഓഫീസിൽ നിന്ന് കൈപറ്റേണ്ടതാണ്. സെയിന്റ്സ് ക്വിസ്സ് 2016 പഠന സഹായി അതിരൂപതാ ബുക്ക് സ്റ്റാളിലും, ചിൽഡ്രസ് മിനിസ്ട്രി ഓഫീസിലും ലഭ്യമായിരിക്കും. 10 രൂപയ്ക്കാണ് പഠനസഹായി വില്ക്കപ്പെടുക. ഫൊറോന തലം ഡിസംബർ 11 ഞായറാഴ്ച ഫൊറോന കേന്ദ്രത്തിലും, അതിരൂപതാ തലം 2017 ജനുവരി 14, ശനിയാഴ്ച ആയിരിക്കും മത്സരങ്ങൾ നടത്തപ്പെടുന്നത്.

**ബൈബിൾ പൂക്കളേഴ്സ്**

ഓണാഘോഷത്തോടനുബന്ധിച്ച് അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ ഹയർ സെക്കഡറി സ്കൂളിൽ വച്ച് നടത്തിയ **ബൈബിൾ പൂക്കളേഴ്സ് പൂക്കള മത്സര**ത്തിൽ 26 ഇടവകകൾ പങ്കെടുത്തു. ചിയ്യാരം വിജയമാതാ ഇടവക ഒന്നാം സ്ഥാനവും, ചെങ്ങാലൂർ മൗണ്ട് കാർമൽ ഇടവക രണ്ടാം സ്ഥാനവും വില്ലടം സെന്റ് തോമസ് ഇടവക മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കുറുമാൽ, കുരിയച്ചിറ, അമ്മാടം, പൊങ്ങണംകാട്, ബസിലിക്ക, കാഞ്ഞാണി, നെല്ലങ്കര, പെരിഞ്ചേരി, വേലൂപ്പാടം,വെങ്ങിണിശ്ശേരി ഇടവകകൾ പ്രോത്സാഹന സമ്മാനങ്ങൾക്കും അർഹരായി. വിജയികൾക്കേവർക്കും അഭിനന്ദനങ്ങൾ!

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** ദൈവമാണു നമ്മുടെ അഭയവും ശക്തിയും; കഷ്ടതകളിൽ അവിടുന്ന് സുനിശ്ചിതമായ തുണയാണ്. **(സങ്കീർത്തനങ്ങൾ 46.1)**

**സുകൃതജപം:** കർത്താവാണ് എന്റെ ഇടയൻ

**പ്രാർത്ഥനാ നിയോഗം:** സകല മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. ജോൺ പോൾ രണ്ടാമൻ (**ഒക്ടോബർ 22**)

**പ്രവർത്തി:** വിശുദ്ധ ബലിയിൽ സജീവമായി പങ്കെടുക്കുക

**കോഡിനേറ്റർ** — **സി. റെജി SSPC**

**ഡയറക്ടർ** — **റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ**

ആദരാഞ്ജലികളോടെ...



# മാർ ജോർജ്ജ് ആലപ്പാട്ട്

നവംബർ 6

പാവനസ്മരണകളോടെ :

തൃശ്ശൂർ അതിരൂപത

Registered R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.10.2016
**Nov. 2016**




Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005